# നിത്യസൗഖ്യം

വെള്ളിയാൻ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

Br. G. Charuvilayil

# റീത്തും ബലിയും

വെള്ളിയാൻ

ബെററർ ലൈഫ് സെൻറർ
ആളൂർ—ഇരിങ്ങാലക്കുട

www.malankaralibrary.com

# REETHUM BELIYUM

*By*
FR: JACOB VELLIAN
ROME

*Published by*

BETTER LIFE MOVEMENT
ALOOR-IRINJALAKUDA

*First Impression :*
October 1964
Copies 1000

*Nihil Obstat:*
FR. JAMES CHAVELY
ALWAYE

*Imprimatur:*
† GEORGE ALAPATT
Bishop of Trichur.

*Printed at*

THE POPULAR PRESS,
BETTER LIFE CENTRE
Aloor - Irinjalakuda

*Price; Re. 1*

www.malankaralibrary.com

# സമപ്പ്ണം

ചുരുങ്ങിയ കാലത്തെ വൈദികജീവിതത്തിനുശേഷം പരലോകപ്രാപ്തരായ നാലു യുവസുഹൃത്തുക്കൾ

പോൾ വെട്ടിക്കനാക്കുടി (തലശ്ശേരി)
തോമസ് പീടികയിൽ (കോട്ടയം)
ജോസഫ് പാറങ്കുളങ്ങര (പാലാ)
മാത്യു പുത്തൻപുര (ചങ്ങനാശ്ശേരി)

അവരുടെ സ്മാരകപീഠത്തിൻെറ ഒരൊഴിഞ്ഞ കോണിൽ ഈ ചെറുഗ്രന്ഥം ആദരപൂർവ്വം സമപ്പിച്ചുകൊള്ളുന്നു.

—ഗ്രന്ഥകർത്താ.

www.malankaralibrary.com

# അവതാരിക

ആരാധനക്രമസംബന്ധമായി ക്രൈസ്തവലോകത്തിൽ പൊതുവെ അടുത്തകാലത്തുണ്ടായിട്ടുള്ള അഭിനിവേശം അതേ അളവിൽ കേരളത്തിൽ ദൃശ്യമാകുന്നില്ലെങ്കിൽ അതിനുള്ള ഒരു പ്രധാന കാരണം ഏതദ്വിഷയകമായ പ്രസിദ്ധീകരണങ്ങൾ മലയാളഭാഷയിൽ വളരെ വിരളമാണെന്നതാണ്. സഭയിൽ പ്രചാരത്തിലിരിക്കുന്ന വിവിധ ആരാധനക്രമങ്ങളെപ്പററി സാധാരണ ജനങ്ങൾക്കു വേണ്ടത്ര ജ്ഞാനം ഉണ്ടെന്നു തോന്നുന്നില്ല. യൂറോപ്പിലും അമേരിക്കയിലും പൗരസ്ത്യറീത്തുകാരായ ലക്ഷക്കണക്കിനു കത്തോലിക്കരും അതാതു റീത്തുകളിൽപ്പെട്ട മെത്രാന്മാരും ഉണ്ടെന്നുള്ള വസ്തുത പലർക്കും അജ്ഞാതമായിരിക്കാം. വിവിധ റീത്തുകൾ സഭയുടെ പൊതുസ്വത്താണെന്നും അവയ്ക്കെല്ലാം തുല്യസ്ഥാനമാണു സഭ കല്പിക്കുന്നതെന്നും പലരും ഗ്രഹിച്ചിട്ടില്ലെന്നു തോന്നുന്നു.

പൗരസ്ത്യസഭകൾ അധികവും റോമായുമായുള്ള ബന്ധം, ഇരുകൂട്ടരുടേയും കുററംകൊണ്ട്, ഉപേക്ഷിച്ചു പിരിയുവാൻ ഇടയായി. അതോടെ, ലത്തീൻറീത്ത് കത്തോലിക്കരിൽ ബഹുഭൂരിപക്ഷത്തിൻേറയും റീത്തായിത്തീൎന്നു. തുടൎന്നുള്ള നൂററാണ്ടുകളിൽ വേർപെട്ട സഭകളും കത്തോലിക്കരും തമ്മിലുള്ള വിടവ് വൎദ്ധിച്ചതേയുള്ളു. പൗരസ്ത്യറീത്തുകൾ കൂടുതൽകൂടുതൽ സംശയത്തോടെ വീക്ഷിക്കപ്പെട്ടു. ലത്തീൻറീത്തിനു പ്രത്യേക പ്രാമാണ്യവും മേന്മയും ഉണ്ടെന്നു വാദിക്കുന്നതിനു ചിലർ ധൈര്യ

www.malankaralibrary.com

പ്പെട്ടു. തനി കത്തോലിക്കത്വം റോമൻറീത്തിലാണെന്നു വരെ വാദം മുമ്പോട്ടുപോയി.

ഈ നില ഇന്നു പാടേ മാറിയിരിക്കയാണു്. രണ്ടാം വത്തിക്കാൻ സൂനഹദോസു് അതിനു വളരെ സഹായകമായിട്ടുണ്ടു്. ആരാധനക്രമം സംബന്ധിച്ചു് സൂനഹദോസു് അംഗീകരിച്ച ഡിക്രിയിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "നിയമാനുസൃതം അംഗീകരിക്കപ്പെട്ടിട്ടുള്ള എല്ലാ റീത്തുകൾക്കും തിരുസ്സഭാമാതാവിൻെറ ദൃഷ്ടിയിൽ തുല്യസ്ഥാനവും അവകാശവുമാണുള്ളതെന്നു്, പാരമ്പര്യത്തെ വിശ്വസ്തതാപൂർവ്വം അനുസരിച്ചുകൊണ്ടു്, ഈ സൂനഹദോസു് പ്രഖ്യാപിക്കുന്നു." ലത്തീൻ റീത്തു പരിഷ്ക്കരണത്തിൽ പൗരസ്ത്യസഭകളുടെ സ്വാധീനത സ്പഷ്ടമായിക്കാണാം. മാതൃഭാഷയിൽ ദിവ്യബലി അർപ്പിക്കുക, ഇരുരൂപങ്ങളിലും വിശുദ്ധകുർബാന സ്വീകരിക്കുവാൻ വിശ്വാസികളെ അനുവദിക്കുക, സംഘാതമായി ബലി സമർപ്പിക്കുക (Concelebration) തുടങ്ങിയ പൗരസ്ത്യാചാരങ്ങൾ തനി ക്രിസ്തീയത്വത്തിനു യോജിക്കാത്തതായി ചിലർ കരുതിയിരുന്നു. ഇപ്പോൾ ഇവയെല്ലാം റോമൻറീത്തിലും അനുവദിക്കപ്പെട്ടിരിക്കുന്നു.

റോമിൽ ഉപരിപഠനം നടത്തിക്കൊണ്ടിരിക്കുന്ന ഫാദർ ജേക്കബ് വെള്ളിയാൻ രണ്ടുകൊല്ലം മുമ്പാണു് സീറോ മലബാർ കുർബാനക്രമത്തെ അധികരിച്ചു് "സീറോ മലബാർ സഭയുടെ പുനരുദ്ധരിക്കപ്പെട്ട കുർബാന" എന്ന പുസ്തകം പ്രസിദ്ധീകരിച്ചതു്. ഈ പുതിയ ഗ്രന്ഥത്തിൽ അദ്ദേഹം നിലവിലുള്ള വിവിധ റീത്തു

www.malankaralibrary.com

കളേയും അവയുടെ ഉത്ഭവത്തേയുംപററി ചുരുക്കമായി പ്രതിപാദിക്കുന്നു. ആരാധനക്രമങ്ങളെപ്പററി പൊതുവായ ജ്ഞാനം ലഭിക്കുവാൻ ഈ ചെറുഗ്രന്ഥം ഏററം പര്യാപ്തമാണു്. സഭയിൽ പ്രചാരത്തിലിരിക്കുന്ന വിവിധ റീത്തുകളെപ്പററി ചുരുങ്ങിയതു് ഇത്രയുമെങ്കിലും സകല ക്രൈസ്തവരും അറിഞ്ഞിരിക്കേണ്ടതാണു്. വേദോപദേശ ക്ലാസ്സുകളിൽ ഇതൊരു പാഠപ്പുസ്തകമാക്കുന്നതും നന്നായിരിക്കും.

പൗരസ്ത്യറീത്തുകളെപ്പററി ഗ്രന്ഥകാരൻ നല്കുന്ന വിവരങ്ങളിൽനിന്നു് ഒരു നിഗമനം സിദ്ധിക്കുന്നു. അമേരിക്കയിലും ആസ്ത്രേലിയയിലും കാനഡയിലും മററും പല പൗരസ്ത്യസഭകൾക്കും സ്വന്തമായ ഇടവകയും വൈദികാദ്ധ്യക്ഷന്മാരുമുള്ളതായി കാണാം. കുടിയേറിപ്പാർത്ത യുക്രേനിയൻറീത്തുകാക്കുവേണ്ടിതന്നെ അമേരിക്കൻ ഐക്യനാടുകളിൽ മൂന്നു രൂപതകളും കാനഡയിൽ നാലു രൂപതകളുമുണ്ടു്. കൂടാതെ, പശ്ചിമയൂറോപ്പു്, ജർമ്മനി, ഫ്രാൻസു്, ഇംഗ്ലണ്ടു്, ആസ്ത്രേലിയാ, ബ്രസീൽ, അർജൻറീനാ എന്നീ രാജ്യങ്ങളിൽ ഓരോ മെത്രാന്മാരുമുണ്ടു്. (പുറം 38) കൽദായറീത്തിൽപ്പെട്ട രണ്ടായിരംപേക്കുവേണ്ടി അമേരിക്കൻ ഐക്യനാടുകളിൽ മൂന്നു ഇടവകകളും രണ്ടു മിഷൻ കേന്ദ്രങ്ങളും, അഞ്ഞൂറുപേക്കുവേണ്ടി ഫ്രാൻസിൽ ഒരിടവകയുമുള്ളതായി 1962-ൽ റോമിൽനിന്നു പൗരസ്ത്യതിരുസംഘം പ്രസിദ്ധപ്പെടുത്തിയ കണക്കുകളിൽ പറഞ്ഞിരിക്കുന്നു. (Oriente Cattolico 1962, P. 376) ലോകത്തിൽ എവിടെയെല്ലാം പൗരസ്ത്യറീത്തിൽപ്പെട്ട കത്തോലിക്കരു

www.malankaralibrary.com

ടെ ഗണ്യമായ സംഖ്യ ഉണ്ടോ അവിടെയെല്ലാം അവരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു സ്വന്തമായ ഇടവകകളും സ്വന്തറീത്തുകാരായ വൈദികരേയും നല്കുക എന്ന നയമാണു സഭ അംഗീകരിച്ചിരിക്കുന്നത്. ഈ പൊതുനിയമം സീറോ മലബാർ റീത്തിനെ സംബന്ധിച്ചും പ്രാവർത്തികമാക്കുന്നെങ്കിൽ, ഭാരതത്തിലോ ഭാരതത്തിനു വെളിയിലോ എവിടെയെല്ലാം സീറോമലബാർ റീത്തുകാർ പത്തുമുന്നൂറുപേരെങ്കിലും അധിവസിക്കുന്നുണ്ടോ അവിടങ്ങളിലെല്ലാം അവർക്കും സ്വന്തം ഇടവകകളും സ്വന്തം റീത്തുകാരായ വൈദികരുടെ സേവനവും ഉണ്ടാകേണ്ടതാണ്.

പുസ്തകത്തിൻെറ രണ്ടാംഭാഗത്ത് ഗ്രന്ഥകാരൻ കുർബാനയുടെ വിവിധ ഭാഗങ്ങളെ വിവിധ റീത്തുകളിലെ ക്രമങ്ങളുമായി താരതമ്യപ്പെടുത്തി പ്രതിപാദിച്ചിരിക്കുന്നതു വളരെ ഉപകാരപ്രദമാണ്. കേരളസഭയിൽ അടുത്തകാലത്തു നടപ്പിലാക്കിയിട്ടുള്ള പരിവർത്തനങ്ങളുടെ ആവശ്യകതയും പശ്ചാത്തലവും ഗ്രഹിക്കുവാൻ ഈ ഭാഗം പ്രത്യേകിച്ചും സഹായകമായിരിക്കും.

ഈദൃശഗ്രന്ഥങ്ങൾ ഇന്നത്തെ ഒരാവശ്യമാണ്. ഗ്രന്ഥകാരനെ അനുമോദിക്കുന്നതോടൊപ്പം ഇനിയും പലഗ്രന്ഥങ്ങൾ അദ്ദേഹം കേരളക്രൈസ്തവർക്കു സംഭാവന നല്കട്ടെ എന്നു പ്രത്യാശിക്കുകയും ചെയ്യുന്നു.

അങ്കമാലി,
25-11-'64.

**ഫാദർ ഏ. ഡി. മററം.**

www.malankaralibrary.com

# പ്രസ്താവന

രണ്ടാം വത്തിക്കാൻ സൂനഹദോസ് സമ്മേളിക്കുന്ന ഇക്കാലത്ത് പൗരസ്ത്യറീത്തുകാരായ ക്രിസ്ത്യാനികളെപ്പററി കൂടുതൽ ഗ്രഹിക്കാൻ ലോകമാകെ ജിജ്ഞാസുവായിട്ടുണ്ട്. പന്ത്രണ്ടു കോടിയോളം വരുന്ന ഇക്കൂട്ടരെപ്പററിയുള്ള പഠനം ലത്തീനെന്നോ സുറിയാനിയെന്നോ ഉള്ള ഭേദമില്ലാതെ എല്ലാവക്കും ആസ്വാദകരമാണ്. അകത്തോലിക്കരെന്നോ കത്തോലിക്കരെന്നോ ഉള്ള വ്യത്യാസം മാനദണ്ഡമാക്കിയല്ല ഈ ചെറുഗ്രന്ഥം വിരചിതമായത്. കേരളത്തിലെ സീറോ–മലബാർ സഭക്കാരേയും നെസ്തോറിയൻകാരേയും കൽദായറീത്തിൽപ്പെട്ടവരെന്ന കാരണത്താൽ ഏകമായിട്ടാണ് ഈ ഗ്രന്ഥം വീക്ഷിക്കുന്നത്. സീറോ–മലങ്കരകത്തോലിക്കരും മലയാളത്തിലെ യാക്കോബായക്കാരും അന്ത്യോക്യൻ റീത്തിൽപെട്ടവരാകയാൽ അവരെ ഒന്നായി പരിഗണിക്കുന്നു.

"റീത്തും ബലിയും" എന്ന ഈ ഗ്രന്ഥം രണ്ടു ഭാഗമായിട്ടാണ് തിരിച്ചിരിക്കുന്നത്. ഒന്നാംഭാഗത്തിലെ ആദ്യത്തെ രണ്ടദ്ധ്യായങ്ങൾ പൗരസ്ത്യറീത്തുകളെപ്പററി പൊതുവായ ചില ലേഖനങ്ങളാണ്. ഇത്തരത്തിലുള്ള ലേഖനങ്ങളെഴുതുന്നതിന് എനിക്കുവേണ്ട പ്രോത്സാഹനവും നിർദ്ദേശങ്ങളും നല്കിയ റോമൻ പൗരസ്ത്യസവ്വകലാശാല പ്രൊഫസർ റവ. ഫാദർ LACKO S. J. ക്ക് എൻെറ കൂപ്പുകൈ. പൗരസ്ത്യാരാധനക്രമപഠനത്തിൽ ആശയങ്ങൾ ശക്തിപ്പെടുത്തുന്നതിനും വ്യക്തമാക്കുന്നതിനും ഉപകാരപ്രദമെന്നു കണ്ടതിനാൽ "പാശ്ചാത്യറീത്തുകൾ" എന്നൊരു ലേഖനം ഒന്നാംഭാഗത്തിൻെറ അന്ത്യത്തിൽ ചേർത്തിട്ടുണ്ട്. രണ്ടാമത്തെ ഭാഗം പൗരസ്ത്യാരാധനക്രമങ്ങൾ തമ്മിലുള്ള താരതമ്യ

www.malankaralibrary.com

പഠനമാണ്. ഇതു് സങ്കീർണ്ണമായ വിഷയമാകയാൽ സ്പഷ്ടമായ വ്യത്യാസങ്ങളും പുഷ്ടമായ സാധർമ്മ്യങ്ങളും മാത്രമെടുത്തുകാണിക്കുകയും അതേസമയം അല്പമായ വിശദീകരണം ആശയക്കുഴപ്പമുളവാക്കാനിടയുള്ളപ്പോൾ അപ്രകാരമുള്ള സൂചനകൾ നല്കാതിരിക്കുകയും ചെയ്തിട്ടുണ്ടു്. ഒരേറീതിയിൽതന്നെ നടപടിക്രമങ്ങൾ പ്രാദേശികമോ വിശ്വാസസംബന്ധമോ ആയ കാരണങ്ങളാൽ വിവിധരൂപം പ്രാപിച്ചിട്ടുള്ളപ്പോൾ ഏററം പൊതുവായതോ മാററിൽ പുരാതനമായതോ ആയ ഘടകം മാത്രമേ വിഷയവിശദീകരണത്തിൽ കൊള്ളിച്ചിട്ടുള്ളൂ.

ഒരേ കാര്യത്തെപ്പററി ഗ്രന്ഥങ്ങളിൽ കണ്ട പരസ്പരവിരുദ്ധങ്ങളായ ആശയങ്ങളുടെ വാസ്തവസ്ഥിതി ഗ്രഹിക്കാൻ പല ആരാധനക്രമങ്ങളിൽ സസൂക്ഷ്മം പങ്കെടുക്കുകയും അതതു റീതിയിലെ പണ്ഡിതരോടു ചോദിച്ചു സംശയനിവാരണം വരുത്തുകയും ചെയ്തിട്ടുണ്ടു്. ഇക്കാര്യത്തിൽ എന്നെ സഹായിച്ച സിറിയൻ പാത്രിയർക്കാ അത്യുന്നത കർദ്ദിനാൾ തപ്പൂണി, തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസ്, അർമേനിയൻ മെത്രാൻ മാർ ക്രിസ്തേയ, എത്യോപ്യൻ മെത്രാൻ അബ ഗേബ്റ്, വത്തിക്കാൻ സൂനഹദോസിൽ പൗരസ്ത്യസഭാകമ്മീഷൻെറ കാര്യദർശി പെ. ബ. ആർക്കമെന്ത്രിത്ത വിൽക്കി, സൂനഹദോസു് നിരീക്ഷകരിൽ മലങ്കര മാർത്തോമ്മസഭയെ പ്രതിനിധാനം ചെയ്യുന്ന പ്രൊഫസർ സി. പി. മാത്യു, ആരാധനക്രമശാസ്ത്രപണ്ഡിതനായ റവ. ഫാദർ യുങ്മാൻ S. J. തുടങ്ങിയവർക്കു് എൻെറ അകമഴിഞ്ഞ കൃതജ്ഞത.

ഇതൊരു 'ചെറുഗ്രന്ഥ'മാക്കണമെന്നു് അഭിപ്രായപ്പെട്ടതു് പെ. ബ. പ്ലാസിഡച്ചനാണ്. പൗരസ്ത്യതിരുസംഘത്തിൻെറ ഉപദേശകൻ, റോമിലെ മലബാർ കോളജിൻെറ റെക്ടർ, രണ്ടാം വത്തിക്കാൻ സൂനഹദോസിൽ വിദഗ്ദ്ധോപദേശകൻ എന്നീ നില

കളിൽ വളരെ ജോലിത്തിരക്കുള്ള ആ മാന്യദേഹം ഈ പുസ്തകം മുഴുവൻ വായിച്ച് വായനക്കാരെ തിരുത്തിവായിക്കുന്ന ഭാരത്തിൽ നിന്നു വളരെയേറെ മോചിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിനും ഈ സംരഭത്തിൽ എന്നെ സഹായിച്ച സുഹൃത്തുക്കാംക്കും ഇതു പ്രസിദ്ധീകരിക്കാൻ സസന്തോഷം മുന്നോട്ടുവന്ന 'ബെററർ ലൈഫ് മൂവ്മെൻറി'ൻെറ ഭാരവാഹികാംക്കും ഈ ഗ്രന്ഥത്തിൻെറ അനുവാചകക്കും എൻെറ ഭാവുകങ്ങാം. ഇതിൻെറ പാരായണം അനുവാചകരിലാരിലെങ്കിലും ധന്യമായ ആരാധനക്രമത്തെപ്പററി കൂടുതലറിയാൻ ജിജ്ഞാസയുളവാക്കിയെങ്കിൽ ഞാൻ കൃതാൎത്ഥനായി.

—ഗ്രന്ഥകത്താ.

www.malankaralibrary.com

# ചില വിദേശഭാഷാപദങ്ങൾ

## ഈ പുസ്തകത്തിൽ

—०—

Anamnesis — കല്പനാനുസ്മരണ

Anaphora — Offering, ബലി, ദിവ്യബലിക്രമം ലത്തീൻ കർബാനയിലെ കാനോനോട്ട് ഏതാണ്ട തുല്യമാണിത്.

Antimensis — ബൈസൻറയിൻ റീത്തിൽ കർബാനക്കല്ലിനുപകരം ഉപയോഗിക്കുന്നതാണിത്.

Byzantine Rite — ബൈസൻറയിൻ റീത്ത് (കോൺസ്റ്റാൻറിനോപ്പിൾ റീത്ത്)

Canonical Hours — കാനോനനമസ്കാരം

Concelebration — സഹകാർമ്മികകർബാന

Consecration-words — കൗദാശികവാക്കുകൾ (അന്ത്യത്താഴവിവരണവും കൂദാശസ്ഥാപനവാക്കുകളും)

Creed — Credo, വിശ്വാസപ്രമാണം

Deacon — ദിയാക്കോൻ, ആറാംപട്ടക്കാരൻ

Eparchy — രൂപത, diocese

Epiclesis — റൂഹാക്ഷണം

Filioque—പരിശുദ്ധാത്മാവ് "പുത്രനിൽനിന്നുകൂടി" പുറപ്പെടുന്നുവെന്നു വ്യക്തമാക്കാൻ വിശ്വാസപ്രമാണത്തിൽ ചേർത്ത പദം.

Liturgy — പരസ്യാരാധനക്രമം, ക്ലിപ്താർത്ഥത്തിൽ ദിവ്യബലി

www.malankaralibrary.com

Mass of the Catechumens — ജ്ഞാനസ്നാനാർത്ഥികളുടെ കർബാന, അദ്ധ്യയനക്കർബാന

Mass of the Faithful — വിശ്വാസികളുടെ കർബാന, അത്താഴക്കർബാന

Missal — തക്സ, ദിവ്യബലിക്രമമടങ്ങിയ പുസ്തകം

Monophysites — ഏകസ്വഭാവവാദികൾ

Monothelites — ഏകചിത്തവാദികൾ

Narrration of the Last Supper — അന്ത്യത്താഴ വിവരണം

Nave — ഹൈക്കല

Sanctuary — മദ്ബഹ

Subdeacon — ഹെവ്പ്ദിയാക്കോൻ, അഞ്ചാംപട്ടക്കാരൻ

Trisagion — ത്രൈശുദ്ധകീർത്തനം

Words of Institution — കൂദാശസ്ഥാപനവാക്കുകൾ

Veil — വിരി, തിരശ്ശീല

www.malankaralibrary.com

# ഉള്ളിലേക്ക കടന്നാൽ

ഒന്നാംഭാഗം റീത്തുകൾ


അദ്ധ്യായം I പൗരസ്ത്യറീത്തുകൾ, നിർവ്വചനം, ആവിർഭാവം, പരസ്പരവ്യത്യാസങ്ങൾ 1

അദ്ധ്യായം II പൗരസ്ത്യറീത്തുകൾ ഒററനോട്ടത്തിൽ 24

അദ്ധ്യായം III പാശ്ചാത്യസഭകൾ 41


രണ്ടാംഭാഗം ആരാധനക്രമങ്ങൾ


അദ്ധ്യായം IV ആദിമനൂററാണ്ടുകളിലെ ദിവ്യബലിക്രമം താരതമ്യപഠനം, ദൈവാലയസംവിധാനം, ആൻറിമെൻസിസ്, തിരുവസ്ത്രങ്ങൾ 57

അദ്ധ്യായം V ദിവ്യബലി, ബലിവസ്തുക്കൾ, പ്രാരംഭപ്രാർത്ഥനകളും അദ്ധ്യയനക്കുർബാനയും, അയോഗ്യരെ പിരിച്ചുവിടൽ, സാർവ്വത്രികാപേക്ഷ, അനാഫറ, സഹകാർമ്മികക്കുർബാന, കൗദാശികവാക്കുകൾ, വിശ്വാസികളുടെ ദിവ്യകാരുണ്യസ്വീകരണം, വി. കുർബാനയുടെ വാഴ്വ്, ദിവ്യവിരുന്നിൻെറ സമാപനം, ഉപസംഹാരം. 96


www.malankaralibrary.com

# ഒന്നാം ഭാഗം

# ☆ പൗരസ്ത്യ റീത്തുകൾ

## പൗരസ്ത്യം

നാം സാധാരണമായി ഉപയോഗിക്കുന്ന 'പൗരസ്ത്യ സഭകൾ' എന്നതിലെ 'പൗരസ്ത്യം' എന്ന വാക്കുകൊണ്ടു് വിവക്ഷിക്കുന്നതു്, ആധുനിക കാലത്തെ ഭൂപടമനുസരിച്ചുള്ള പൂർവ്വദേശങ്ങളല്ല. റോമൻ സാമ്രാജ്യം ഡയോക്ലിഷ്യൻ ചക്രവർത്തി (293) നാലു പ്രവിശ്യകളായി തിരിച്ചു. 395-ൽ തിയഡോഷ്യസ് ചക്രവർത്തിയുടെ മരണാനന്തരം പിൻഗാമികൾ സാമ്രാജ്യം സാവാ, ഡ്രീനാ, സേത്ത എന്നീ നദികൾ അതിർത്തികളാക്കി രണ്ടായി തിരിക്കുകയും, Illyricum, Oriens എന്നീ പ്രവിശ്യകൾ പൗരസ്ത്യസാമ്രാജ്യത്തിലും Gallicum, Italia എന്നീ പ്രവിശ്യകൾ പാശ്ചാത്യസാമ്രാജ്യത്തിലുമാക്കി പുതിയ ഭരണക്രമം ആരംഭിക്കുകയും ചെയ്തു. പൗരസ്ത്യസാമ്രാജ്യത്തിൽ നിരവധി ക്രിസ്തീയസഭാനാറുകൾ കുരുപൊട്ടത്തു്, സഭാമർദ്ദനം ഗുണവർദ്ധകമായിബ്ഭവിച്ചതുകൊണ്ടു് കരുത്തോടെ ഉയർന്നുനിന്നിരുന്നു. അങ്ങനെയുള്ളവയിൽ പ്രസിദ്ധിയും പ്രബുദ്ധതയും ആർജ്ജിച്ചവയായിരുന്നു, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാൻഡ്രിയ, അന്തോക്യ, ജറുസലേം എന്നിവ. ഈ സഭാകേന്ദ്രങ്ങൾ പൗരസ്ത്യറോമൻ സാമ്രാജ്യത്തിനു പുറത്തു നിരവധി സഭകൾ സ്ഥാപിച്ചു. അങ്ങനെ പൗരസ്ത്യറോമാസാമ്രാജ്യത്തിലെ ഏതെങ്കിലുമൊരു സഭയാൽ സ്ഥാപിതമോ, പ്രത്യേകവിധത്തിൽ ബന്ധപ്പെട്ടതോ (ഉദാ: പേർഷ്യൻ സഭ, അർമ്മേനിയൻ സഭ) ആയ എല്ലാ സഭകളാകളും പൗരസ്ത്യ റോമൻ സാമ്രാജ്യത്തിലെ സഭകൾക്കും കൂടിയാണു് 'പൗരസ്ത്യ സഭകൾ' എന്നു പേർ പറയുന്നതു്.

www.malankaralibrary.com

## റീത്ത്

വിശുദ്ധബലിയുടെ അർപ്പണം, മററു കൂദാശകളുടേയും ആരാധനക്രമങ്ങളുടേയും അനുഷ്ഠാനം, നോമ്പ്, ഉപവാസം മുതലായവ പാലിക്കേണ്ടവിധം, സഭാഭരണം... എന്നിത്യാദി നടപടി ക്രമങ്ങളെല്ലാം 'റീത്ത്' എന്ന പദംകൊണ്ട് ഇന്നു വിവക്ഷിക്കുന്നുണ്ട്. ആദ്യകാലത്ത് ആരാധനക്രമം മാത്രമേ ഈ പദം സൂചിപ്പിച്ചിരുന്നുള്ളു. പുരാതനസംസ്കാരങ്ങളും ജനതകളുടെ സ്വകീയഗുണവിശേഷങ്ങളും ക്രിസ്തീയജീവിതത്തിൽ സ്ഥാനം സ്വീകരിച്ചതോടെ 'റീത്തി'ന്റെ അർത്ഥവ്യാപ്തി വർദ്ധിച്ചു. ദൈവാലയം, അതിലെ സംവിധാനം, തിരുവസ്ത്രങ്ങൾ, വൈദികപഞ്ചാംഗം, കാനോനാ നമസ്കാരം, വൈദികരുടെ വേഷഭൂഷാദികൾ ഇവയൊക്കെ റീത്തിന്റെ ഗുണവിശേഷങ്ങളായി. ഇവയെയൊക്കെ നിയന്ത്രിക്കുന്ന കാനൻ നിയമവും 'റീത്തി'നകത്തുതന്നെ.

എന്നാൽ ഇതിലും വിപുലമായ ആശയമാണ് ഉക്കാലത്ത് ഈ പദം സൂചിപ്പിക്കുന്നത്. * ഒരു പ്രത്യേക ജനതതിയുടെ ആരാധനക്രമവും കാനൻ നിയമവും ഭരണക്കൂടവും മാത്രമല്ല, ആ ജനത്തെത്തന്നെയും—അതായത് ആ ജനങ്ങൾ ഉൾപ്പെടുന്ന നിശ്ചിതസഭയെത്തന്നെയും—അർത്ഥമാക്കി റീത്ത് എന്ന പദം ഉപയോഗിക്കാറുണ്ട്. അപ്പോൾ പൗരസ്ത്യ റീത്തുകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതു പൗരസ്ത്യസഭകൾ എന്നാണ്. ഈ അർത്ഥത്തിലാണ് 'പൗരസ്ത്യറീത്ത്' എന്ന പദം ഈ ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

ഈ നിർവ്വചനത്തിന്റെ വെളിച്ചത്തിൽ പൗരസ്ത്യസഭകളെ അലക്സാണ്ട്റിയൻ, അന്ത്യോക്യൻ, അർമ്മേനിയൻ, കൽദായ, ബൈസന്റയിൻ എന്നീ അഞ്ച് പ്രമുഖറീത്തുകളിലായി തരം

* JOUBIER A. La Notion Canonique de Rite Romae 1961.

www.malankaralibrary.com

ത്തിരിക്കാം. മററു റീത്തുകളൊക്കെ ഇവയിലേതെങ്കിലുമൊന്നിനോടു ബന്ധപ്പെട്ടവയാണ്. ഉദാഹരണമായി സീറോ–മലബാർ റീത്തെടുക്കാം. കൽദായ ക്രമത്തിൽനിന്ന് വിഭിന്നമായ നടപടിക്രമങ്ങളും മററുമുള്ള ഈ റീത്തിലെ ആരാധനക്രമം കൽദായ സഭയിലേതുതന്നെയാണെന്നു പറയാം. (അല്പസ്വല്പ വ്യത്യാസങ്ങളുണ്ട്.) ഇത്തരത്തിലുള്ള നിരവധി റീത്തുകളുടെ അസ്തിത്വം കണ്ടുപിടിക്കുന്നതിന് താഴെ പറയുന്ന ഘടകങ്ങളുടെ വെളിച്ചത്തിൽ അവയെ പരിശോധിച്ചാൽ മതി.

a) ഇത്തരത്തിലുള്ള പ്രത്യേക അസ്തിത്വത്തിനു പരി: സിംഹാസനത്തിന്റെ അംഗീകാരമുണ്ടായിരിക്കുക. b) അതതു റീത്തിലുള്ള എല്ലാ വിശ്വാസികൾക്കും മാത്രമായി നിശ്ചിത നിയമങ്ങൾ ഉണ്ടായിരിക്കുക. c) പ്രതിപാദ്യറീത്ത് മാറി മറെറാന്നെടുക്കാൻ പ്രത്യേകനടപടികൾ ഉണ്ടായിരിക്കുക. d) ഒരേ സ്ഥലത്തുതന്നെ രണ്ടു സഭാമേലധികാരികൾ ഉണ്ടായിരിക്കുക. *

ഇവിടെ റീത്തുഭാഷയെപ്പററി അല്പം പ്രതിപാദിക്കുന്നതു സംഗതമാണെന്നു തോന്നുന്നു. കൽദായറീത്ത്, ഗ്രീക്കറീത്ത് എന്നൊക്കെ ഭാഷകളോടു ചേർത്തു റീത്തിനെ നാമകരണം ചെയ്യാറുണ്ടെങ്കിലും റീത്തും (ആരാധനക്രമം) റീത്തുഭാഷയും

.......................................................................................................

* ഈ നിയമത്തിന് അപവാദമാണ് പിററ്സ്ബർഗിലെ റുത്തേനിയൻ മെത്രാനും തെക്കുംഭാഗസമുദായക്കാരുടെ കോട്ടയം മെത്രാനും.

www.malankaralibrary.com

വിഭിന്നങ്ങളാണ്. ഒരേ ആരാധനാക്രമം പല ഭാഷകളിലാകാം. സീറോ മലബാർ റീത്തിലെ ആരാധനക്രമം അറമായ ഭാഷയിലും മലയാളത്തിലും ആകാം. അതുപോലെ ഒരു ഭാഷ ഉപയോഗിക്കുന്ന ഒന്നിലധികം ആരാധനക്രമങ്ങളും ഉണ്ടാകാവുന്നതാണ്. മലയാള ഭാഷയിൽത്തന്നെ സീറോ മലങ്കര, സീറോ മലബാർ എന്നീ ആരാധനക്രമങ്ങളും അനുഷ്ഠിക്കപ്പെടുന്നുണ്ടല്ലോ. ദേശീയഭാഷ ഉപയോഗിക്കാതിരിക്കാൻ യാതൊരു കാരണവും കാണാത്തതിനാൽ പൗരസ്ത്യസഭകളും അവ ഉപയോഗിച്ചുതുടങ്ങി. എങ്കിലും റീത്തിന്റെ വൈവിധ്യത്തിന് ആധാരം റീത്തുഭാഷയാണെന്ന നിഗമനം ശരിയല്ലെന്നു മേൽപറഞ്ഞതിൽനിന്നു വ്യക്തമാണല്ലോ. *

---

* പൗരസ്ത്യർ ജീവൽഭാഷകളെ ആരാധനാക്രമത്തിൽ ഉപയോഗിക്കു എന്നു പറയുന്നതു ശരിയല്ല. കൽദായരുടെ സുറിയാനി മൃതഭാഷയാണല്ലോ. ഗ്രീക്കുസഭയിലെ ഗ്രീക്കുഭാഷ ജനങ്ങൾക്കു മുഴുവൻ മനസ്സിലാകയില്ല. അപ്രകാരംതന്നെ അർമേനിയൻ, കോപ്റ്റ് റീത്തുകളിലെ അറബി നീക്കിയുള്ള ഭാഷകളും. പൊതുവേ പറഞ്ഞാൽ ജീവൽഭാഷയെന്നതിനേക്കാളും തദ്ദേശഭാഷകളാണ് പൗരസ്ത്യറീത്തുകളിൽ നാം ദർശിക്കുക. തദ്ദേശഭാഷകളല്ലാത്തതായി സീറോ മലങ്കരസഭയും സീറോ മലബാർസഭയും ഉപയോഗിക്കുന്ന സുറിയാനിഭാഷയേ ഉള്ളു. ആരാധനക്രമങ്ങളിലെ ഭാഷ സാധാരണമായി വെറും സംസാരഭാഷയാകാതെ ശുദ്ധവും സുന്ദരവും ആയിരിക്കും. അതിനു മകുടോദാഹരണമാണ് കോപ്റ്റിക്, സിറിയൻ, മെൽക്കീത്ത എന്നീ റീത്തുകളിൽ ഉപയോഗിക്കുന്ന അറബി ഭാഷ. cfr. KOROLEVSKY, Living languages in Catholic worship, Longmans, London, 1957.

www.malankaralibrary.com

## സംഗ്രഹം 1

### പൗരസ്ത്യരുടെ ജനസംഖ്യ

| | | കത്തോലിക്കർ. | | അകത്തോലിക്കർ. | |
|---|---|---|---|---|---|
| അലക്സാന്ത്രിയൻ | കോപ്റ്റിക് | 82,891 | .... | 2,500,000 | |
| | എത്യോപ്യൻ | 59,215 | .... | 9,000,000 | |
| അന്ത്യോക്യ | സീറോമലങ്കര | 124,433 | .... | 1,000,000 | (യാക്കോബായ) |
| | മാറോനീത്ത | 850,000 | | | |
| | സിറിയൻ | 80,000 | .... | 130,000 | ( ,, ) |
| കൽദായർ | കൽദായക്കാർ | 190,000 | .... | 75,000 | നെസ്തോറിയൻ |
| | സീറോ-മലബാർ | 1,475464 | .... | 5,000 | സൂറായികൾ |
| അർമേനിയൻ | | 97,100 | .... | 1,600,000 | |
| ബൈസൻറയിൻ (എല്ലാ വിഭാഗക്കാരും കൂടി) | | 8,800,000 | .... | 90,000,000 | |
| | ആകെ ഏകദേശം | 1,10,00000 | .... | 11,10,00000 | |
| | | ഒരുകോടി പത്തുലക്ഷം | .... | പതിനൊന്നുകോടി പത്തുലക്ഷം. | |

N. B. ഇരുമ്പുമറയ്ക്കുള്ളിലെ പൗരസ്ത്യ ക്രൈസ്തവരുടെ കണക്ക് ഇവിടെ ചേർത്തിരിക്കുന്നത് ഏററം അടുത്ത കാലത്തേതല്ല. സീറോ-മലബാർ, സീറോ മലങ്കര എന്നീ സഭകളിലെ ജനസംഖ്യ കൊടുത്തിരിക്കുന്നത്, 1962-ലെ Catholic Directory അനുസരിച്ചാണ്.

www.malankaralibrary.com

സംഗ്രഹം 2

പ്രമുഖങ്ങളായ 5 പൗരസ്ത്യ റീത്തുകളും ഉപവിഭാഗങ്ങളും.

| അലക്സാന്ത്രിയൻ | അന്ത്യോക്യൻ | അർമേനിയൻ | കൽദായ | ബൈസൻറയിൻ |
| --- | --- | --- | --- | --- |
| കോപ്റ്റിക് (കത്തോലിക്കരും ഏകസ്വഭാവ വാദികളും) | സിറിയൻ (കത്തോലിക്ക)<br>മാറോനിത്താ ,,<br>സീറോമലങ്കര ,, | അർമേനിയൻ (കത്തോലിക്കരും ഏകസ്വഭാവക്കാരും) | കൽദായ (കത്തോലിക്കരും പേർഷ്യൻ നെസ്തോറിയരും) തൃശ്ശൂരെ സുറായികളും.... സീറോ മലബാർ (കത്തോലിക്കർ) | X അൽബേനിയൻ<br>X ബൾഗേറിയൻ<br>X ഗ്രീക്ക്<br>ഇററാലോ അൽബേനിയ<br>ഹങ്കേറിയൻ<br>X യൂഗോസ്ലാവിയൻ<br>X മെൽക്കീത്താ<br>X റുമേനിയൻ<br>X റഷ്യൻ<br>X റുത്തേനിയൻ<br>X ശ്വേതറുത്തേനിയൻ<br>സ്ലൊവാക്യൻ<br>യുക്രേനിയൻ |
| എത്യോപ്യൻ ( ,, ) | (സിറിയായിലെ യാക്കോബായ, ഇൻഡ്യയിലെ യാക്കോബായ, മാർത്തോമ്മ, ഏവൻഗേലിയൻ....സഭകൾ) | | | |

കത്തോലിക്കർ

| | | | | | |
|---|---|---|---|---|---|
| | | | | അൽബേനിയൻ<br>ബുഗേറിയൻ<br>ഗ്രീക്ക്<br>യുഗോസ്ലാവിയൻ<br>ജോർജിയൻ<br>എസ്തോണിയൻ<br>ലെത്തോണിയൻ<br>ഫിന്നിഷ്യൻ<br>ജപ്പാൻ<br>മെൽക്കീത്ത<br>രമേനിയൻ<br>റഷ്യൻ<br>രുത്തേനിയൻ<br>ശ്വേതരുത്തേനിയൻ<br>യുക്രേനിയൻ<br>ചീന<br>ഉഗാണ്ഡ | അകത്തോലിക്കർ |

X അതേ റീത്തുകാരായ അകത്തോലിക്കരുമുണ്ട്. 1–ാം സംഗ്രഹം നാലാം കോളം കാണുക.

www.malankaralibrary.com

# വിവിധ റീത്തുകളുടെ ആവിർഭാവം

രണ്ടാം സംഗ്രഹത്തിൽനിന്ന് ക്രൈസ്തവസഭയിൽ നിരവധി റീത്തുകൾ ഇന്നു നിലവിലുണ്ടെന്ന് മനസ്സിലാക്കാം. ഇത്രയേറെ വ്യത്യസ്തറീത്തുകൾ ഉത്ഭവിക്കുവാനും ഉപയോഗം കൊണ്ട് ദൃഢിസിദ്ധിക്കാനും സഹായകമായ ഘടകങ്ങൾ പലതാണ്

a) അപ്പസ്തോലന്മാർ സ്ഥാപിച്ച വിവിധസഭകൾ: പാശ്ചാത്യ റോമൻ സാമ്രാജ്യത്തിൽ അപ്പസ്തോലന്മാരാൽ സ്ഥാപിതമായ റോമിലെ സഭയായിരുന്നു ഏകക്രൈസ്തവസഭാകേന്ദ്രം. എന്നാൽ പൗരസ്ത്യ റോമൻ സാമ്രാജ്യത്തിലെ സ്ഥിതി അതല്ലായിരുന്നു. ജറുസലേം, അന്ത്യോക്യ, അലക്സാന്ത്രിയ, സൈപ്രസ് തുടങ്ങിയ സഭകൾ അപ്പസ്തോലസ്ഥാപിതങ്ങളാണ്. അങ്ങനെയൊരു പദവി യഥാർത്ഥത്തിൽ ഇല്ലാതിരുന്ന കോൺസ്റ്റാന്റിനോപ്പിൾ, അതു ലഭിക്കുവാനായി വി. അന്ത്രയോസിനാൽ സ്ഥാപിക്കപ്പെട്ടുവെന്ന കെട്ടുകഥ ചമച്ചെടുത്തു. ഈ അപ്പസ്തോലികസഭകൾ കാലക്രമേണ പദവികളും പ്രത്യേകഭരണരീതിയും ആർജ്ജിച്ചു തുടങ്ങുകയും അതോടൊപ്പം പ്രത്യേകറീത്ത് രൂപംകൊള്ളുകയും ചെയ്തു.

b) വ്യത്യസ്ത സംസ്കാരങ്ങളുടെ കേളീരംഗമായിരുന്നു പൗരസ്ത്യം. സിറിയൻ, ഈജിപ്ഷ്യൻ, അർമേനിയൻ, ജോർജിയൻ തുടങ്ങിയ ദേശീയസംസ്കാരങ്ങൾ, പൗരസ്ത്യത്തെ ഏകീഭവിപ്പിക്കാൻ ഗ്രീക്കു സംസ്കാരം ചെയ്ത യത്നങ്ങളെ അതിജീവിച്ചുനിന്നു. ദേശീയസംസ്കാരം റീത്തിന്റെ സ്വാഭാവികവളർച്ചയിൽ കയറിപ്പറ്റി.

c) രാഷ്ട്രീയശക്തികൾ: പാശ്ചാത്യക്ക് ആദ്യം റോമൻ സാമ്രാജ്യവും, അതിനെത്തുടർന്ന് ജർമ്മൻ സാമ്രാജ്യവും

www.malankaralibrary.com

മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ പൗരസ്ത്യരുടെ സ്ഥിതി വ്യത്യസ്തമായിരുന്നു. റോമൻസാമ്രാജ്യത്തിനു പുറത്തു് പുരാതനങ്ങളായ എത്യോപ്യൻ, പേഴ്സ്യൻ, അർമേനിയൻ, ജോർജിയൻ തുടങ്ങിയ സാമ്രാജ്യങ്ങൾ രാഷ്ട്രീയമണ്ഡലത്തിൽ പ്രബലങ്ങളായിരുന്നു. കൂടാതെ നവമായി ഉടലെടുത്ത ബൾഗേറിയൻ, സേർബിയൻ, റഷ്യൻ എന്നിത്യാദി സാമ്രാജ്യങ്ങൾ സ്വതന്ത്രസഭകൾക്കുവേണ്ടി നിലകൊണ്ടു. റീത്തിന്റെ ഘടകങ്ങളായ സഭാഭരണം, കാനൻ നിയമം ഇവയെയൊക്കെ ഇതു ബാധിക്കുമല്ലോ.

✓d) <u>ദേശീയസഭകൾ:</u> പാശ്ചാത്യർക്കു് ആദ്യകാലങ്ങളിൽ ഒരു റീത്തുഭാഷയും (ലത്തീൻ)* ഏകപാത്രിയർക്കീസും (റോമിലെ മാർപ്പാപ്പ) ഉണ്ടായിരുന്നപ്പോൾ പൗരസ്ത്യർ, വിഭിന്നമായ ഭരണവും ദേശീയഭാഷയും ഉപയോഗിച്ചുള്ള വിവിധ സഭാഘടകങ്ങൾ മെനഞ്ഞെടുത്തു. x നിരവധി പാത്രിയർക്കാസിംഹാസനങ്ങൾ അതിനു വഴിതെളിച്ചു.

---

* ലത്തീൻസഭാക്രമങ്ങൾ മദ്ധ്യശതകം മുതൽ സ്ലാവിക് ഭാഷയിലും നടത്തപ്പെടുന്നുണ്ടു്. (Galgolothic) ലത്തീൻ ക്രമത്തിലെ ഉപവിഭാഗങ്ങൾക്കു് ഈ ഗ്രന്ഥത്തിൽ "പാശ്ചാത്യ റീത്തുകൾ" കാണുക.

---

x മാർപ്പാപ്പയുടെ പരമാധികാരത്തെ ചോദ്യംചെയ്തുകൊണ്ടുള്ള നിലപാടായിരുന്നില്ല ഈ വിവിധസഭകൾകൊണ്ടു വിവക്ഷിച്ചിരുന്നതു് എന്നു് പാത്രിയാർക്കാസിംഹാസനങ്ങളെയും ഓരോ സഭയേയുംപറ്റി പഠിക്കുമ്പോൾ മനസ്സിലാക്കുന്നതാണു്.

www.malankaralibrary.com

പരസ്പരം വ്യത്യസ്തങ്ങളായ റീത്തുകൾ

ഒന്നാം സംഗ്രഹത്തിൽനിന്നു് 5 പ്രമുഖറീത്തുകളെക്കൂടാതെ അവയോടു ബന്ധമുള്ള 17 റീത്തുകൾകൂടിയുണ്ടെന്നു കണക്കാക്കാം. പൗരസ്ത്യറീത്തുകൾ ഓരോന്നിനേയുംപററി പഠിക്കുന്നതിനുമുമ്പു് ഏതുകാരണങ്ങൾകൊണ്ടാണു് നാം ഇന്നവയെ വ്യത്യസ്തങ്ങളായി കണക്കാക്കുന്നതു് എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. അതിനു് ഏററുപറയുന്ന വിശ്വാസം, ഭരണകൂടം, മാതൃഭാഷ, ആരാധനാക്രമം എന്നിവ ഓരോ റീത്തിലും ഏപ്രകാരമാണെന്നു കാണാം.

a) ഏററുപറയുന്ന വിശ്വാസം അടിസ്ഥാനമാക്കി വീക്ഷിച്ചാൽ പൗരസ്ത്യറീത്തു് പാലിക്കുന്നവരായി നെസ്തോറിയൻ, ഏകസ്വഭാവവാദികൾ, ഓർത്തഡോക്സ്, * കത്തോലിക്കർ എന്നിവർ ഉള്ളതായി കാണാം. പൗരസ്ത്യചൈതന്യം മുഴുവനായി ഉപേക്ഷിക്കാതെ പ്രോട്ടസ്റ്റൻറ് ആശയഗതികളും, ആരാധനക്രമങ്ങളും സ്വീകരിച്ച കേരളത്തിലെ മാർത്തോമ്മാക്കാരെപ്പോലുള്ള സഭക്കാരേയും ഇക്കൂട്ടത്തിൽ കൂട്ടാവുന്നതാണു്. മൂന്നാം സംഗ്രഹത്തിൽനിന്നു് ഒരേ റീത്തിൽ വ്യത്യസ്തമായ വിശ്വാസം പാലിക്കുന്നുണ്ടെന്നു കാണാം.

b) മാതൃസഭ: മാതൃസഭകളിൽനിന്നു വിശ്വാസംതന്നെയോ നടപടിക്രമങ്ങൾകൂടിയോ സ്വീകരിച്ചു് പുതിയ സഭാസ്ഥാനങ്ങൾ ജന്മമെടുത്തു. ചിലപ്പോഴെല്ലാം ഭരണപരമായ ബന്ധംമാത്രമേ പുത്രീസഭകൾക്കു മാതൃസഭയുമായുള്ളു. പുത്രീസഭകൾ ക്രിസ്തീയവിശ്വാസവും നടപടിക്രമങ്ങളും (റീത്തു മുഴുവനായും) നല്കി പുതിയസഭകൾ സ്ഥാപിച്ചു. അതുകൊണ്ടു് ഇന്നു ഒരു പ്രത്യേക റീത്തിനെപ്പററി ശരിയായി പഠിക്കണമെങ്കിൽ അതിൻെറ മാതൃസഭയെപ്പററി അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണു്.

* ഈ സംജ്ഞകളുടെ വിശദീകരണം അന്യത്ര കാണുക.

www.malankaralibrary.com

സംഗ്രഹം 3

ക്രൈസ്തവറീത്തുകൾ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ

| നെസ്തോറിയൻ | ഏകസ്വഭാവവാദി | ഓർത്തഡോക്സ് | കത്തോലിക്കർ | പ്രൊട്ടസ്റ്റന്റ് |
|---|---|---|---|---|
| മെസപ്പൊട്ടേമിയായിലെ അസീറിയക്കാർ; തൃശ്ശൂരെ സുറായികൾ | സിറിയായിലെ യാക്കോബായക്കാർ അർമ്മേനിയർ കോപ്റ്റ് എത്യോപ്യൻ | ബൈസന്റയിൻ റീത്തിലുള്ള അകത്തോലിക്കരെല്ലാം. (ഒന്നാം സംഗ്രഹം കാണുക) | മാറൊനീത്താ, ഇത്താലൊ, അൽബേനിയൻ, സ്ലൊവാക്യൻ, സീറോ-മലബാർ എന്നീ റീത്തുകളിൽ അകത്തോലിക്കരില്ല. എന്നാൽ ജോർജിയൻ, എസ്തോണിയൻ, ലെത്തോനിയൻ, ഫിനിഷ്യൻ, ജപ്പാൻ, ചീന, ഉഗാണ്ട എന്നീ വിഭാഗങ്ങളിൽ കത്തോലിക്കാ ഹയരാർക്കി ഇല്ല (ചിലതിലെല്ലാം കത്തോലിക്കരേയില്ല) | – ഇൻഡ്യയിലെ മാർത്തോമ്മാസഭ, വി. തോമ്മായുടെ എവങ്കേലിസ്തൻ സഭ.... – അമേരിക്കൻ ഐക്യനാട്ടിൽ പ്രസ്ബിറ്റേറിയൻ സഭയിൽ ചേർന്ന നെസ്തോറിയന്മാർ— – ക്യാനഡായിൽ, കോൺഗ്രിഗേഷണലിസ്റ്റ് സഭയിൽ ചേർന്ന യുക്രേനിയൻകാർ – റഷ്യയിൽ ബാപ്റ്റിസ്റ്റൻ സഭയിൽ ചേർന്ന ഓർത്തഡോക്സുകാർ |

www.malankaralibrary.com

## സംഗ്രഹം 4 പൗരസ്ത്യ സഭകൾ
### ഭരണകൂടവും കേന്ദ്രീകരണങ്ങളും ആധാരമാക്കി.

| പാത്രിയാക്കാമാർ | കത്തോലിക്കർ<br>മെത്രാപ്പോലീത്താമാർ | പരി. സിംഹാസനത്തിന്റെ നേരിട്ടുകീഴിൽ |
|---|---|---|
| 1 അലക്സാന്ത്രിയൻ (കോപ്റ്റ്) | എത്യോപ്യൻ–അഡീസ് അബാബ | – മറ്റുള്ളവയെല്ലാം (ലത്തീൻ രൂപതയോടു ചേർന്നില്ക്കുന്ന രണ്ടു രൂപതകളും ക്രീസേവ്ചി, ഹയിഡുഡോറെ എന്നിവ ഒഴിച്ച്) |
| 2 അന്ത്യോക്യൻ (മാറോനീത്ത) | സീറോ മലങ്കര–തിരുവനന്തപുരം | |
| 3 അന്ത്യോക്യൻ (സിറിയൻ) | സീറോ–മലബാർ–എറണാകുളം, ചങ്ങനാശ്ശേരി | |
| 4 അന്ത്യോക്യൻ (മെൽക്കിത്ത) | റുമേനിയൻ–അൽബജൂലിയ | |
| 5 സിലിഷ്യൻ (അർമ്മേനിയൻ) | യുക്രേനിയൻ–ഫിലാഡൽഫിയ | |
| 6 ബാബിലോൺ (കൽദായ) | { വിന്നിപെഗ് (കാനഡ)<br>ലെയോപോലിറ്റൻ | |

#### അകത്തോലിക്കർ

| a) പാത്രിയാക്കാമാർ | സ്വതന്ത്രസഭകൾ (Autonomous) |
|---|---|
| 1 അലക്സാന്ത്രിയൻ (കോപ്റ്റ്) | |
| 2 എത്യോപ്യൻ (അഡീസ് അബാബ) | |
| 3 അന്ത്യോക്യൻ (യാക്കോബായ) | മലങ്കര യാക്കോബായ കാതോലിക്കോസ് |
| 4 പൗരസ്ത്യ അസ്സീറിയൻ (നെസ്തോറിയ) | |
| 5 അർമ്മേനിയൻ (എസ്മിയാഡ്സിൻ) | |

www.malankaralibrary.com

6 " (സിലിഷ്യൻ)
7 " (ജറുസലേം)
8 " (കോൺസ്റ്റാൻറിനോപ്പിൾ)

9 കോൺസ്റ്റാൻറിനോപ്പിൾ

10 അലക്സാന്ത്രിയൻ
11 അന്തോക്യൻ
12 ജറുസലേം
13 റഷ്യൻ
14 ജോർജിയൻ (കാതോലിക്കോസ്)
15 സേർബിയൻ
16 റുമേനിയൻ
17 ബൾഗേറിയൻ

(10–17: ഓർത്തഡോക്സ്)

b) <u>ആർച്ചുബിഷപ്പന്മാർ</u> (Major)

സൈപ്രസ് (നിക്കോസിയ)
ഗ്രീക്ക് (ആതൻസ്)

c) <u>മെത്രാപ്പോലീത്താമാർ</u>

അൽബേനിയൻ
പൊളോണിയൻ
ചെക്കോസ്ലോവാക്കിയൻ

{ ഫിന്നിഷ്യൻ, എസ്റ്റോണിയൻ, ലെത്തോണിയൻ റഷ്യൻ (പാരിസ്) മെത്രാപ്പോലീത്താമാർ

സീനായ് മലയിലെ ആർച്ചുബിഷപ്പ് ചിനസഭ....

---

മററു ചില ഓർത്തഡോക്സ് സഭകളുടെ കാനോനികനില (മാതൃസഭയുമായുള്ള ബന്ധമോ വിമുക്തിയോ) അവിതർക്കിതമല്ല.

www.malankaralibrary.com

c) ഭരണകൂടം : ഒരു റീത്തു് സ്വയംഭരണമുള്ളതോ മററു സഭയാൽ ഭരിക്കപ്പെടുന്നതോ എന്നാണു് നാം ഇവിടെ പരിശോധിക്കേണ്ടതു്. പാത്രിയാർക്കായോ ആർച്ച്ബിഷപ്പോ ഒരു റീത്തിനു തലവനായി ഉണ്ടെങ്കിൽ അതിനു മററു റീത്തുകളിൽനിന്നു് എന്തോ വ്യത്യസ്തമായുണ്ടെന്നു് സാധാരണമായി അനുമാനിക്കാം. ആധുനിക സഭയിലേപ്പോലെ കെട്ടുറപ്പുള്ളതും കേന്ദ്രീകൃതവുമായ ഭരണസംഘടന ആദിമകാലങ്ങളിൽ നിലവിലിരുന്നുവെന്നു സങ്കല്പിക്കുകപോലും സാദ്ധ്യമല്ല. വിശ്വാസസംബന്ധമായ കാര്യങ്ങളിൽ അപ്പസ്തോലന്മാർ പ്രസംഗിച്ചു പ്രചരിപ്പിച്ച സഭകൾ ഐകരൂപ്യമുള്ളവയായിരുന്നുവെന്നതു വാസ്തവംതന്നെ. എന്നാൽ ആരാധനാരീതി, ആരാധനഭാഷ, ആചാരങ്ങൾ എന്നിവയിൽ 'പ്രാദേശികത്വം' കടന്നുകൂടി സ്വകീയഗുണങ്ങളും പ്രത്യേകതകളും ഉള്ളവയായി. ഭരണകാര്യങ്ങളിൽ പരിശീലനം, ജനതതികൾ തമ്മിലുള്ള പരിചയം, അതോടൊപ്പം സുരക്ഷിതങ്ങളും ശീഘ്രതരങ്ങളുമായ യാത്രാമാർഗ്ഗങ്ങൾ ഇവ പ്രാദേശികാധികാരത്തിന്റെ ശക്തി കുറയ്ക്കുകയും പ്രമുഖനഗരങ്ങളിൽ കേന്ദ്രീകൃതഭരണം ആരംഭിക്കുന്നതിനു കാരണമാകുകയും ചെയ്തു. ഇപ്രകാരം പ്രമുഖങ്ങളായിത്തീർന്ന നഗരങ്ങളിലെ സഭാധിപന്മാർ, വിശേഷതരങ്ങളായ അധികാരാവകാശങ്ങൾ അനുഭവിച്ചുതുടങ്ങി. ഇങ്ങനെയുള്ള സഭാഭരണാധികാരികളാണു് പലപ്പോഴും പാത്രിയാർക്കീസന്മാരായിത്തീർന്നതു്. * ഈ വിധത്തിൽ അലക്സാന്ത്രിയ, അന്തോക്യ, ജറുസലേം, കോൺസ്റ്റാന്റിനോപ്പിൾ എന്നിവ X റോമൻ സാമ്രാജ്യത്തിലുയർന്നുവന്നപ്പോൾ അതിനു പുറത്തു പേർഷ്യ, അർമേനിയൻ എന്നീ സഭകൾ സ്വതന്ത്രമായി വളർന്നുവന്നു. ഇത്തരത്തിലുള്ള സ്വതന്ത്രങ്ങളായ കേന്ദ്രസഭകൾ ആരാധനാക്രമത്തിനു രൂപം കൊടുക്കാൻ വളരെയധികം സഹായിച്ചിട്ടുണ്ടെന്നു് അടുത്തു് പ്രതിപാദിക്കുന്നതിൽനിന്നു മനസ്സിലാകാം.

www.malankaralibrary.com

* പാത്രിയർക്കാസിംഹാസനങ്ങൾ ഉയർന്നുവരുന്നതിനു പലഘടകങ്ങൾ സഹായിച്ചിട്ടുണ്ട്. അപ്പസ്തോലസ്ഥാപിതം, രാഷ്ട്രീയമായ പ്രാമുഖ്യം, സഭാപരമായപ്രാധാന്യം ഇവ അത്തരത്തിലുള്ളവയാണ്. വി. പത്രോസ് അന്ത്യോക്യായിലും വി. മർക്കോസ് അലക്സാണ്ട്റിയായിലും വി. യാക്കോബു ജറുസലേമിലും സഭ സ്ഥാപിച്ചു. വളരെത്താമസിച്ചുമാത്രം (റോമൻസാമ്രാജ്യത്തിൻെറ തലസ്ഥാനം ആയപ്പോൾ) സഭാകേന്ദ്രസ്ഥാനം ആഗ്രഹിച്ച കോൺസ്റ്റാൻറിനോപ്പിൾ, വി. അന്ത്രയാണ് അതിൻെറ സ്ഥാപകനെന്ന കെട്ടുകഥ പടുത്തെടുത്തു. (അപ്പസ്തോലികസഭകളെല്ലാം പാത്രിയാർക്കാസിംഹാസനങ്ങളല്ലെന്നു നാം ഇവിടെ സ്മരിക്കണം). ഹെറാക്ലിയാ മെത്രാപ്പോലീത്തായുടെ കീഴിലുള്ള ഒരു രൂപതയായിരുന്നു കോൺസ്റ്റാൻറിനോപ്പിൾ. സാമ്രാജ്യത്തിൻെറ പുതിയ തലസ്ഥാനം കോൺസ്റ്റാൻറിനോപ്പിൾ ആയതോടെ പഴയറോമിൻെറ എല്ലാ പദവികളും ബഹുമതികളും റോമിനുശേഷം രണ്ടാംസ്ഥാനത്ത് അതു സ്വീകരിച്ചുവെന്ന അർത്ഥത്തിൽ അതിനെ 'രണ്ടാമത്തെ റോമ' എന്നു വിളിച്ചുതുടങ്ങി. കോൺസ്റ്റാൻറിനോപ്പിൾ കൗൺസിലിലെ 3-ാം കാനോനും, കൽക്കദോനിയാ സൂനഹദോസിൻെറ 28-ാം കാനോനും ഈ സ്ഥാനം അംഗീകരിച്ചെങ്കിലും പരി. സിംഹാസനം അക്കാലങ്ങളിൽ അതു് അംഗീകരിച്ചില്ല. സഭാപരമായ പ്രാധാന്യമുണ്ടായിരുന്ന ജറുസലേമിൽനിന്നു് ആരാധനക്രമങ്ങളും രീതികളും തീർത്ഥാടകർമൂലം മററു പ്രദേശങ്ങളിൽ പ്രചരിച്ചിട്ടുണ്ട്. ജറുസലേമിൽ ജനങ്ങളും വൈദികരും ചേർന്നു (കാനോന) നമസ്കാരം ചൊല്ലിയിരുന്നതു മററു സഭകൾ അനുകരിച്ചു. പല രീതിയിലും കാണുന്ന ദുഃഖവെള്ളിയാഴ്ച്ചക്രമം കാൽവരിയിലും ക്രിസ്തുവിൻെറ കവറിടത്തിലും ആചരിച്ചുപോന്ന ആരാധനക്രമങ്ങളുടെ അനുകരണമാണ്.

X പുരാതനങ്ങളായ ഈ നാലു സഭാകേന്ദ്രങ്ങളോടു ബ...

www.malankaralibrary.com

ന്ധപ്പെട്ട് ഇന്ന് അറിയപ്പെടുന്ന പാത്രിയാർക്കാസിംഹാസനങ്ങൾക്ക 3-ാം സംഗ്രഹം കാണുക. പൗരസ്ത്യസഭകളുടെ ഇന്നു നിലവിലിരിക്കുന്ന ഭരണക്കൂടവും കേന്ദ്രീകരണവും നാലാം സംഗ്രഹത്തിൽനിന്നു ഗ്രഹിക്കാവുന്നതാണ്. വിവിധപാത്രിയാർക്കാസിംഹാസനങ്ങളുടേയും പൗരസ്ത്യസഭകളുടേയും ചരിത്രപരമായ ഉത്ഭവം മനസ്സിലാക്കുവാൻ cfr. Fr. Placid, പൗരസ്ത്യസഭകൾ, മാന്നാനം 1930; Oriente Cattolico, Rome, 1962 pp. 89-465; Attwater, Christain Churches of the East 2. Vol. Milwaukee, 1961 Passim; De Uries S. J. Oriente Christiano ierie oggi, Roma 1949, pp. 1-123; King A, The Rites of Eastern Christendom, 2. Vol. Rome 1947-48 Passim; Janin, hes Eglises orientales et les rites orientaux, Paris 1955, Passim.

d) <u>ആരാധനക്രമം</u> (ദിവ്യബലി)

പീഡാനുഭവത്തിന്റെ തലേരാത്രി ക്രിസ്തുനാഥൻ സ്ഥാപിച്ച ദിവ്യബലിയാണ് എല്ലാ ആരാധനക്രമത്തിനും അടിസ്ഥാനമായിരിക്കുന്നത്. 'ഇതെന്റെ അനുസ്മരണയ്ക്കായി ചെയ്യുവിൻ' എന്ന അന്ത്യശാസനം അനുസരിച്ചും, ദിവ്യനാഥനെ അനുകരിച്ചും എല്ലാ ക്രൈസ്തവദൈവാലയങ്ങളിലും പുരോഹിതൻ അപ്പവും വീഞ്ഞും 'എടുത്തുവാഴ്ത്തി സ്തുതിപറഞ്ഞു'' കൂദാശവചനങ്ങൾ ഉച്ചരിക്കുകയും വിശ്വാസികളെല്ലാം ദിവ്യഭോജനം അനുഭവിക്കുകയും ചെയ്തുപോന്നു. ഇതു 'വിശ്വാസികളുടെ കുർബാന'യുടെ ഭാഗമാണ്. എന്നാൽ സ്നാനാർത്ഥികളുടെ (Catechumens) കുർബാന * ആദിമനൂറ്റാണ്ടിൽ നട

* സിനഗോഗിലെ സാബത്തുപ്രഭാതാചാരണം ക്രമവൽക്കരിച്ചതാണിത്. ക്രിസ്തുമതത്തെ ആശ്ലേഷിക്കുവാനാഗ്രഹി

www.malankaralibrary.com

പ്പിലിരുന്നെന്നു ശ്ലീഹന്മാരുടെ നടപടിയിൽ കാണുന്നുണ്ടു്. ഈ ഭാഗം പലപ്പോഴും വിശ്വാസികളുടെ ബലിയുടെകൂടെയല്ല നടത്തിയിരുന്നതു്. ജ്ഞാനസ്നാനത്തിനു് അധികം ആളുകളുള്ളപ്പോൾ ഈ ഭാഗം ഉപേക്ഷിച്ചിരുന്നുവെന്നു വി. ജസ്റ്റിൻ 155-ൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

ആദ്യത്തെ രണ്ടു നൂററാണ്ടുകളിലെ ശുശ്രൂഷകൾ പ്രത്യേകക്രമമോ ക്ലിപ്തമായ പരിപാടിയോ കൂടാതെയുള്ളവയായിരുന്നു. പ്രാർത്ഥനകളും സങ്കീർത്തനങ്ങളും അപ്പഴപ്പോൾ തെരഞ്ഞെടുത്തിരുന്നു. ആരംഭംമുതൽതന്നെ ബലിയിൽ മെത്രാനും വൈദികരും വിശ്വാസികളും ഒന്നിച്ചു സംബന്ധിക്കുന്ന രീതി നടപ്പിലായി. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതോടെ ക്രമക്കേടു തീർക്കുവാൻ നിശ്ചിതവും വ്യവസ്ഥിതവുമായ ഒരു സഞ്ചയം പ്രാർത്ഥനകൾ മുൻകൂട്ടി തെരഞ്ഞെടുക്കേണ്ടിവന്നു. അങ്ങനെ ഓരോ പ്രദേശത്തു് ഓരോ തരത്തിലുള്ള പ്രാർത്ഥനാസഞ്ചയം രൂപംകൊണ്ടു. ആവർത്തിച്ചുള്ള ഉപയോഗംകൊണ്ടു് അവയ്ക്കു രൂഢി സിദ്ധിച്ചു. പണ്ഡിതന്മാരായ സഭാപിതാക്കന്മാർ കളയണ്ടതു കളഞ്ഞും ചേർക്കേണ്ടതു ചേർത്തും അവയ്ക്കു ക്ലിപ്തരൂപം നല്കി. ഇപ്രകാരമുള്ള സഞ്ചയങ്ങൾ ഒരു പ്രധാനസഭയോ പ്രമുഖമെത്രാനോ ഉപയോഗിച്ചുകണ്ടപ്പോൾ മററുള്ളവർ അവയെ അനുകരിച്ചും അനുസരിച്ചും അതേസമയം അല്പസ്വല്പവ്യത്യാസങ്ങളോടുകൂടിയും അവയെ സ്വീകരിക്കാൻ തുടങ്ങി. അല്പംകൂടി ക്ലിപ്തമായി പറഞ്ഞാൽ, നാലും അഞ്ചും നൂററാണ്ടുകളിൽ ഓരോ പാത്രിയാക്കീസായുടേയും മെത്രാപ്പോലീത്തായുടേയും അധികാരത്തിലുള്ള സഭയിൽ ഓരോതരം ദിവ്യബലിക്രമം ഉടലെ

..........

ച്ചവർക്കു് പാഠനത്തിനുള്ള സൗകര്യം നല്കിയ ഈ അധ്യയനകുർബ്ബാനയിൽ വേദപുസ്തകപാരായണത്തിനും ഉപദേശത്തിനും പ്രാധാന്യം നല്കിയിരുന്നു.

www.malankaralibrary.com

ട്ടത്തുകഴിഞ്ഞു. ഇവയെ നാലുഗണങ്ങളായിത്തിരിക്കാം.*

a) ഈജിപ്റ്റിലും (പിന്നീട് അബ്സീനിയായിലും) നടപ്പിലിരുന്ന അലക്സാന്ത്രിയൻ ആരാധനക്രമം: 215-ൽ രചിക്കപ്പെട്ട Apostolic tradition എന്ന ഗ്രന്ഥത്തിൽ ഒരു അനാഫൊറ x ഉണ്ട്. നമുക്ക ലഭിച്ചിട്ടുള്ളതിൽ ഏററം പുരാതനമായ ഒരു കർബ്ബാനക്രമമാണത്. എത്യോപ്പൻ റീത്തിൽ ഇപ്പോഴും ഉള്ളതുപോലെ സമാധാനചുംബനം (Kiss of peace) കൊണ്ടാരംഭിക്കുകയും ദിവ്യകാരുണ്യസ്ഥാപനവിവരണത്തിനുശേഷമുള്ള കാനോനകൊണ്ട് അവ നടത്തിക്കുന്നതുമാണത്. 4-ാംനൂററാണ്ടോടുകൂടെ വി. മർക്കോസിൻെറ നാമത്തിലുള്ള അനാഫൊറ രൂപംകൊണ്ടു.

b) അന്ത്യോക്യായിലും ജറുസലേമിലും നിലവിലിരുന്ന പാശ്ചാത്യ സുറിയാനി ആരാധനക്രമം: വി. യാക്കോബിൻെറ കർബ്ബാന എന്ന പേരിൽ അറിയപ്പെടുന്ന ഈ അനാഫൊറയുടെ ഒരു ഭാഗം വി. അപ്രേം ഉദ്ധരിക്കുന്നതിൽനിന്ന് ഇതിൻെറ പുരാതനത്വം ഗ്രഹിക്കാം. യാക്കോബായക്കാർ, സീറോമലങ്കരക്കാർ, ഗ്രീക്ക് ഓർത്തഡോക്സുകാർ (അപൂർവ്വമായി മാത്രം) എന്നിവരുടെയിടയിൽ ഇതു് ഉപയോഗിക്കുന്നുണ്ട്.

* Saleville, An introduction to the study of Eastern liturgies. London 1938, P 10.

x ഇതിൻെറ ഉള്ളടക്കം, എഴുതപ്പെട്ട സമയം ഇവയെപ്പററി അടുത്ത കാലത്തു വളരെ പഠനം നടന്നിട്ടുണ്ട്. cfr. Jungman, The Early liturgy. Notre Dame 1959 PP. 52-73

www.malankaralibrary.com

c) കപ്പദോച്ചിയായോട് ബന്ധപ്പെട്ട ബൈസൻറയിൻ ആരാധനക്രമം: വി. ബേസിൽ (329-379) ക്രമവൽക്കരിച്ചതാണ് ആ പുണ്യവാൻെറ നാമത്തിൽ അറിയപ്പെടുന്ന അനാഫൊറ. നാലാം നൂററാണ്ടോടുകൂടിത്തന്നെ ആരംഭിച്ചതാണ് വി. ജോൺ ക്രിസോസ്തോമിൻെറ കുർബാനയും.

d) മെസപ്പൊട്ടേമിയായിലും പേർഷ്യായിലും നടപ്പിലിരുന്ന പൗരസ്ത്യസുറിയാനി ആരാധനാക്രമം കൽദായരുടെ ഇടയ്ക്കുള്ള 'അദായി, മാറി' എന്നീ ശ്ലീഹന്മാരുടെ നാമത്തിലുള്ള അനാഫൊറ അതിപുരാതനമാണ്. ഇതുകൂടാതെ, തെയോദോറിൻേറയും നെസ്തോറിയസിൻേറയും പേരിൽ രണ്ട് അനാഫൊറകൾ കൂടിയുണ്ട്. *

ഈ ഗണത്തിന് ഏതാണ്ട തുല്യമായി അർമേനിയൻ ആരാധനക്രമം ഉണ്ട്. അത്, ചില ചില്ലറവ്യത്യാസങ്ങളോടുകൂടിയാണെങ്കിലും, വി. യാക്കോബിൻേറ(ഗ്രീക്കിലുള്ള)യും വി. ക്രിസോസ്തോമിൻേറയും അനാഫൊറകളുടെ ഒരു സങ്കലനമാണെന്നു പറയാം.

## പ്രത്യേകതകൾ

ഏതാണ്ട സമകാലികമായി വ്യവസ്ഥാപിതമായ രൂപവും ക്ലിപ്തമായ ഭാവവും സിദ്ധിച്ച ഈ അഞ്ച് ആരാധനക്രമങ്ങൾ തമ്മിൽ വളരെ സാമ്യം ഉണ്ടെങ്കിലും അവയോരോന്നിനും സ്വ

---

* ഏഴാം നൂററാണ്ടിനുമുമ്പു വേറെ ചില അനാഫൊറകളും ഉപയോഗിച്ചിരുന്നു. ഉദയംപേരൂർ സൂനഹദോസ് (1599) ദിയദോറിൻെറ അനാഫൊറയെപ്പററിയും യെബദ്ശേശു (1298) ദിയദോർ, ബർസൗമ, നർസേ എന്നിവരുടെ പേരിൽ അറിയപ്പെട്ടിരുന്ന അനാഫൊറയെപ്പററിയും പറയുന്നുണ്ട്.

www.malankaralibrary.com

കീയമായ പ്രകൃതിഗുണങ്ങൾ സ്പഷ്ടമായി ഇന്നു ദർശിക്കാവുന്നതാണ്.*

ബൈസൻറയിൻറീത്ത്: മദ്ബഹായെ ഹൈകലായിൽനിന്നു വേർതിരിക്കുന്ന (Iconostasis) വിരി, സുവിശേഷപുസ്തകവും ബലിവസ്തുക്കളുംകൊണ്ടുള്ള ആഘോഷമായ പ്രദക്ഷിണം, പ്രത്യേക പഞ്ചാംഗവും അനാഫൊറകളും, ദിവ്യബലിയിൽ ദൈവികകുഞ്ഞാട്ട കന്യകമറിയം, അപ്പസ്തോലന്മാർ മരിച്ചവർ....മുതലായവരുടെ ഓർമ്മയ്ക്കായി, അർപ്പിക്കാനുള്ള അപ്പം ചെറുകഷണങ്ങളാക്കി, പീലാസായിൽ ക്രമീകരിക്കുന്നത്. Zeon - ചൂടുവെള്ളം ഒഴിക്കൽ.

അർമ്മേനിയൻ റീത്ത്: അൾത്താരശുശ്രൂഷികൾ ഓരോ തിരശ്ശീല, കമനീയമായ തിരുവസ്ത്രങ്ങൾ, പ്രത്യേക കോളർ, (തലമുണ്ട്) തിരുശ്ശരീരരക്തങ്ങൾ ആഘോഷമായി ജനങ്ങളെ കാണിക്കുന്നത്, ആരാധനക്രമവർഷ (liturgical year)ത്തിനൊപ്പിച്ചുള്ള പ്രത്യേക പഞ്ചാംഗം.

അന്ത്യോക്യൻ റീത്ത്: (സിറിയൻ, മാറോനീത്താ, സീറോ-മലങ്കര) മെത്രാന്മാരുടെ മസനഫ്സ (ശീലമുടി) എഴുപ

..................................................................................

* ഇവയെപ്പററി കൂടുതലായി ഈ പുസ്തകത്തിൻെറ രണ്ടാംഭാഗത്തിൽ കാണുക. പൗരസ്ത്യറീത്തുകളിൽ കാണുന്ന ദൈവശാസ്ത്രപ്രബോധനങ്ങളിൽ സമൃദ്ധം, ഭക്താനുഭൂതി നല്കാൻ പ്രാപ്തം, ധാർമ്മികസിദ്ധാന്തങ്ങളിൽ ധന്യം, വി. ലിഖിതത്തേയും സഭാപിതാക്കന്മാരേയും ഉദ്ധരിക്കുന്നതിലുള്ള ബഹുലത, കീർത്തനങ്ങളുടെ ആസ്വാദ്യത എന്നീ ഗുണങ്ങളും ദൈർഘ്യം, ആവർത്തനം എന്നീ ദോഷങ്ങളും മനസ്സിലാക്കാൻ cfr. Salaville, liturgies orientales, chapter IV.

www.malankaralibrary.com

തോളം അനാഫൊറകൾ, സെദ്റോ എന്ന പ്രത്യേക പ്രാൎത്ഥനാക്രമം.

കൽദായറീത്തു്: (കൽദായ, സീറോ–മലബാർ)

കാനോനാ നമസ്കാരത്തിൽ സങ്കീൎത്തനത്തിനുള്ള പ്രമുഖസ്ഥാനം, ആദിമശതകങ്ങളിലേതുപോലെ കുർബാനയിൽ പുതിയനിയമത്തിലും പഴയനിയമത്തിലുംനിന്നുള്ള ഈരണ്ടുവായനകൾ, മൂന്നു് അനാഫൊറ.

അലക്സാന്ത്രിയൻ (കോപ്റ്റിക്, എത്യോപ്യൻ)

പുതിയനിയമത്തിൽനിന്നു നാലുവായനകൾ, ബലിക്കിടയ്ക്കുള്ള പാപസങ്കീൎത്തനപ്രാൎത്ഥനകൾ (Confession)

ഈ പ്രത്യേകതകളൊക്കെ കാണുന്നുണ്ടെങ്കിലും പൗരസ്ത്യറീത്തുകളിലെ ആരാധനക്രമങ്ങൾക്കു് ഒരു പൊതുവായ പദ്ധതി വച്ചു മനഞ്ഞെടുത്തതാണെന്നു തോന്നിക്കുമാറു പ്രകൃതത്തിൽ വളരെ സാധൎമ്മ്യമുള്ളവയാണു്. ദിവ്യബലിയിൽ ഇവയ്ക്കെല്ലാം പൊതുവായ ഒരു ക്രമം ഉള്ളതു് 5–ാം സംഗ്രഹത്തിൽനിന്നു മനസ്സിലാക്കാം.

ഈ ആരാധനക്രമങ്ങൾ എല്ലാംതന്നെ ഏതാണ്ടു മൂന്നു മുതൽ ആറുവരെയുള്ള നൂററാണ്ടുകളിൽ മുളച്ചുവളൎന്നതാകയാൽ വളരെയധികം ഘടകങ്ങൾ പരസ്പരം കൈമാറിയിട്ടുണ്ടു്. കൽദായറീത്തിനോടു മററു റീത്തുകൾക്കുള്ള കടപ്പാടുതന്നെ ഉദാഹരണമായെടുക്കാം.* കെസ്ത്രോമായിലും, മദ്ബഹായിലും നില്ക്കുന്നവർ സങ്കീൎത്തനം ഇടവിട്ടുചൊല്ലുന്ന രീതി മററു സഭകൾ അനുകരിക്കാൻ ശ്രമിച്ചു. ഒരാൾ ചൊല്ലുന്ന

* Jungmann, op. citf P. 204–5

www.malankaralibrary.com

## സംഗ്രഹം 5

### പൗരസ്ത്യറീത്തുകൾക്ക പൊതുവായുള്ള ദിവ്യബലിക്രമം.

**A. സ്നാനാൎത്ഥികളുടെ (അധ്യയന) കുർബാന.**

പ്രാരംഭപ്രാൎത്ഥനകളും ഗാനങ്ങളും.

ത്രൈയേകശുദ്ധികീൎത്തനം: (ദൈവമേ നീ പരിശുദ്ധനാകുന്നു, ബലവാനേ നീ....)

വായനകൾ — പഴയനിയമം, ലേഖനം, സുവിശേഷം.

**B വിശ്വാസികളുടെ കുർബാന.**

a) അനാഫൊറയ്ക്കുമുമ്പ്:—

വിശ്വാസികൾക്കുവേണ്ടിയുള്ള പ്രാൎത്ഥന (കാറോസൂസ)

ബലിവസ്തുക്കളെ ആഘോഷമായി ആനയിക്കൽ

കാഴ്ചവയ്പ്.

(സ്നേഹചുംബനം)

വിശ്വാസപ്രമാണം.

b) അനാഫൊറ:

നീണ്ട ദിവ്യകാരുണ്യപ്രാൎത്ഥന (Sursum dialogue, Sanctus, കൎത്താവിന്റെ ജീവിതത്തിന്റേയും അന്ത്യത്താഴത്തിന്റേയും ഓൎമ്മ കൊണ്ടാടൽ)

ദിവ്യകാരുണ്യസ്ഥാപനം (സ്ഥാപനവാക്യം, കാഴ്ചവയ്പ്, റൂഹാക്ഷണം (epiclesis)

മാധ്യസ്ഥപ്രാൎത്ഥന:— (മരിച്ചവൎക്കും ജീവിക്കുന്നവൎക്കുംവേണ്ടി; കൎത്തൃപ്രാൎത്ഥനയും അതിന്റെ സമാപനവും (Embolism)

എഴുന്നെള്ളിച്ചുയൎത്തൽ, വിഭജനം ദിവ്യകാരുണ്യസ്വീകരണം { (തലകുനിച്ചുള്ള പ്രാൎത്ഥന, പരിശുദ്ധവസ്തു വിശുദ്ധൎക്കു യോജിച്ചതു് എന്ന അറിയിപ്പു്,.......)

N. B. ഇതിൽ അല്പസ്വല്പവ്യത്യാസമുള്ളതു് പൗരസ്ത്യാരാധനക്രമങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ (രണ്ടാംഭാഗത്തിൽ) ചൂണ്ടിക്കാണിക്കുന്നതാണു്.

www.malankaralibrary.com

തിനു മററുള്ളവർ ഉത്തരിക്കുന്നതിനുപകരം സങ്കീർത്തനഭാഗം രണ്ടുഗണമായി ചൊല്ലുവാൻ തുടങ്ങി. എല്ലാ സങ്കീർത്തനങ്ങളുടേയും അവസാനം 'ത്രിത്വസ്തുതി' പാടുന്നരീതിയും സുറിയാനിക്കാരുടെ ഇടയിൽ ആരംഭിച്ചതാണെന്നു് Jungmann അഭിപ്രായപ്പെടുന്നു. സുറിയാനിയിൽ, വിരചിതങ്ങളായ പല കീർത്തനങ്ങളും ഇതരറീത്തുകാർ സ്വീകരിച്ചിട്ടുണ്ടു്. x സീറോ–മലബാർ റീത്തിൽ ദിവ്യബലിയുടെ അവസാനം ആൾത്താരയോടു വിടവാങ്ങുന്ന പ്രാർത്ഥനയുണ്ടു്. അതു മാറോനീത്താറീത്തിൽനിന്നു സ്വീകരിച്ചിട്ടുള്ളതാണു്. അതേ പ്രാർത്ഥന തന്നെ അല്പസ്വല്പവ്യത്യാസത്തോടെ സിറിയൻ റീത്തിലുമുണ്ടു്

..................................................................................................

x ദുഃഖവെള്ളിയാഴ്ച ലത്തീൻ റീത്തിൽ ഉപയോഗിക്കുന്ന Popule Meus എന്ന കീർത്തനത്തിന്റെ രണ്ടാംഭാഗം സുറിയാനിയിലേക്കു വിവർത്തനംചെയ്താൽ സുറിയാനി പദ്യരീതി കൊപ്പിച്ച ശ്ലോകങ്ങളുടെ ആദ്യക്ഷരം അക്ഷരമാലയുടെ ക്രമത്തിൽ (ആലപ്പ്, ബേസ്, ഗാമൽ) വരുന്നതായി കാണാം എന്നു് Baumstark സമർത്ഥിച്ചിട്ടുണ്ടു്. Baumstark, The Comparative Liturgy, London. P. 104

www.malankaralibrary.com

അദ്ധ്യായം രണ്ടു്

# പൗരസ്ത്യസഭകൾ ഒററനോട്ടത്തിൽ

വിവിധറീത്തുകളുടെ ഉത്ഭവത്തെപ്പററി സമൃക്കായി കണ്ട ശേഷം ആരാധനക്രമം ആധാരമാക്കി ഒരു താരതമ്യപഠനം നടത്തുന്നതിനുമുമ്പു് ഓരോ പൗരസ്ത്യസഭയുടേയും ആധുനിക സ്ഥിതി മനസ്സിലാക്കുന്നതു വളരെ ഉപകാരപ്രദമാണു്. ഓരോ സഭയ്ക്കും ഇപ്പോഴുള്ള പ്രത്യേകതകൾ *ജനസംഖ്യ, റീത്തു്, വിശ്വാസം, പ്രചരിച്ചിരിക്കുന്ന രാജ്യങ്ങൾ എന്നിവ ആസ്പദമാക്കിയാണു്, ഈ ചുരുക്കെഴുത്തുവിവരണം.

I <u>അലക്സാന്ത്രിയൻ</u>: കോപ്റ്റിക്, എത്യോപ്യൻ എന്നു് രണ്ടായിത്തിരിക്കാം.

## 1 കോപ്റ്റിക് (Coptic)

<u>അകത്തോലിക്കർ</u>: തലവൻ "പാപ്പ" എന്നു വിളിക്കപ്പെടുന്ന അലക്സാന്ത്രിയൻ പാത്രിയാക്കീസാണു്. മെത്രാനാക്ക് "അമ്പാ" എന്ന സ്ഥാനപ്പേരുണ്ടു്. ആകെ 22 രൂപതകളുള്ളതിൽ 19 ഈജിപ്തിലാണു്. ഈ സഭയിലാകെ 2,600,000

* കമ്മ്യൂണിസ്റ്റാധിപത്യത്തിൽ ഇന്നു കഴിഞ്ഞുകൂടുന്ന സഭകളിലെ ജനസംഖ്യ കൃത്യമായി അറിയുക വിഷമമാണു്, ഇരുമ്പുമറ വീഴുന്നതിനുമുമ്പുള്ള എണ്ണമാണു് പലതിലും കൊടുത്തിരിക്കുന്നതു്. cfr. De Uries G. oriente christiano ieri e oggi. Rome 1949; Oriente Catholico, Rome 1962; Attwater, the Christian Churches of the East 2 Vol. Milwaukee 1961.

www.malankaralibrary.com

ഏകസ്വഭാവവിശ്വാസി (monophysites)കളുണ്ട്. മുഹമ്മദീയരാജ്യത്തുള്ള ഏററം വലിയ ക്രിസ്തീയസഭയാണിതു്. ദൈവാലയഗീതങ്ങളിൽ ഒരു പ്രത്യേക ത്രികോണോപകരണം ഉപയോഗിക്കുന്നുണ്ട്. ഈ റീത്തിൽ 8 സന്യാസസമൂഹവും 3 സന്യാസിനീസമൂഹവുമുണ്ട്.

കത്തോലിക്കർ: തലവൻ കെയ്റോയിലെ അലക്സാന്ത്രിയൻ പാത്രിയാക്കാ; നാലു രൂപതകളിലായി 82891 വിശ്വാസികൾ; സ്വന്തമായ സന്യാസസമൂഹങ്ങൾ ഇല്ല.

## 2 എത്യോപ്യൻ (Ethiopians)

അകത്തോലിക്കർ: ആദ്യമായി പാത്രിയക്കാസിംഹാസനം സ്ഥാപിച്ചുകിട്ടിയതു് 1959ലാണ്. നാമമാത്ര ഏകസ്വഭാവവാദികളായി 9,000,000 ആളുകൾ 15 രൂപതകളിലായുണ്ട്. പാത്രിയക്കാ അഡീസ് അബാബായിൽ താമസിക്കുന്നു. നിരവധി (180,000) വൈദികരുള്ളതിൽ വിദേശ്സമ്പന്നരായ സന്യാസികളും ഉൾപ്പെടുന്നു.

ദൈവാലയങ്ങൾ വൃത്താകാരത്തിലുള്ളവയാണ്. ആഘോഷമായ ആരാധനക്രമത്തിനിടയ്ക്കു് അനുവാദനീയമായ, പ്രത്യേക നൃത്തമുണ്ട്.

കത്തോലിക്കർ: അഡീസ് അബാബയിലുള്ള മെത്രാപ്പോലീത്തായുടെ കീഴിൽ മൂന്നു രൂപതകളിലായി 59215 വിശ്വാസികളുണ്ട്.

II അന്ത്യോക്യൻ: (പശ്ചിമ) സിറിയൻ, മാരോനീത്ത, സീറോമലങ്കര എന്നിവ കാണുക.

www.malankaralibrary.com

## (പശ്ചിമ) സിറിയൻ (West Syrian)

അകത്തോലിക്കർ: കിഴക്കിന്റെ മുഴുവൻ* പാത്രിയർക്കീസായ മാർ ഇഗ്നേഷ്യസ് യാക്കോബ് മൂന്നാമൻ ഹോംസിൽ താമസിക്കുന്നു. ഏകസ്വഭാവവാദികളായ ഒരുലക്ഷം ആളുകളുള്ളതിൽ 45,000 സിറിയായിലും ബാക്കി ഇറാക്ക്, യോർദാനിയ, ലിബനോൻ എന്നിവടങ്ങളിലുമാണ്. വനങ്ങളിൽ ആശ്രമമുണ്ടാക്കി വസിക്കുന്ന സന്യസ്തരുമുണ്ട്.

കത്തോലിക്കർ: (പാശ്ചാത്യ) സിറിയൻ എന്നും പേരുണ്ട്. അന്ത്യോക്യായുടേയും കിഴക്കിന്റെ മുഴുവന്റെയും പാത്രിയർക്കീസായ കട്ടിനാറം തപ്പൂണിയാണ് സഭാതലവൻ. പാത്രിയർക്കാ സിംഹാസനം ബെയ്റൂട്ടിലാണ്. 7 രൂപതകളിലായി 80,000 വിശ്വാസികളുണ്ട്.

## മാറോനീത്താ (Maronite)

അഞ്ചാം നൂററാണ്ടിൽ സിറിയായിൽ ജീവിച്ചിരുന്ന 'മാറോനി'ൽനിന്നാണ് ഈ പേരുത്ഭവിച്ചത്.

---

* "പൗരസ്ത്യം" എന്ന വാക്ക വിശദീകരിച്ചപ്പോൾ (ഒന്നാം അദ്ധ്യായം) റോമൻ സാമ്രാജ്യം ഇല്ലീറിക്കം, ഒറിയൻസ് (പൗരസ്ത്യം) ഗാല്ലിക്കം ഇററലി എന്നു നാലായി വിഭജിച്ചതായി പ്രസ്താവിച്ചല്ലോ. അതിൽ ഒറിയൻറ് പ്രവിശ്യയിൽപ്പെട്ട കിഴക്കൻ രൂപത (The diocese of Oriens)യിൽ നിന്നാണ് കിഴക്കിന്റെ പാത്രിയർക്കാ എന്ന സംജ്ഞ ഉത്ഭവിച്ചത്.

www.malankaralibrary.com

## സംഗ്രഹം 6

### പുരാതനങ്ങളായ നാലു പൗരസ്ത്യസഭാകേന്ദ്രസംജ്ഞകളോടുചേർത്ത് ഇന്ന് അറിയപ്പെടുന്ന പാത്രിയർക്കാ സിംഹാസനങ്ങൾ

| | കത്തോലിക്കാ പാത്രിയാർക്കാ | അകത്തോലിക്കാ പാത്രിയാർക്കാ |
|---|---|---|
| അലക്സാന്ത്രിയാ | കോപ്റ്റിക് മെൽക്കീത്തൻ (സ്ഥാനപ്പേര്) | കോപ്റ്റിക് മെൽക്കീത്തൻ |
| അന്ത്യോക്യ | സീറിയൻ മാറോനീത്ത മെൽക്കീത്ത (അലക്സാന്ത്രിയൻ അന്ത്യോക്യൻ എന്നീ സ്ഥാനപ്പേരുകൾ കൂടി ഉണ്ട്) | സീറിയൻ മെൽക്കീത്ത |
| ജറുസലേം | മെൽക്കീത്ത ലത്തീൻ | മെൽക്കീത്ത അർമേനിയൻ |
| കോൺസ്റ്റാന്റിനോപ്പിൾ | ,, ,, | ഗ്രീക്ക് അർമേനിയൻ |

www.malankaralibrary.com

ഇക്കൂട്ടർ എന്നെങ്കിലും അകത്തോലിക്കരായിരുന്നോ എന്നു വലിയ തർക്കമുണ്ടായിട്ടുണ്ടു്. എങ്കിലും അടുത്തകാലത്തു നടന്ന ഗവേഷണങ്ങളുടെ വെളിച്ചത്തിൽx ക്രിസ്തുവിൽ ഏകഇച്ഛാശക്തിയേ ഉണ്ടായിരുന്നുള്ളുവെന്നു വാദിച്ച Monothelytes കാരോടു് ഇവർക്കു ശത്രുത ഉണ്ടെന്നു കാണുന്നതിനാൽ ഇവർ എന്നും കത്തോലിക്കരായിരുന്നുവെന്നു അനുമാനിക്കാം. മാറോനീത്തക്കാരുടെയിടയിൽ അകത്തോലിക്കവിഭാഗം ഇല്ല. 770,000 ജനസംഖ്യയുള്ള ലിബാനോനിൽതന്നെ 377544 മാറോനീത്താക്കാരുള്ളതിനാൽ ആ രാജ്യത്തെ ഔദ്യോഗിക മതക്കാരെന്നതുപോലെ ആയിരിക്കയാണു് ഈ കത്തോലിക്കാവിഭാഗം. (ലിബനോനിൽ മാറോനീത്താക്കാരെക്കൂടാതെ 81,764 മൽക്കീത്തക്കാർ, 5911 സീറിയൻ കത്തോലിക്കർ, 14,218 അമേനിയർ, 3000 കൽദായക്കാർ, 4127 ലത്തീൻകാർ എന്നിങ്ങനെ വിവിധറീത്തുകാരായ കത്തോലിക്കർ ഒരുമിച്ചു താമസിക്കുന്നു). കൂടാതെ ലിബനോനിൽനിന്നു മൂന്നുലക്ഷത്തോളം മാറോനീത്താക്കാർ മററു സ്ഥലങ്ങളിൽ കുടിയേറി പാർക്കുന്നുണ്ടു്. വളരെയധികം ലത്തീൻമയം കടന്നുകൂടിയിട്ടുള്ള അന്ത്യോക്യൻ റീത്താണു് മാറോനീത്താക്കാർ ഉപയോഗിച്ചിരുന്നതു്. ഇപ്പോഴും ആ റീത്തും പുനരുദ്ധാരണത്തിലാണു്. പാത്രിയാർക്കീയുടെ പേരോടുകൂടി പത്രോസ് എന്നു ചേർക്കുന്നുണ്ടു്. മാറോനീത്താക്കാരുടെ അന്ത്യോക്യൻ പാത്രിയാർക്കാ എന്നാണു് സ്ഥാനപ്പേരു്. ലിബനോനിൽ 12 രൂപതകളുണ്ടു്. കുടിയേറിപ്പാർത്തവർക്കുവേണ്ടി അർജൻറീനായിലും ബ്രസീലിലും ഓരോ വികാരി ജനറാളും അമേരിക്കൻ ഐക്യനാട്ടിൽ രണ്ടു കോർ-എപ്പിസ്കോപ്പാമാരുമുണ്ടു്. സന്യാസാശ്രമങ്ങളാൽ ധന്യമാണു് മാറോനീത്താസഭ.

x Biblioth. National Pares, Codex Arab 169. fol 8-7

www.malankaralibrary.com

## സീറോ-മലങ്കര (Syro-Malankara)

അകത്തോലിക്കർ: പശ്ചിമസിറിയൻ റീത്തിലെ ആരാധനക്രമങ്ങൾ മലയാളത്തിൽ നടത്തുന്ന യാക്കോബായക്കാരും പ്രോട്ടസ്റ്റൻറുമതം (പ്രത്യേകിച്ചു ദൈവശാസ്ത്രത്തിൽ) കലർന്ന മാർത്തോമ്മാക്കാരുമാണ് ഇതിൽ പ്രമുഖസഭകൾ. പ്രോട്ടസ്റ്റൻറിസം മുഴുവനായി സ്വീകരിച്ചു മാർത്തോമ്മ ഏവങ്കേലിസ്റ്റൻസഭ 1961ൽ രൂപംകൊണ്ടു. മൂവായിരത്തോളം ജനങ്ങളുള്ള അഞ്ഞൂർസഭ 1772ൽ ജന്മമെടുത്തതാണ്. യാക്കോബായക്കാർ ഏഴരലക്ഷവും മാർത്തോമ്മാക്കാർ രണ്ടുലക്ഷവുമുണ്ട്. കോട്ടയത്താണ് യാക്കോബായ കാതോലിക്കോസിൻെറ ആരൂഢസ്ഥാനം. കോട്ടയം, കൊല്ലം, നിരണം, തുമ്പമൺ, അങ്കമാലി, കൊച്ചി, കണ്ടനാട്, ക്നാനായ ഇടവക എന്നിങ്ങനെ എട്ടു രൂപതകൾ (ഭദ്രാസനങ്ങൾ) മലങ്കര യാക്കോബായക്കാർക്കുണ്ട്. തിരുവല്ലായിലെ മാർത്തോമ്മാ യൂഹനോൻെറ കീഴിൽ വടക്കെ ഭദ്രാസനം (കോട്ടയം) തെക്കെഭദ്രാസനം (അടൂർ) മദ്ധ്യഭദ്രാസനം (മാരാമൺ) എന്നീ രൂപതകളും ഒരു മിഷനറി മെത്രാനുമുണ്ട്. അഞ്ഞൂർകാർക്ക് ഒരു മെത്രാനേ ഉള്ളു.

കത്തോലിക്കർ: യാക്കോബായസഭയിൽനിന്നു കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ട പശ്ചിമസിറിയൻ റീത്തുകാരാണിവർ. തിരുവനന്തപുരം അതിരൂപത, തിരുവല്ലരൂപത എന്നിവയിലുള്ള 24000 വിശ്വാസികളും, കോട്ടയം മെത്രാൻെറ കീഴിൽ പശ്ചിമസിറിയൻ റീത്തു പാലിക്കുന്ന ക്നാനായക്കാരും ഇതിലുൾപ്പെടുന്നു. മാർ ഇവാനിയോസിനാൽ സ്ഥാപിതമായ "ക്രിസ്ത്വാനുകരണസഭ" സന്യാസസഭയും സന്യാസിനിസഭയും കൂടാതെ "മരിയപുത്രികളും" ഈ സഭയ്ക്കു ഭൂഷണമായുണ്ട്.

www.malankaralibrary.com

## III കൽദായറീത്തു് (Chaldean Rite)

ഇപ്പോഠം സാധാരണമായി കത്തോലിക്കർ മാത്രമേ കൽദായസഭ എന്ന പേരിൽ അറിയപ്പെടുന്നുള്ളു. പൗരസ്ത്യഅസ്സീറിയൻ സഭയെന്നാണ് നെസ്തോറിയർ തങ്ങളെപ്പററി പറയുന്നതു്. തൃശ്ശൂരെ സൂറായികളും ഇക്കൂട്ടത്തിൽ പെടും. സീറോ-മലബാർ സഭയ്ക്കു മലബാറിലെ കൽദായ സുറിയാനിസഭയെന്നും പേരുണ്ടു്. ഇവയ്ക്കെല്ലാംകൂടി പൗരസ്ത്യസിറിയൻ റീത്തുകാഠ എന്നോ കൽദായറീത്തുകാർ എന്നോ പേരുപറയാവുണ്ടു്.

അസീറിയൻ നെസ്തോറിയൻസഭ: ഒരു കാലത്തു് ഇതു് ഇരുപത്തേഴ മെത്രാപ്പോലീത്തൻ രൂപതകളോടും 200 രൂപതകളോടുംകൂടി പ്രതാപത്തിൽകഴിഞ്ഞ മിഷനറിചൈതന്യംനിറഞ്ഞ സഭയായിരുന്നു.* ഇന്നു "കിഴക്കിന്റെ മുഴുവൻ പാത്രിയക്കീ"സായ ശെമയോൻ 23-ാമൻ പാത്രിയക്കീസിന്റെ കീഴിൽ അഞ്ചുരൂപതകളേ ഉള്ളു. (3 ഇറാക്കു്, 1 പേർഷ്യ, 1 തൃശ്ശൂർ) 1450 മുതൽ പാത്രിയക്കാസ്ഥാനം (മരുമക്കത്തായംവഴിക്കു) ഒരു കുടുംബത്തിൽനിന്നുതന്നെയാണു്. ഇപ്പോഴത്തെ പാത്രിയക്കാ കാലിഫോർണിയായിലാണു് വസിക്കുന്നതു്. ഇപ്പോഠം വൈദികർ വളരെ വിരളമായേ ഉള്ളു.

അസീറിയൻ പാത്രിയക്കീസിന്റെ കീഴിലുള്ള തൃശ്ശൂരെ സൂറായി (നെസ്തോറിയൻ)കഠ അയ്യായിരത്തോളംവരും. കൽദായറീത്തു പാലിക്കുന്ന ഇവർക്കു 5 ദൈവാലയങ്ങളും 8 വൈദികരും ഉണ്ടു്. അടുത്തകാലത്തുണ്ടായ ചില സംഭവവികാസങ്ങഠമൂലം മെത്രാൻകക്ഷി ബാവാകക്ഷി എന്ന രണ്ടു വ്യത്യസ്തചേരികഠ രൂപംകൊണ്ടിട്ടുണ്ടു്.

---

* Stewart, Nestorian Missionary Enterprise, Edinburgh 1928.

www.malankaralibrary.com

കത്തോലിക്കർ: ഇറാക്ക്, പേർഷ്യ, ആലെപ്പോ, ബെയ്റൂട്ട് എന്നിവടങ്ങളിലായി 190,000 കൽദായരുണ്ട്. 'കൽദായരുടെ ബാബിലോണിയൻ പാത്രിയർക്കാ' എന്ന സ്ഥാനപ്പേരുള്ള ഷെയിക്കോ പൗലോസ് രണ്ടാമനാണ് ഇപ്പോഴത്തെ സഭാതലവൻ. പാത്രിയർക്കായുടെ ഔദ്യോഗികവസതി ബാഗ്ദാദിലാണ്. ആകെ പന്ത്രണ്ടു രൂപതകളുണ്ടു്.

## സീറോ-മലബാർ (Syro-Malabar)

ഇത്രയേറെ ലത്തീൻറീത്തു ക്രമങ്ങൾ സ്വീകരിച്ചിട്ടുള്ള പൗരസ്ത്യസഭ വേറെയില്ല. 16-ാം നൂററാണ്ടിൽ മലബാറിൽ വന്ന പോർട്ടുഗീസ് മിഷനറിമാർക്ക് "പാഷണ്ഡത മാററണ" മെന്ന സദുദ്ദേശ്യമുണ്ടായിരുന്നുവെങ്കിലും ആ സദുദ്ദേശ്യം മിക്കവാറുംതന്നെ പൗരസ്ത്യറീത്തുകളെപ്പററിയുള്ള അജ്ഞതയിൽ വേരുറച്ചതായിരുന്നു. തൽഫലമായി മലബാറിൽ നിലവിലിരുന്ന പൗരസ്ത്യസുറിയാനി ആരാധനക്രമം മുഴുവൻ മാററിക്കളയാനുള്ള ശ്രമം നടന്നു. കൂദാശകർമ്മങ്ങൾ, പൊന്തിഫിക്കൽ മുതലായവ ലത്തീൻ ക്രമത്തിലേതുതന്നെ മലബാറിലും നടപ്പിലാക്കി. ദിവ്യബലിക്രമത്തിൽതന്നെയും പല വ്യത്യാസങ്ങൾ വരുത്താൻ ശ്രമിച്ചു. കാലം നീങ്ങിയതോടെ പലപ്പോഴെല്ലാം ചില മലബാറുകാർതന്നെ ആ രീതി സന്തോഷത്തോടെ സ്വീകരിച്ചു. ഇങ്ങനെ ഒരുത്തരുടെ ഭാഗത്തുനിന്നു യാതൊരു ദുരുദ്ദേശവും കൂടാതെയും എന്നാൽ, പ്രതിപാദ്യവിഷയത്തിലുള്ള പലരുടെ അജ്ഞതമൂലവും ജന്മമെടുത്ത 'സങ്കരറീത്ത്' 1962 ജൂലൈ 3 വരെ സമ്പൂർണ്ണമായി നിലനിന്നുവെന്നു പറയാം. അന്നു സീറോ-മലബാർ സഭാമേലദ്ധ്യക്ഷന്മാർ ഒരു സംയുക്ത ഇടയലേഖനംവഴി പുനരുദ്ധരിച്ച കർബാനക്രമം നടപ്പിലാക്കി. പുരാതനറീത്തിൻെറ പരിശുദ്ധിയിലേയ്ക്കുള്ള ആഹ്വാനം ഉൾക്കൊള്ളുന്ന പ്രസ്തുത ഇടയലേഖനത്തിൽ മലബാറിലെ പുരാതനറീത്തിനെപ്പററി പ്രതിപാദിക്കുന്നതു് ഇപ്രകാരമാണ്: "എല്ലാ

www.malankaralibrary.com

ന്യപാരമ്പര്യങ്ങളോടും വേദഗ്രന്ഥങ്ങളോടും അടുത്ത ബന്ധമുള്ളതാണതു്. കൂടാതെ കൽദായസുറിയാനിറീത്തു രൂപമെടുത്ത എദേസാനഗരം ആദ്യനൂററാണ്ടുകളിൽ ദൈവശാസ്ത്രപഠനത്തിന്റെയും വേദപുസ്തകാദ്ധ്യയനത്തിന്റെയും വിശ്രുതകേന്ദ്രവും.... സെമററിക് സംസ്കാരത്തിന്റെ ആസ്ഥാനവുമായിരുന്നു. ഈ അന്തരീക്ഷത്തിൽ വളർന്നുകൊണ്ടു് കൽദായസുറിയാനി റീത്തു തികച്ചും പൗരസ്ത്യമായ ഒരു സംസ്കാരവിശേഷത്തെ പ്രതിഫലിപ്പിക്കുന്ന ഒന്നാണു്, ഇതത്രേ നമ്മുടെ പുരാതനമായ റീത്തു്".

സീറോ-മലബാർ റീത്തിൽ 1962ലെ കണക്കനുസരിച്ചു ജനസംഖ്യ 1475464 ആണു്. രണ്ടു് അതിരൂപതകളിലായി 7 രൂപതകളും 1172 ഇടവകപ്പട്ടക്കാരും 385 സന്യാസപ്പട്ടക്കാരും 7385 കന്യാസ്ത്രീകളുമുണ്ടു്. വടക്കേ ഇൻഡ്യയിൽ ഝരന്ദാ (പ്രോവിൻസ്) മിഷൻവേലയ്ക്കായി അമലോത്ഭവമാതാവിന്റെ കർമ്മലീത്താസഭക്കാരെ (C. M. I.) ഏല്പിച്ചിരിക്കുന്നു. ഈ സന്യാസസഭയിൽ ആകെ ആയിരത്തോളം അംഗങ്ങളുണ്ടു്.

## IV അർമ്മേനിയൻ (Armanian)

<u>അകത്തോലിക്കർ:</u> ആകെ 1,600,000. അതിൽ 1,552000 അർമ്മേനിയായിലും ബാക്കി റഷ്യ, അമേരിക്ക, സിറിയ, ഇറാക്കു്, പേർഷ്യ, ഫ്രാൻസ് മുതലായ രാജ്യങ്ങളിലുമാണു്. തൊഴുത്തിൽകുത്തും രാഷ്ട്രീയനിയന്ത്രണവുംനിമിത്തം അർമ്മേനിയർ ഇന്നു നാലു ഭരണാധികാരികളുടെ കീഴെയാണു്. എസ്മിയാഡ്സിൻ, സിലിചിയാ എന്നിവടങ്ങളിലെ കാതോലിക്കോസുമാരും ജറുസലേം കോൺസ്റ്റാൻറിനോപ്പിൾ എന്നിവടങ്ങളിലെ പാത്രിയർക്കാമാരുമാണു് ഈ അധികാരികൾ. ഇതിൽ ഒന്നാമത്തേയാൾ റഷ്യയിലേയും അർമ്മേനിയായിലേയും അർമ്മേനിയൻകാരുടെ മേലദ്ധ്യക്ഷനാണു്. "ദൈവത്തിന്റെ കൃപയാലും രാഷ്ട്രത്തിന്റെ ഇച്ഛയാലും അർമ്മേനിയരെല്ലാവരു

www.malankaralibrary.com

ടേയും കത്തോലിക്കോസും ഉന്നതമെത്രാൻ യേശുമിശിഹായുടെ ദാസൻ, എസ്മിയാഡ്സിൻ, അറാററ് എന്നീ അപ്പസ്തോലിക സഭാമാതാവിന്റേയും രാഷ്ട്രത്തിന്റെ പ്രമുഖസിംഹാസനത്തിന്റേയും അത്യുന്നതപാത്രിയർക്കാ" എന്നാണ് എസ്മിയാഡ്സിൻ (സോവിയററ് അർമ്മേനിയായിൽ) കാതോലിക്കോസിന്റെ സ്ഥാനപ്പേര്. അദ്ദേഹത്തിനു 26 രൂപതകളും സിലിചിയൻ കാതോലിക്കോസിനു 4 രൂപതകളും ജറുസലേം പാത്രിയാക്കീസ്സു് ഒരു രൂപതയും കോൺസ്റ്റാന്റിനോപ്പിൾ പാത്രിയാക്കീസ്സു് ഇപ്പോൾ ഒരു രൂപതയും ഉണ്ട്. (1914ൽ 46 ഉണ്ടായിരുന്നു) ഏകസ്വഭാവവാദികളായ ഇവർ ഇപ്പോൾ 'ക്ലാസിക്' അർമ്മേനിയൻ ആണ് ആരാധനഭാഷയായി ഉപയോഗിക്കുന്നതു്.

കത്തോലിക്കർ: സിലിസിയായിലെ അർമ്മേനിയൻ പാത്രിയർക്കാ ബഡ്ഗാനിയൻ ഗ്രീഗോറിയോസ് 16-ാമൻ ബെയ്റൂട്ടിലാണ് ഇപ്പോൾ വസിക്കുന്നതു്. ജനസംഖ്യ 97100; 11 രൂപതകൾ. കമ്മ്യൂണിസ്റ്റ് ഭരണം ഭയന്നു വിപ്രവാസം കഴിക്കുന്നവർ നിരവധിയാണ്.

V ബൈസന്റയിൻ റീത്തു്: ഈ റീത്തിലുള്ള കത്തോലിക്കരും അകത്തോലിക്കരും ഉപയോഗിക്കുന്ന ആരാധനക്രമങ്ങൾ മിക്കവാറും ഒന്നുതന്നെ. ആരാധനക്രമത്തിൽ എല്ലാ സഭക്കാരും തദ്ദേശഭാഷ ഉപയോഗിക്കുന്നു.

## അൽബേനിയൻ (Albanian)

അകത്തോലിക്കർ: 1937ൽ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കാ സിംഹാസനത്തിൽനിന്നു സ്വതന്ത്രമായി (auto-caphel). എങ്കിലും സോവിയററ് ഗവണ്മെന്റിന്റെ പാവയായി ഈ സഭ കഴിയുന്നു. അൽബേനിയൻ മെത്രാപ്പോലീ

www.malankaralibrary.com

ത്തായാണ് തലവൻ. 4 രൂപതകളിലായി മൂന്നുലക്ഷം ജനങ്ങൾ.

കത്തോലിക്കർ: ബൈസൻറയിൻ റീത്തിൽപെട്ട 400 വിശ്വാസികളേ ഉള്ളൂ. ഇവർക്കും വേറെ അൽബേനിയായിലുള്ള 4000 ലത്തീൻകാർക്കുംകൂടി നിയമിച്ചിരുന്ന ഡലഗററ് അപ്പസ്തോലിക്കായും അൽബേനിയായിൽ ജോലിചെയ്തിരുന്ന ഇററാലിയൻ മിഷനറിമാരും നാടുകടത്തപ്പെട്ടതോടെ അൽബേനിയൻ കത്തോലിക്കാസഭ ധർമ്മസങ്കടത്തിലാണ്ടിരിക്കുകയാണ്.

ഇററാലോ അൽബേനിയൻസഭ എന്ന പേരിൽ ആരാധനക്രമത്തിൽ ഗ്രീക്കുഭാഷ ഉപയോഗിക്കുന്ന ബൈസൻറയിൻ റീത്തുകാരായ കത്തോലിക്കർ അൽബേനിയായിൽനിന്നു തുർക്കികളുടെ മതമർദ്ദനത്തിൽനിന്നു രക്ഷപ്പെട്ട് ഇററലിയിൽ കുടിയേറിപ്പാർത്തവരാണ്. ഇവർക്കു കാലാബ്രിയായിലും സിസിലിയിലും ഓരോ രൂപതയും റോമിനടുത്തു ഗ്രോത്തോഫെരാത്തായിൽ ഒരാശ്രമവും (exarchic) ഉണ്ട്. ജനസംഖ്യ 70400.

## ബുൾഗേറിയൻ (Bulgarian)

അകത്തോലിക്കർ: "ബുൾഗറി മുഴുവൻേറയും പാത്രിയാർക്കാ"യായ കുറില്ലോസ്, സോഫിയായിൽ വസിക്കുന്നു. 1961ൽ സ്വതന്ത്രസഭയായി. 10 രൂപതകൾ ബുൾഗറിയായിലും ഒന്ന് അമേരിക്കയിലുമുണ്ട്. മെത്രാന്മാർ സാധാരണമായി 'മെത്രാപ്പോലീത്താ' എന്നാണു വിളിക്കപ്പെടുക.

കത്തോലിക്കർ: 9480 ജനങ്ങൾ. ഒരു അപ്പസ്തോലിക എക്സാർക്കേററ സോഫിയായിൽ ഉണ്ട്. കമ്യൂണിസ്റ്റു മതമർദ്ദനംനിമിത്തം റോമായുമായി യാതൊരു ബന്ധവും പുലർത്താൻ സാധിക്കുന്നില്ല.

www.malankaralibrary.com

## ചെക്കോസ്ലോവാക്കിയ (Czechoslovakian)

അകത്തോലിക്കർ: 1948ൽ കമ്മ്യൂണിസ്റ്റധീനത്തിലായ ചെക്കോസ്ലാവാക്കായിൽ അധികം ഓർത്തഡോക്സുകാർ ഇല്ലായിരുന്നു. എന്നാൽ 1950ൽ കത്തോലിക്കരെയെല്ലാം ബലംപ്രയോഗിച്ച് ഓർത്തഡോക്സുകാരാക്കി. അതിനുമുമ്പ് പ്രാഗായിലെ മെത്രാപ്പോലീത്തായുടെ കീഴിൽ 4 രൂപതകളിലായി 50000 ജനങ്ങളേ ഉണ്ടായിരുന്നുള്ളു.

കത്തോലിക്കർ: 1948ൽ സ്ലോവാക്കിയായിൽ 305,645 ഉണ്ടായിരുന്നു. ബലപ്രയോഗത്താൽ അധികാരികളുടെ മുമ്പിൽ ഇവർ അകത്തോലിക്കരാണെങ്കിലും നല്ലൊരുഭാഗം കത്തോലിക്കാസഭയിൽതന്നെ.

## യൂഗോസ്ലാവിയ (Yugoslavian)

1945ൽ കമ്മ്യൂണിസ്റ്റ് ഫെഡറൽ റിപ്പബ്ളിക്കായിത്തീർന്ന യൂഗോസ്ലാവിയായിൽ; സ്ളൊവേനിയൻ, ക്രോഷ്യൻ, സേർബി, മാസിഡോണിയൻ തുടങ്ങിയ രാജ്യങ്ങൾ (ജാതികൾ) ഇതിൽ ഉൾക്കൊണ്ടിട്ടുണ്ട്.

സേർബിയൻ പാത്രിയർക്കേററ്: ഓർത്തഡോക്സ് വിഭാഗത്തിൽപ്പെട്ട സേർബിയൻ, മാസിഡോണിയൻ എന്നീ മെത്രാപ്പോലീത്താസഭകൾ ചേർന്നുണ്ടായതാണിത്. 25 രൂപതകളുള്ളതിൽ മൂന്നെണ്ണം മാസിഡോണിയൻ മെത്രാപ്പോലീത്താസഭയിൽ പെട്ടവയാണ്.

കത്തോലിക്കർ: യൂഗോസ്ളാവിയാ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു രൂപതയിലായി 56000 ബൈസൻറയിൻ കത്തോലിക്കരുണ്ട്. കമ്മ്യൂണിസ്റ്റുഭരണത്തിൻകീഴ് നശിപ്പിക്കപ്പെടാത്ത ഏക സ്ളാവിക് രൂപതയാണിത്. ബെൽഗ്രാഡിലെ ആർച്ച് ബിഷപ്പ് ബുക്കാഡ്കോയാണ് മേലദ്ധ്യക്ഷൻ.

www.malankaralibrary.com

## ഗ്രീക്ക് (Greek)

അകത്തോലിക്കർ: കോൺസ്റ്റാൻറിനോപ്പിറം, ഗ്രീസ്, സൈപ്രസ് എന്നീ മൂന്നുസഭകറം ഉറംപ്പെടുന്നു. a) കോൺസ്റ്റാൻറിനോപ്പിറം പാത്രിയക്കാ അത്തനാഗോറസിനു് 12 മെത്രാന്മാരുള്ള "പരിശുദ്ധ സുനഹദോസു്" ആലോചനാസമിതിയായുണ്ടു്. രൂപതകറം തുർക്കിസ്ഥാനിൽ 5. റോഡോസ് മെത്രാപ്പോലീത്തായുടെ കീഴിൽ 4. ഹെരാക്ലിയൻ മെത്രാപ്പോലീത്തായുടെ കീഴിൽ 8. ലണ്ടനിൽ ന്യൂയോക്കിലെ ആർച്ചുബിഷപ്പിന്റെ കീഴിൽ 10. സിഡ്നി 1. പാരീസ് 1. ആകെ ജനസംഖ്യ 15 ലക്ഷം. 'ആതോസ്' മലയിലെ സന്യാസാശ്രമം വളരെ വിശ്രുതമാണു്. b) ഗ്രീസ് രാജാവിന്റെ കീഴിലുള്ള സുനഹദോസിനാൽ ഭരിക്കപ്പെടുന്ന ഈ സഭയിൽ 80 ലക്ഷം ജനങ്ങളുണ്ടു്. ആതൻസിലെ തെയോക്ലീത്തോസ് ആർച്ചുബിഷപ്പിന്റെ കീഴിൽ 67 രൂപതകളുണ്ടു്. രൂപതാമെത്രാന്മാർ 'മെത്രാപ്പോലീത്താ' എന്നു വിളിക്കപ്പെടുന്നു. c) സൈപ്രസ്: രാഷ്ട്രീയഭരണംകൂടിയുള്ള മക്കാരിയോസ് ആർച്ചുബിഷപ്പിന്റെ കീഴിൽ നാലു രൂപതകളുണ്ടു്. ജനസംഖ്യ മൂന്നരലക്ഷം.

കത്തോലിക്കർ: ജനസംഖ്യ 3000. കോൺസ്റ്റാൻറിനോപ്പിളിലും ആതൻസിലും ഓരോ അപ്പസ്തോലിക എക്സാർക്കാകളുണ്ടു്.

## മെൽക്കീത്ത (Melkite)

ക്രിസ്തുവിന്റെ ഇരുസ്വഭാവങ്ങളെപ്പററിയുണ്ടായ തർക്കങ്ങളിൽ രാജാവിന്റെ പക്ഷംചേർന്നു നിന്നതിനാലാണു് ഈ പേർ ലഭിച്ചതു്. (മൽക്ക = രാജാവു്). പിൽക്കാലങ്ങളിൽ ബൈസൻറയിൻ റീത്തു സ്വീകരിച്ചു.

അകത്തോലിക്കർ അന്ത്യോകൃ, അലക്സാന്ത്രിയ, ജറുസലേം എന്നീ മൂന്നു പാത്രിയക്കാമാരുടെ കീഴിലാണു്.

www.malankaralibrary.com

a) അന്ത്യോക്യ ഡമാസ്കസിൽ വസിക്കുന്ന പാത്രിയർക്കീസിൻ്റെ കീഴിൽ 18 രൂപതകളിലായി മൂന്നുലക്ഷം ജനങ്ങളുണ്ട്. സിറിയായിലും ലിബനോനിലുമാണ് ഇവരിൽ ഭൂരിഭാഗവും വസിക്കുന്നത്. b) അലക്സാന്ത്രിയൻ പാത്രിയർക്കീസിൻെറ അധികാരത്തിൽപെട്ടവരായി 120,000 ജനങ്ങളുണ്ട്. ആകെ പതിനൊന്നു രൂപതകൾ. c) ജറുസലേം പാത്രിയർക്കാ 75,000 പേരുടെ മേലധികാരിയാണ്. അവരധികവും ഇസ്രായേലിലും യോർദാനിയായിലുമാണ്. 3 രൂപതകൾക്കുടാതെ ഒരാർച്ചുബിഷപ്പ് ഭരിക്കുന്ന സീനായിമലയിലെ സന്യാസാശ്രമവുമുണ്ട്.

കത്തോലിക്കർ: മാക്സിമൂസ് നാലാമൻ, "കിഴക്കിൻെറ മുഴുവൻേറയും അന്ത്യോക്യ, അലക്സാന്ത്രിയ, ജറുസലേം എന്നിവയുടേയും പാത്രിയർക്കാ"യാണ്. അദ്ദേഹത്തിൻെറ കീഴിൽ നാലുലക്ഷം വിശ്വാസികൾ 16 രൂപതകളിലായിട്ടുണ്ട്. കെയിറോയിലും ഡമാസ്കസിലും പാത്രിയർക്കായ്ക്കു ഔദ്യോഗികവസതികൾ ഉണ്ട്. മെൽക്കീത്തൻസഭയാണ് ഏററമധികം വൈദികമേലദ്ധ്യക്ഷന്മാരുള്ള (16) പൗരസ്ത്യകത്തോലിക്കാസഭ.

## സോവിയററ് യൂണിയൻ (Russian)

അകത്തോലിക്കർ: റഷ്യൻ, യുക്രേനിയൻ, ശ്വേതറുത്തേനിയൻ എന്നീ വർഗ്ഗത്തിൽപെട്ടവർ മോസ്കോപാത്രിയർക്കീസിൻെറ കീഴിലുണ്ട്. ആകെ എഴുപത്തിനാലു രൂപതകളും എണ്പത്തൊമ്പതു മെത്രാന്മാരും അഞ്ചുകോടി ജനങ്ങളും 20000 ഇടവകകളും 30,000 വൈദികരുമുണ്ട് (1961). ഗവണ്മെൻറിൻെറ നിയന്ത്രണത്തിലിരിക്കുന്ന ഈ സഭയിൽനിന്നു് സ്വാതന്ത്ര്യലോകത്തുള്ള പുത്രീസഭകൾ അല്പാല്പമായി സ്വാതന്ത്ര്യം നേടിവരുന്നു. പാരീസ്, ബർലിൻ, ന്യൂയോർക്ക് എന്നിവടങ്ങളിലുള്ള സഭകൾ ഇതിനുദാഹരണമാണ്.

www.malankaralibrary.com

കത്തോലിക്കോസ്: പാത്രിയർക്കാ എന്ന സ്ഥാനനാമമുള്ളയാളാണ് ജോർജിയായിലെ മേലദ്ധ്യക്ഷൻ. 5 രൂപതകളിലായി 25 ലക്ഷം ജനങ്ങളുണ്ട്.

കത്തോലിക്കർ: സ്ളാവിക് വർഗ്ഗത്തിൽപെട്ട യുക്രേനിയൻ, റുത്തേനിയൻ, റുമേനിയൻ, ഹംഗേറിയൻ എന്നീ സഭകളിലെല്ലാം കത്തോലിക്കരുമുണ്ട്.

## യുക്രേനിയൻ (Ucranian)

കമ്മ്യൂണിസ്ററ ഭരണത്തിൽ വളരെയധികം മർദ്ദനമേററ ഒരു സഭയാണിതു്. മൂന്നു മെത്രാപ്പോലീത്തൻ രൂപതകളുണ്ട്. ഹലീചിയായിൽ 4 രൂപതകളുണ്ട്. 1946ൽ കമ്മ്യൂണിസ്ററ തടങ്കലിൽ അടയ്ക്കപ്പെട്ട മെത്രാന്മാരിൽ ഒരാൾമാത്രം-ലെയോപ്പോളിലെ മോൺ. സ്ലിപ്പി-ഇന്നു ജീവിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ രൂപതയിൽ ആയിരം വൈദികരുണ്ടായിരുന്നു. വിപ്രവാസം കഴിക്കുന്ന യുക്രേനിയൻ വിശ്വാസികൾക്കായി അമേരിക്കയിൽ 3 രൂപതകളും കാനഡായിൽ നാലു രൂപതകളുമുണ്ട്. കൂടാതെ പശ്ചിമയൂറോപ്പ്, ജർമ്മനി, ഫ്രാൻസ്, ഇംഗ്ലണ്ട്, ആസ്ത്രേലിയ, ബ്രസീൽ, അർജൻറീന എന്നീ രാജ്യങ്ങളിൽ ഓരോ മെത്രാന്മാരുണ്ട് (Exarch or Ordinary). 1946നുമുമ്പു യുക്രേനിയായിൽ 3,586,000 വിശ്വാസികളുണ്ടായിരുന്നു. ഇന്നു വിപ്രവാസമനുഭവിക്കുന്നവർ 8 ലക്ഷമുണ്ട്. അകത്തോലിക്ക യുക്രേനിയൻസഭ മോസ്കോ പാത്രിയർക്കായുടെ കീഴിലാണെന്നു മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. യുക്രേനിയൻ സഭയാണ് വിശ്വാസികൾ ഏററം അധികമുള്ള പൗരസ്ത്യ കത്തോലിക്കാസഭ.

## റുത്തേനിയൻ (Ruthenian)

'കാർപാത്തി' താഴ്വരകളിൽ താമസിക്കുന്നവരും അവിടെനിന്നു കുടിയേറിപ്പാർത്തവരുമായ റുത്തേനിയൻ കത്തോലിക്കർ എട്ടുലക്ഷത്തോളംവരും. രണ്ടു രൂപതകളും മൂന്നു മെത്രാ

www.malankaralibrary.com

ന്മാരുമുണ്ട്. അകത്തോലിക്കർ മോസ്കോ പാത്രിയാക്കേറ്റിലുൾപ്പെടുന്നു.

## റുമേനിയൻ (Rumanian)

അകത്തോലിക്കർ: ഓർത്തഡോക്സ് സഭകളിൽ ഏറ്റം പ്രവർത്തനോന്മുഖമാണിത്. 1925ൽ പാത്രിയർക്കാസിംഹാസനം സ്ഥാപിതമായി. 12 രൂപതകളിലായി ഒന്നരക്കോടി ജനങ്ങളുണ്ട്.

കത്തോലിക്കർ: 5 രൂപതകളിലെ മേലദ്ധ്യക്ഷന്മാരും 1948ൽ തടങ്കലിൽ അടയ്ക്കപ്പെട്ടു. റുമേനിയായിൽ പതിനാറു ലക്ഷം ബൈസൻറയിൻ റീത്തുകാരുണ്ട്. പതിനായിരത്തോളം വിശ്വാസികൾ അമേരിക്കയിൽ വിപ്രവാസം കഴിക്കുന്നു. അവർക്കായി 1960ൽ ഒരു മെത്രാനെ വാഴിച്ചിട്ടുണ്ട്.

## ഹംഗേറിയൻ (Hungarian)

കത്തോലിക്കർ: ജനസംഖ്യ 215000. രണ്ടു സഭാഭരണ പ്രവിശ്യകളു (Ecclesiastical provinces)ണ്ടെങ്കിലും ഒരു മെത്രാനേ ഉള്ളു.

അകത്തോലിക്കർ: മോസ്കോ പാത്രിയർക്കായുടെ അധീനത്തിലാണ്.

## പോളണ്ട് (Polish)

നാലു രൂപതകളിലായി നാലുലക്ഷം ഓർത്തഡോക്സുകാരുണ്ട്. 1948ൽ സ്വതന്ത്രസഭയായി.

## ഫിന്നിഷ്യൻ

1923ൽ കോൺസ്റ്റാൻറിനോപ്പിളിൽനിന്നു സ്വതന്ത്രസഭയായി സ്വയം പ്രഖ്യാപിച്ചു. 60,000 ജനങ്ങൾ രണ്ടു രൂപതകളിലായി ഭരിക്കപ്പെടുന്നു. ആകെ ഒരു കത്തോലിക്കാ ദൈവാലയമേ ഉള്ളു.

www.malankaralibrary.com

## എസ്റ്റോണിയൻ (Estonian)

ഒരു ചെറുകൂട്ടം ഓർത്തഡോക്സുകാർ 1923ൽ സ്വതന്ത്ര സഭയായിത്തീർന്നെങ്കിലും രണ്ടാം ലോകമഹായുദ്ധത്തിനുശേഷം വീണ്ടും മോസ്കോ പാത്രിയർക്കീസിന്റെ കീഴിലായി.

## ലെത്തോണിയൻ (Lethonian)

ലിത്വാനിയാക്കാരോടു ചേർന്ന് സ്വതന്ത്രസഭയായെങ്കിലും എസ്റ്റോണിയൻസഭപോലെ പിന്നീടു മോസ്ക്കോയോടു ചേർക്കപ്പെട്ടു.

## ജപ്പാൻ (Japanese)

റഷ്യൻ മിഷനറിമാർ 1860ൽ സ്ഥാപിച്ച ഓർത്തഡോക്സുസഭയാണിതു്. ഇന്നു് ന്യൂയോർക്കിലെ റഷ്യൻ ഓർത്തഡോക്സു മെത്രാപ്പോലീത്തായുടെ കീഴിലാണു്. ജനസംഖ്യ 35000.

## ചീന (Chinese)

റഷ്യൻ വിപ്ലവത്തിനുശേഷം നിരവധി റഷ്യൻ ഓർത്തഡോക്സുകാർ ചൈനയിൽ കുടിയേറി. 1957 മുതൽ സ്വതന്ത്രയായി. ഈ സഭയിൽ രണ്ടു മെത്രാന്മാരുടെ കീഴിൽ ഇരുപതിനായിരം ജനങ്ങളുണ്ടു്.

## ഉഗാണ്ട (Uganda)

1933ൽ ആരംഭിച്ചു. ഉഗാണ്ടയിലും കെനിയായിലുമായി പതിനയ്യായിരം ഓർത്തഡോക്സുകാരുണ്ടു്.

## ശ്വേതറുത്തേനിയൻ (Albo Ruthenian)

2500 കത്തോലിക്കവിശ്വാസികൾ ലണ്ടനിലും ചിക്കാഗോയിലുമായുണ്ടു്. ഏകമെത്രാൻ ലണ്ടനിൽ വസിക്കുന്നു.

## റഷ്യൻ (Russian)

19-ാം നൂററാണ്ടിന്റെ അവസാനത്തിൽ പെത്രോപ്പോളി കേന്ദ്രമാക്കി ഉയർന്നു. കത്തോലിക്കാസമൂഹം വിപ്ലവകാലത്തു നാമാവശേഷമായി. ഇപ്പോൾ 3000 വിശ്വാസികളുണ്ടു്. ഏകമെത്രാൻ റോമിൽ വിപ്രവാസത്തിൽ കഴിയുന്നു.

www.malankaralibrary.com

## അദ്ധ്യായം മൂന്ന്

# പാശ്ചാത്യറീത്തുകൾ *

പൌരസ്ത്യറീത്തുകളൊഴിച്ച ക്രൈസ്തവസഭയിൽ ഉള്ള എല്ലാ റീത്തുകൾക്കുംകൂടി പാശ്ചാത്യറീത്ത് അഥവാ ലത്തീൻ റീത്ത് എന്നു പേരുപറയാം. തമ്മിൽ വളരെയധികം വ്യത്യാസങ്ങളുള്ള പാശ്ചാത്യസഭയിൽ വിവിധ ആരാധനക്രമങ്ങളുണ്ട്. റോമൻ ആരാധനക്രമം ആണ് ഇവയിൽ പ്രമുഖവും കൂടുതൽ പ്രചരവും. ഇററലിയിൽ മിലാൻ രൂപതയിലെ അബ്രോസ്യൻ റീത്തും, സ്പെയിനിൽ തൊളെദോ രൂപതയിലെ മൊസാറബിക റീത്തും തികച്ചും സ്വതന്ത്രങ്ങളായ ആരാധനക്രമങ്ങളാണ്. ഇതുപോലെ ഓരോ രൂപതയിൽമാത്രം ഉപയോഗത്തിലിരിക്കുന്ന വേറെ രണ്ട് റീത്തുകളുമുണ്ട്. അവ ഫ്രാൻസിലെ ലിയോൺരൂപതയിലും പോർട്ടുഗലിലെ ബ്രാഗായിലും നിലവിലിരുന്നവയും ഇപ്പോൾ ഏതാണ്ടു മൃതപ്രായമായവയുമാണ്. ഇവ റോമൻ റീത്തിന്റെ വളർച്ചയുടെ ഓരോ ഘട്ടങ്ങൾ സൂചിപ്പിക്കുന്നവയാണെന്നു പറയാം. ഇവകൂടാതെ സന്യാസസമൂഹങ്ങളിൽമാത്രം നിലവിലിരിക്കുന്ന കർത്തൂസ്യൻ, സിസ്റ്റേർസ്യൻ, കർമ്മലീത്ത, ഡൊമിനിക്കൻ, പ്രെമോൺസ്ട്രെട്ടെൻഷ്യൻ ഇവ പരസ്പരം വ്യത്യസ്തങ്ങളാണ്. ഗ്ലാഗോലിററിക (റോമൻ-സ്ലാവോണിക) റീത്തിനെപ്പററി മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. കൂടാതെ പുതിയ ഗാല്ലിക്കൻ ആരാധനക്രമവും ബ്രിട്ടീഷ് ദ്വീപുകളിൽ നവീകരണപ്രസ്ഥാനത്തിനു മുമ്പുണ്ടായിരുന്ന സാറം ആരാധനക്രമവും പാശ്ചാത്യക്രമത്തിൽ ഉൾപ്പെട്ടവതന്നെ.

---

* ഈ ഗ്രന്ഥത്തിൽ 'പാശ്ചാത്യറീത്ത്' എന്ന സംജ്ഞ കൊണ്ടു പാശ്ചാത്യാരാധനക്രമം എന്നേ വിവക്ഷിക്കുന്നുള്ളു.

www.malankaralibrary.com

റീത്തുഭാഷ: പൊതുവായിപ്പറഞ്ഞാൽ ഇവയിലെല്ലാം ലത്തീൻഭാഷയാണ്‌ ഉപയോഗിക്കുന്നത്‌. ക്രിസ്തബ്ദത്തിന്റെ ആദ്യത്തേയും രണ്ടാമത്തേയും നൂററാണ്ടുകളിൽ ഗ്രീക്കുഭാഷയിൽ ആരാധനക്രമങ്ങറം നടത്തിയിരുന്നു. രണ്ടാം നൂററാണ്ടിന്റെ സമാപനത്തോടെ ആഫ്രിക്കയിലും മൂന്നാം നൂററാണ്ടുമുതൽ ആറാംനൂററാണ്ടുവരെയുള്ള കാലത്തിനിടയ്ക്കു റോമിലും റീത്തുഭാഷ ലത്തീനായിത്തീന്നു. യൂഗോസ്ലാവിയായിൽ സ്ലാവോണിക ഭാഷയിൽ (ഗ്ലാഗോല്യിററിക ആരാധനക്രമം) റോമൻ റീത്തുതന്നെ അനുഷ്ഠിക്കപ്പെടുന്നുണ്ട്‌. ചൈനാക്കാക്കു ദേശീയഭാഷയിൽ കർബാനാക്രമം ഉണ്ടാക്കുവാൻ അനുവാദം നല്കിയിട്ടുണ്ട്‌. ഇസ്രായേലിലെ ചില ലത്തീൻ വൈദികക്കു കർബാനയുടെ ആദ്യഭാഗവും കാനോനനമസ്കാരവും മാതൃഭാഷയിൽ നടത്താൻ അനുവദിച്ചിട്ടുണ്ട്‌.

പൗരസ്ത്യാരാധനക്രമങ്ങളെ താരതമ്യപ്പെടുത്തി പഠിക്കുന്നതിനുമമ്പു പാശ്ചാത്യാരാധനക്രമങ്ങളെപ്പററി അല്പം പരിചയപ്പെടുന്നത്‌ ഉപകാരപ്രദമാണ്‌. അടുത്ത അദ്ധ്യായങ്ങളിൽ വാദമുഖങ്ങറം വ്യക്തമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പലപ്പോഴും പാശ്ചാത്യാരാധനക്രമങ്ങറം നമ്മെ സഹായിക്കുമെന്നതിനാൽ പാശ്ചാത്യറീത്തുകറം ഓരോന്നിന്റേയും* പ്രത്യേകത, കേരളീയരായ നമുക്കു പരിചയമുള്ള 'ലത്തീൻ റീത്തു' (റോമൻറീത്തു)മായി അവയ്ക്കുള്ള വ്യത്യാസം, അവയിൽ അലിഞ്ഞുചേന്നിരിക്കുന്ന പൗരസ്ത്യാരാധനക്രമമയം എന്നിവയെപ്പററി സമൃക്കായി പ്രതിപാദിക്കാം.

* ആദിമനൂററാണ്ടുകളിലെ പാശ്ചാത്യസഭകളെ റോമൻ റീത്തും ഗാല്ലിക്കൻ റീത്തും സ്വീകരിച്ചവയായി തിരിച്ചും പ്രതിപാദിക്കാവുന്നതാണ്‌.

www.malankaralibrary.com

## റോമൻറീത്ത്: (Roman Rite)

റോമിൽ മുളവെട്ടത്തുവളന്ന് ആദിമന്നൂററാണ്ടുകളിൽതന്നെ ആഫ്രിക്കാവരെ പടന്നുപന്തലിച്ചതാണിത്. ത്രെന്തോസ് സൂനഹദോസിന്റെ കാലത്തു ധാരാളം പ്രാദേശികകർബാനക്രമങ്ങളുണ്ടായിരുന്നു. 'ബലിയർപ്പണത്തിൽ ഐകരൂപ്യമുണ്ടാകാൻ' 1570ൽ പിയൂസ് അഞ്ചാമൻ പുതിയ റോമൻ കർബാനക്രമം പ്രസിദ്ധപ്പെടുത്തി. ഇരുന്നൂറുകൊല്ലത്തെ പഴക്കമുള്ള കർബാനക്രമങ്ങളും തുടന്നുപയോഗിക്കാൻ അനുവദിച്ചു. അതിനാലാണ് പാശ്ചാത്യദേശത്ത് ഇന്നു മററു റീത്തുകളുള്ളത്. മററു റീത്തുകളെപ്പററി താഴെ വിവരിക്കുമ്പോൾ റോമൻ റീത്തിനു് അവയുടെമേലുള്ള സ്വാധീനത എത്രയുണ്ടെന്നു ഗ്രഹിക്കാം. ഏററമധികം കത്തോലിക്കർ ഉപയോഗിക്കുന്ന റീത്താണിതു്. സാധാരണമായി മാപ്പാപ്പമാർ ഉപയോഗിക്കുന്നതും ഇതുതന്നെ.

മദ്ധ്യയുഗങ്ങളിൽ ഗാല്ലിക്കൻ റീത്ത് പൊട്ടംപൊടിയുമായി അലിഞ്ഞുചേന്നു. ഇതിൽ നിരവധി വിശുദ്ധരുടെ തിരുനാളുകളും അക്കാലത്ത് കടന്നുകൂടിയിട്ടുണ്ട്. ലത്തീൻ ഭാഷയെപ്പററിയുള്ള പരിജ്ഞാനം പൊതുജനങ്ങളിൽ നഷ്ടപ്പെട്ടതോടെ കാർമ്മികർ "ജനങ്ങളുടെ നാമത്തിൽ ബലി അർപ്പിക്കുന്നു" എന്ന ആശയം ശക്തിപ്പെടുകയും, ജനങ്ങൾക്കു ദിവ്യബലിയിൽ സജീവമായ പങ്കുണ്ടെന്ന യാഥാത്ഥ്യം മനസ്സിലാക്കാൻ വിഷമമായിത്തീരുകയും ചെയ്തു. തൽഫലമായി ദിവ്യബലിയുടെ സമയത്തു രഹസ്യഭക്തികൃത്യങ്ങൾ ചൊല്ലുന്ന രീതി ആരംഭിച്ചു. ഈ കുഴപ്പം പരിഹരിക്കാൻ ഇന്നു വലിയ പരിശ്രമം നടക്കുന്നുണ്ടു്. പ്രാദേശികഭാഷകളിൽ ആരാധനക്രമങ്ങൾ നടത്താൻ ഇന്നേവരും ആഗ്രഹിച്ചു രണ്ടാം വത്തിക്കാൻ സൂനഹദോസിൽ പ്രത്യാശയർപ്പിച്ചു കഴിഞ്ഞുകൂടുകയാണ്.

www.malankaralibrary.com

## അബ്രോസ്യൻ റീത്തു് (Ambrosian Rite)

അബ്രോസ്യൻ റീത്തിന്റെ ഉത്ഭവത്തെപ്പററി പല അഭിപ്രായങ്ങളുണ്ടു്. മിലാനിൽ മാത്രം ഉപയോഗത്തിലിരിക്കുന്ന ഈ റീത്തു റോമൻറീത്തിന്റെ ആദിമകാലത്തെ ഒരു വളർച്ചസ്ഥിതി കാണിക്കുന്നതാണു്. നാലാം നൂററാണ്ടിൽ മിലാൻ നഗരം റോമൻ ചക്രവർത്തിമാരുടെ ആസ്ഥാനമായിരുന്നതിനാൽ രാഷ്ട്രീയപ്രാബല്യം സ്വകീയമായ റീത്തു പാലിക്കുന്നതിനും റോമൻ റീത്തിനു വിപരീതമായി നവമായ വ്യതിയാനങ്ങൾക്ക വഴങ്ങികൊടുക്കാതിരിക്കുന്നതിനും ഇടയായി. അക്കാലത്തു മിലാനിലെ മെത്രാന്മാരിൽ ചിലരെല്ലാം പൗരസ്ത്യദേശങ്ങളിൽനിന്നു വന്നതിനാലായിരിക്കണം ഈ റീത്തിൽ പൗരസ്ത്യഘടകങ്ങൾ പലതും കാണുന്നതു്.* ഈ ആരാധനക്രമം വി. അബ്രോസിന്റെ നാമത്തിൽ അറിയപ്പെടുന്നെങ്കിലും അദ്ദേഹമല്ല അതിന്റെ കർത്താവു്. മിലാനിലെ ഏററം വിശ്രുതമെത്രാനായ അദ്ദേഹം രചിച്ചതായി ചുരുക്കം ചില ഭാഗങ്ങളെ ഇതിലുള്ളു. ഇപ്പോഴത്തെ മാർപ്പാപ്പ പൗലോസ് ആറാമൻ മിലാനിലെ മെത്രാപ്പോലീത്താ ആയിരുന്നപ്പോൾ ഈ റീത്തുപയോഗിച്ചിരുന്നുവെന്നതു് പ്രസ്താവ്യമാണു്.

ദിവ്യബലി ക്രമം: അൾത്താരയുടെ ചുവട്ടിൽനിന്നു് ആദ്യം ചൊല്ലുന്ന പ്രാത്ഥനകൾ റോമൻ റീത്തിലേതുതന്നെ. അവ മദ്ധ്യയുഗത്തിൽ കൂട്ടിച്ചേർത്തതാണു്. എന്നാൽ 42-ാംസ

---

* ഈ റീത്തു് പൗരസ്ത്യറീത്തുകളിൽനിന്നു് ഉത്ഭവിച്ചതാണെന്നു വാദിക്കുന്നവരുമുണ്ടു്. cfr. Duschene, Christian Worship, Its Origin and Evelution, London 1903, P. 90

www.malankaralibrary.com

കീർത്തനം ചൊല്ലുന്നില്ല. "ഞാൻ പിഴയാളി" (confiteor) യിൽ വി. അമ്പ്രോസിൻെറ പേരുണ്ടു്. കുറിയേലയ്സോൻ ഇല്ല. മൂന്നു വേദപുസ്തകവായനകൾ ഉണ്ടു്.

മിലാൻ കത്തീഡ്രലിലെ ആഘോഷമായ ദിവ്യബലിയിൽ ഒരു പ്രത്യേകചടങ്ങുണ്ടു്. പുരാതനവേഷമണിഞ്ഞു പത്തു വൃദ്ധന്മാർ പ്രദിക്ഷണമായി വന്നശേഷം അവരിൽ രണ്ടുപേർ കർത്താവിൻെറ ആശീർവ്വാദം വാങ്ങി തങ്ങൾ കൊണ്ടുവന്ന ബലിവസ്തുക്കൾ ഏല്പിക്കുന്നു. ഇപ്രകാരം പത്തു വൃദ്ധകളും ചെയ്യുന്നുണ്ടു്. "നമ്മുടെ കർത്താവു് ഈശോമിശിഹായുടെ പാർശ്വത്തിൽനിന്നു് പാപപരിഹാരാർത്ഥം രക്തവും വെള്ളവും പുറപ്പെട്ടു" എന്നു ചൊല്ലിക്കൊണ്ടാണു് വീഞ്ഞും വെള്ളവും കാസായിൽ കലർത്തുന്നതു്. ഇതുപോലെയുള്ള പ്രാർത്ഥന പൗരസ്ത്യ കുർബാനക്രമങ്ങളിൽ സാധാരണമാണു്. റോമൻ റീത്തിൽ ഈ സമയത്തു് വേറെ പ്രാർത്ഥനയാണല്ലോ. ഈ റീത്തിൽ റോമൻ റീത്തിനേക്കാൾ prefatio എണ്ണത്തിൽ കൂടുതലുണ്ടു്. മിലാനിലെ വിശുദ്ധരുടെ ഓർമ്മ കൊണ്ടാടുന്നു. കൂദാശസ്ഥാപനത്തിനുശേഷമുള്ള പ്രാർത്ഥനാ കുരിശിൻെറ രൂപത്തിൽ കൈകൾ വിരിച്ചുപിടിച്ചുകൊണ്ടാണു്. വിഭജനക്രമ (fraction)ത്തിനു പ്രത്യേകഗാനമുണ്ടു്. മരിച്ചവർക്കുവേണ്ടിയുള്ള കുർബാനയിലേ Agnus Dei ചൊല്ലുന്നുള്ളൂ. വി. അമ്പ്രോസിൻെറ കാലത്തേതുപോലെതന്നെ, വി. കുർബാന നല്കുമ്പോൾ കാർമ്മികൻ Corpus Christi (ക്രിസ്തുവിൻെറ ശരീരം) എന്നു പറയുകയും സ്വീകരിക്കുന്നയാൾ അതു സത്യമാകുന്നുവെന്ന അർത്ഥത്തിൽ "ആമ്മേൻ" എന്നുത്തരിച്ചു സ്വീകരിക്കുകയും ചെയ്യുന്നു.* ബലിയുടെ അന്ത്യത്തിൽ മൂന്നു പ്രാവശ്യം കുറിയേലയിസോൻ പാടുന്നുണ്ടു്. "നമുക്കു മിശിഹായുടെ നാമത്തിൽ സമാധാനത്തിൽ പോകാം" എന്നു ഡീക്കൺ വിളിച്ചുപറയുന്നു. ഇതു റോമൻ റീത്തിലെ ITE MISSA EST എന്നതിൻെറ സ്ഥാനത്താണു്.

* Migne P. L. 16, 417

www.malankaralibrary.com

ആരാധനക്രമവർഷം (Liturgical year): വലിയനോമ്പിന്റെ ആരംഭത്തിൽ റോമൻ റീത്തിലേതുപോലെ Ash Wednesday (വിഭൂതിത്തിരുനാൾ) ഇല്ല. നോമ്പ് ആദ്യത്തെ തിങ്കളാഴ്ചതന്നെ ആരംഭിക്കുന്നു. വലിയ ആഴ്ചക്രമങ്ങൾ റോമൻ റീത്തിൽനിന്നു വിഭിന്നമാണ്. പെസഹാവ്യാഴാഴ്ച കാനോനനമസ്കാരത്തോടുകൂടി (Terce) പ്രത്യേകവായനകളും പ്രാർത്ഥനകളുമുണ്ട്. വേസ്പര (സായംകാലശുശ്രൂഷ) യുടെ അന്ത്യത്തിലാണ് അന്നത്തെ കുർബാന. വി. മത്തായിയുടെ സുവിശേഷത്തിലെ പീഡാനുഭവവായന പെസഹാവ്യാഴാഴ്ചയും, ദുഃഖവെള്ളിയാഴ്ചയുമായി വായിക്കുന്നു. മററുദിവസങ്ങളിൽ പീഡാനുഭവചരിത്രം കാനോനനമസ്കാരത്തിലേ വായിക്കുന്നുള്ളു. ദുഃഖവെള്ളിയാഴ്ച കുർബാനയോ (Mass of the presanctified) കുർബാന സ്വീകരണമോ ഇല്ല. പ്രാർത്ഥനകളും വായനകളും സ്ലീവാവണക്കവുമേ അന്നുള്ളു. വലിയ നോമ്പുകാലത്തു വിശുദ്ധരുടെ തിരുനാളുകൾ ഘോഷിക്കാറില്ല. റോമൻ റീത്തിൽ ഉന്നുള്ളതുപോലെ എല്ലാദിവസവും മിലാനിൽ വിശുദ്ധരുടെ തിരുനാൾ ഘോഷിക്കുന്നില്ല. ഓരോ ദിവസത്തേക്കും നിശ്ചയിച്ചിരിക്കുന്ന തിരുവസ്ത്രത്തിന്റെ നിറം റോമൻ റീത്തിൽനിന്നു വിഭിന്നമാണ്.

## മൊസാറബിക് റീത്ത് (Mozarabic Rite)

വിസിഗോത്തിക് റീത്തെന്ന അപരനാമമുള്ള ഈ ആരാധനക്രമം സ്പെയിനിലെ പുരാതനറീത്തിനെ അനുസ്മരിപ്പിച്ചുകൊണ്ട് തൊളെദോ കത്തീഡ്രലിലേ ഒരു ചാപ്പലിൽമാത്രം അനുഷ്ഠിക്കപ്പെടുന്നു. കാറൽമാൻ ചക്രവർത്തി റോമൻറീത്തു നിർബന്ധമായി പ്രചരിപ്പിച്ചതിനുമുമ്പുള്ള ഗാല്ലിക്കൻ ക്രമത്തിന്റെ ഒരു വളർച്ചഘട്ടത്തെ സൂചിപ്പിക്കുന്നതാണിത്. ആറു മുതൽ എട്ടാംനൂററാണ്ടുവരെയുള്ള വളർച്ചയ്ക്കിടയ്ക്കു നിരവധി

www.malankaralibrary.com

പ്രാർത്ഥനകളും കൂദാശക്രമങ്ങളും അതിൽ ചേർത്തിട്ടുണ്ടു്.* പതിനൊന്നാം നൂററാണ്ടിൽ മൊസാറബിക് റീത്തു് റോമൻ റീത്തിൻെറ സമ്മർദ്ദമേററു നാമാവശേഷമായി. തൊളെദോയിലെ ആറു് ഇടവകകളിൽമാത്രമേ അതനുവദിക്കപ്പെട്ടിരുന്നുള്ളു. റോമൻ റീത്തിലെ പല പ്രാർത്ഥനകളും അതിൽ ചേർക്കപ്പെട്ടു. 15-ാം നൂററാണ്ടിൽ പ്രധാനപ്പെട്ട തിരുനാളുകളിലേ അതു് അനുഷ്ഠിക്കപ്പെട്ടിരുന്നുള്ളു 1940ൽ ആറു വൈദികർക്കു തൊളെദോ കത്തീഡ്രലിലേ വി. കുർബാനയുടെ ചാപ്പലിൽ ദിവസവും മൊസാറബിക് ക്രമം അനുഷ്ഠിക്കുന്നതിനു് അനുവാദം നല്കി. ആ സ്ഥിതി ഇന്നും തുടരുന്നു.

<u>ദിവ്യബലി:</u> കന്യകാമറിയത്തിൻെറയും സകല വിശുദ്ധരുടേയും മാദ്ധ്യസ്ഥത്താൽ, ക്രിസ്തു അയോഗ്യദാസർക്കു കനിഞ്ഞു സഹായം നല്കണമെന്നു ചൊല്ലിക്കൊണ്ടു കാർമ്മികൻ ബലി ആരംഭിക്കുന്നു. അൾത്താരയുടെ ചുവട്ടിൽനിന്നു ചൊല്ലുന്ന പ്രാർത്ഥനകൾ റോമൻ റീത്തിലേതുപോലെതന്നെ. ബലി ആരംഭിക്കുന്നതിനുമുമ്പുതന്നെ ബലിവസ്തുക്കൾ ക്രമീകരിച്ചു് അൾത്താരയിൽ വച്ചിരിക്കും. ഈ ക്രമത്തിൽ കാർമ്മികനാണു് പണ്ടു സുവിശേഷം വായിച്ചിരുന്നതു്. പുരാതനകാലത്തു സുവിശേഷത്തിനുശേഷമാണു് ബലിവസ്തുക്കൾ ആഘോഷമായി സംവഹിക്കപ്പെട്ടിരുന്നതെന്നു "കാഴ്ചവയ്പ്പി"ൻെറ സമയത്തു് ആലപിക്കുന്ന ഗാനത്തിൽനിന്നു ഗ്രഹിക്കാം. കാർമ്മികൻ കൈയ് കഴുകിയശേഷം മാറിമാറിവരുന്ന ഏഴു പ്രാർത്ഥനകൾ ചൊല്ലുന്നു. ഇവയ്ക്കിടയ്ക്കു് എല്ലാ ജീവിതാവസ്ഥയിലുമുള്ളവർക്കുംവേണ്ടി ലുത്തിനിയായും അപ്പസ്തോലന്മാരുടേയും രക്തസാക്ഷികളുടേയും

..........................................................................................

* Bishop Mozarabic and Ambrosian Rite, London, 1924 P. 21-

www.malankaralibrary.com

സ്മരണ (Dyptics)യുമുണ്ടു്. അന്ത്യത്താഴവിവരണം ആരംഭി ക്കുന്നതു്, പൗരസ്ത്യ ആരാധനക്രമങ്ങളിലേതുപോലെ, നമ്മുടെ കർത്താവു് ഈശോമിശിഹാ 'താൻ ഒററിക്കൊടുക്കപ്പെട്ട രാത്രി യിൽ' എന്നാണു്*. തുടന്നു റൂഹാക്ഷണ (epiclesis)ത്തോടു സാമ്യമുള്ള പ്രാർത്ഥനകൾ ചൊല്ലിയശേഷം കാർമ്മികൻ, "നമ്മു ടെ ഹൃദയങ്ങളിൽ സൂക്ഷിക്കുന്ന വിശ്വാസം, അധരങ്ങൾകൊ ണ്ടു് ഏററുപറയാം" എന്നു ചൊല്ലി തിരുവോസ്തി ഉയർത്തുന്നു. ഇതു വിശ്വാസപ്രമാണത്തിനുള്ള പ്രാരംഭമാണു്. മൊസാറ ബിക് റീത്തിൽ ഇപ്പോഴാണു് വിശ്വാസപ്രമാണം ചൊല്ലുക. ഇതിൽ "ഞങ്ങൾ വിശ്വസിക്കുന്നു"വെന്നു ബഹുവചനമാണു് ഉപയോഗിച്ചിരിക്കുന്നതു്. വിഭജനശുശ്രൂഷ പ്രത്യേകതരത്തിലു ള്ളതാണു്. തിരുവോസ്തി ഒൻപതായി വിഭജിച്ചു കുരിശാകൃതി യിൽ പിലാസായിൽ വയ്ക്കുന്നു. അവയിൽ ഓരോ ഭാഗത്തിനും കർത്തൃരഹസ്യങ്ങളെ കുറിക്കുന്ന മാംസം ധരിക്കൽ, ജനനം, ഛേദനാചാരം, കഷ്ടാനുഭവം, മരണം, ഉയിർപ്പു്, പ്രത്യക്ഷപ്പെ ടൽ, മഹത്വം, രാജ്യം എന്നീ പേരുകളാണു് നല്കിയിരിക്കു ന്നതു്.

'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന കാർമ്മികൻ ഒററയ്ക്കു ചൊല്ലുന്നെങ്കിലും അതിലെ ഓരോ അപേക്ഷയ്ക്കുംശേഷം ജനങ്ങൾ 'ആമ്മേൻ' എന്നു് ഉത്തരിക്കുന്നു. പൗരസ്ത്യറീത്തുകളി ലുള്ളതുപോലെ, "വിശുദ്ധവസ്തു വിശുദ്ധർക്കു്" എന്നു പറഞ്ഞു കാർമ്മികൻ ദിവ്യകാരുണ്യസ്വീകരണത്തിനു ജനങ്ങളെ ക്ഷണി ക്കുന്നു. "നമ്മുടെ കർത്താവു് ഈശോമിശിഹായുടെ നാമത്തിൽ ബലി അവസാനിച്ചിരിക്കുന്നു. നമുക്കു സമാധാനത്തിൽ പോകാം" എന്നു ഡീക്കൺ അറിയിക്കുന്നതോടെ ബലി അവ സാനിക്കുന്നു.

---

* മററു പാശ്ചാത്യറീത്തുകളിൽ, "പീഡാനുഭവത്തിന്റെ തലേദിവസം" എന്നാണു് ആരംഭിക്കുന്നതു്.

www.malankaralibrary.com

## ലിയോൺ റീത്തു് (The Rite of Lyons)

ആധുനിക ലിയോൺ റീത്തിൻെറ മൂലത്തേയും തറവാടിനേയുംപററി വാദരഹിതമായ ഒരു സുദൃഢാഭിപ്രായമില്ല. എട്ടാം നൂററാണ്ടിനുമുമ്പ് അതു ഗാല്ലിക്കൻ റീത്തിൽ പെട്ടിരുന്നാൽത്തന്നെയും കാറൽമാൻ ചക്രവർത്തിയുടെ റോമൻ റീത്തു പ്രചരണവും പിന്നീടുണ്ടായ കടംവാങ്ങലുംമൂലം ഇന്നു് ഈ റീത്തു റോമൻ റീത്തിനോടു് ഏററം സാധർമ്മ്യം വഹിക്കുന്നുണ്ടു്. 1970-ൽ റോമൻ കുർബാനക്രമം പ്രസിദ്ധീകരിച്ചപ്പോഠം അതിനൊപ്പിച്ചു ലിയോൺ ക്രമവും ശരിപ്പെടുത്തി. എങ്കിലും അന്നു് ആ റീത്തിൻെറ ഗുണവിശേഷതകഠം അധികം കളഞ്ഞുകുളിച്ചില്ല. എന്നാൽ പതിനേഴും പതിനെട്ടും നൂററാണ്ടുകളിൽ പ്രാദേശിക ആരാധനഗ്രന്ഥങ്ങളെല്ലാം പരിഷ്ക്കരിയ്ക്കണമെന്ന ആശയം ഫ്രാൻസിൽ മുഴുവൻ പടന്നുപിടിക്കുകയും അതിൻെറ തള്ളലിൽപ്പെട്ടു ലിയോൺ റീത്തിൻെറ സ്വകീയഗുണങ്ങളെല്ലാം കടപുഴകിയുകയും പകരം റോമൻ ക്രമങ്ങഠം സ്ഥലംപിടിക്കുകയുംചെയ്തു. ഒൻപതാം പിയൂസ് മാർപ്പാപ്പാ 1863-ൽ ലിയോൺ റീത്തു് അംഗീകരിച്ചു. ലിയോൺ സഭയുടെ തിരുനാളുകളും പ്രത്യേകതകളും കൂട്ടിച്ചേർത്തു് ഒരു കുർബാനക്രമം 1902-ൽ ലെയോ പതിമൂന്നാമൻ അംഗീകരിച്ചു നടപ്പിലാക്കി.

ദിവ്യബലി: റോമൻറീത്തുമായി ഇതിനുള്ള വ്യത്യാസം മുഖ്യമായും പ്രാർത്ഥനകളിലല്ല. മെത്രാൻ അർപ്പിക്കുന്ന ആഘോഷമായ ബലിയിൽ സംവിധാനത്തിലും ആംഗ്യങ്ങളിലുമാണു് അന്തരമുള്ളതു്. മെത്രാൻ തിരുവസ്ത്രങ്ങഠം ധരിക്കുന്നതു സങ്കീർത്തിയിൽവച്ചാണു്. ആറു വൈദികരും ആറു ആറാംപട്ടക്കാരും ആറു അഞ്ചാംപട്ടക്കാരും കൂടാതെ ഒൻപതു സഹായികളും മെത്രാൻെറ രണ്ടു 'കപ്പ്ലാന്മാരും' പൊന്തിഫിക്കൽ കുർബാനയിൽ പങ്കെടുക്കുന്നു. ലേഖനം വായിക്കുമ്പോഠം കത്തിഡ്രലിലേ

www.malankaralibrary.com

'കപ്യാർ' എന്ന സ്ഥാനമുള്ള വൈദികൻ ബലിവസ്തുക്കൾ ഒരുക്കുന്നു. ആറു വൈദികർ മെത്രാനോടുകൂടി സഹകാർമ്മികരായി (Concelebrate) ബലി അർപ്പിക്കുന്നു. വൈദികർ ചൊല്ലുന്ന കർബാനയിൽ ഒന്നോ രണ്ടോ ശുശ്രൂഷികൾ 'ആൽബ' ധരിച്ചു സഹായിക്കുന്നു. അൾത്താരയിൽ ബലിവസ്തുക്കളെ വയ്ക്കുവാൻ വിരിക്കുന്ന കെത്താസ്സു (Corporal) നാല്പത്തിമൂന്നിഞ്ചു നീളവും ഇരുപത്തൊന്നര ഇഞ്ചു വീതിയും ഉണ്ടായിരിക്കണമെന്നു ക്രമവിധികൾ നിഷ്കർഷിക്കുന്നു. കാസ അതിന്മേൽ വച്ചിട്ടു്, അതുകൊണ്ടുതന്നെ പിറകിൽനിന്നു വലിച്ചു കാസ മൂടുകയാണു ചെയ്യുക* അപ്പോൾ മകബലാസ (Pall)യുടെ ആവശ്യമില്ല.

ദിവ്യബലിയിൽ വീഞ്ഞും വെള്ളവും സങ്കലനം ചെയ്യുമ്പോൾ, ക്രൂശിൽവച്ചു ക്രിസ്തുവിന്റെ പാർശ്വത്തിൽനിന്നു രക്തവും ജലവും പുറപ്പെട്ടതു വി. യോഹന്നാൻ സാക്ഷിക്കുന്നുവെന്നു സൂചിപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനയുണ്ടു്. പെസഹാവ്യാഴാഴ്ച, ഇരുപത്തഞ്ചുനോമ്പു, സഭാസമർപ്പണകാലം (Dedicatio Ecclesiae) എന്നിങ്ങനെയുള്ള അവസരങ്ങളിൽ ചൊല്ലുന്നതിനു പ്രത്യേക Prefatio ഉണ്ടു്. കൂദാശസ്ഥാപനവാക്കുകൾക്കുശേഷം കൈകൾ കുരിശാകൃതിയിൽ വിരിച്ചാണു് കാർമ്മികൻ പ്രാർത്ഥിക്കുന്നതു്.

## ബ്രാഗാറീത്തു്: (The Rite of Braga)

പോർട്ടുഗലിന്റെ വടക്കുഭാഗത്തുള്ള ഒരതിരൂപതയാണു് ബ്രാഗ. പന്ത്രണ്ടാം നൂററാണ്ടുമുതലെങ്കിലും അവിടെ ഉപയോഗിച്ചുപോരുന്നതാണു് ബ്രാഗാ റീത്തു്. എന്നാൽ, വൈദികരുടെ വിരളതയും ഗ്രന്ഥങ്ങളുടെ അഭാവവും (പതിനാറാം

* ഇതു മുറിച്ചെടുത്തതാണു് റോമൻ റീത്തിലെ കബലാസ

www.malankaralibrary.com

നൂറ്റാണ്ടിനുശേഷം 1924-ൽ ആണ് കുർബാനക്രമം അച്ചടിച്ചതു്) നിമിത്തം ഈ റീത്തു ത്യാജ്യകോടിയിൽ തള്ളപ്പെട്ടിരുന്നു. പതിനേഴാം നൂറ്റാണ്ടുമുതൽ, പത്തൊമ്പതാം നൂറ്റാണ്ടുവരെ റോമൻ റീത്തു സ്വീകരിക്കുന്നതിനു വലിയ 'കോപ്പുകൂട്ടൽ' നടന്നു. 19-ാം നൂറ്റാണ്ടിൽ പരസ്യാരാധനയ്ക്കു ബ്രാഗ കുർബാനക്രമം ഉപയോഗിച്ചിരുന്നെങ്കിലും അല്ലാത്ത അവസരങ്ങളിൽ റോമൻ റീത്തിലെ കുർബാനക്രമവും കാനോന നമസ്കാരവുമാണു് വൈദികർ ഉപയോഗിച്ചിരുന്നതു്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വളരെ വിരളമായേ ഇടവകപ്പള്ളികളിൽതന്നെയും ഈ ക്രമം അനുഷ്ഠിച്ചിരുന്നുള്ളു. 1921-ൽ കാനോന നമസ്കാരവും രണ്ടുവർഷത്തിനുശേഷം കുർബാനക്രമവും അച്ചടിപ്പിക്കുകയും ബ്രാഗാ അതിരൂപതയിൽ അവ നിർബ്ബന്ധിതമാക്കുകയും ചെയ്തു.

**ദിവ്യബലി:** ആഘോഷമായ കുർബാനയിൽ ബലിവസ്തുക്കൾ ഒരുക്കുന്നതു ലേഖനത്തിനും സുവിശേഷത്തിനും ഇടക്കും, അല്ലാത്തപ്പോൾ കുർബാനയുടെ ആരംഭത്തിലുമാണു്. കുർബാന സ്വീകരണത്തിനുമുമ്പു, കാർമ്മികൻ തിരുവോസ്തിയെടുത്തു ജനങ്ങളുടെനേരെ അല്പം തിരിഞ്ഞു "ജനങ്ങൾക്കു കണ്ടു് ആരാധിക്കത്തക്കവിധം" അതുയർത്തുന്നു. മററു കൂദാശക്രമങ്ങളിലും പ്രാദേശികത കടന്നുകൂടിയിട്ടുണ്ടു്. ബ്രാഗയിലെ കൂദാശക്രമങ്ങളുടെ തർജ്ജമയാണു് സീറോ മലബാർ സഭയിൽ ഇന്നുപയോഗത്തിലിരിക്കുന്നതു്. (പോർട്ടുഗീസ് മിഷനറിമാർ നടപ്പിൽ വരുത്തി).

## സന്യാസസമൂഹറീത്തുകൾ

ബാഹ്യലോകവുമായി അധികസമ്പർക്കം പുലർത്താതിരുന്ന സന്യാസികൾ തങ്ങൾ ഒരു കാലത്തു സ്വീകരിച്ച ആരാധനക്രമം വലിയ വ്യതിയാനങ്ങൾക്കധീനമാകാതെ സൂക്ഷിച്ചതിനാലാണു് ഇന്നു പല സന്യാസസമൂഹങ്ങൾക്കും പ്രത്യേക റീത്തുകൾ ഉള്ളതു്.

www.malankaralibrary.com

### കൎത്തുസ്യൻ: (Carthusian)

പതിമ്മൂന്നാം നൂററാണ്ടിനുമുമ്പുള്ള ക്രമത്തിൽ കാൎമ്മികൻ ഒരു കുഴൽ ഉപയോഗിച്ചു തിരുരക്തം പാനം ചെയ്തിരുന്നുവെന്നും ഡീക്കൺ ഞായറാഴ്ച ദിവസം തിരുരക്തം സ്വീകരിച്ചിരുന്നുവെന്നും കാണുന്നുണ്ടു്. ഇപ്പോഴത്തെ ക്രമം ഇതനുവദിക്കുന്നില്ല. ദിവ്യബലിയ്ക്കു സഹായിക്കാൻ അഞ്ചാംപട്ടക്കാരനില്ല. ആറാം പട്ടക്കാരൻ ധൂപക്കുററിയുടെ ചങ്ങല കുലുക്കിപ്പിടിക്കാതെ ചില പൗരസ്ത്യറീത്തുകളിലുള്ളതുപോലെ അൾത്താരയുടെ ചുററും നടന്നുവീശുന്നു. അപ്പവും വീഞ്ഞും ഒന്നിച്ചാണു് കാഴ്ചവയ്ക്കുന്നതു്.* കൎത്തുസ്യൻകാൎക്കു് ആരാധനക്രമാനുസൃതമായ പ്രദക്ഷിണമൊന്നുമില്ല. പൗരസ്ത്യറീത്തുകളിലേ തിരുവസ്ത്രങ്ങൾ, വേദപുസ്തകവായനകൾ എന്നിവയെപ്പററി അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നിടത്തു് കൎത്തുസ്യൻകാരുടെ രീതികൾ ചേൎത്തിട്ടുണ്ടു്.

### സിസ്റ്റേർഷ്യൻ: (Cistersian Rite)

മക്ബലാന (Pall)ക്കു പകരം കെത്താന (Corporal) മടക്കിയാണു് കാസാ മൂടുന്നതു്. മുട്ടുകുത്തൽ, കുരിശാകൃതിയിൽ കൈവിടൎത്തിയുള്ള പ്രാൎത്ഥന എന്നിവയെപ്പററി അടുത്ത അദ്ധ്യായത്തിൽ പറയുന്നുണ്ടു്. തിരുവോസ്തി നീളത്തിൽ മൂന്നായി വിഭജിച്ചു് ഒരു ഭാഗം ഉൾക്കൊള്ളുകയും മററുള്ളവ ആറാംപട്ടക്കാരനും അഞ്ചാംപട്ടക്കാരനും നല്കുകയും ചെയ്യുന്നു. 1437 വരെ ഈ ശുശ്രൂഷികൾ തിരുരക്തവും ഉൾക്കൊണ്ടിരുന്നു.

* സന്യാസസമൂഹങ്ങളുടെ ആരാധനക്രമങ്ങളിൽ മിക്കതിലും ഇപ്രകാരമാണു്.

www.malankaralibrary.com

## പ്രിമൊൻസ്ട്രെട്ടെൻഷ്യൻ റീത്തു് (Premonstratensian)

ആഘോഷമായ കർബാനായിൽ, ആരംഭത്തിൽ അൾത്താരയെ സമീപിക്കുന്നതിനുമുമ്പു കാർമ്മികൻ സഹായി കൊണ്ടുവരുന്ന വേദപുസ്തകം ചുംബിക്കുന്നു. ആഘോഷമായ കർബാനായിലേ, ആരംഭത്തിൽ അൾത്താര ധൂപിക്കാറുള്ളു. വിശ്വാസപ്രമാണം ചൊല്ലുമ്പോൾ അഞ്ചാംപട്ടക്കാരൻ വേദപുസ്തകം ഓരോ സന്യാസിയേയും "ക്രിസ്തുവിൻെറ നിയമം ഇതാകുന്നു"വെന്നു പറഞ്ഞു ചുംബിപ്പിക്കുന്നു. അതു "ഹൃദയത്തിൽ വിശ്വസിക്കുകയും അധരംകൊണ്ടു ഏററുപറയുകയും ചെയ്യുന്നു"വെന്നു ചൊല്ലിക്കൊണ്ടാണു് ഓരോരുത്തരും ചുംബിക്കുക.

## കർമ്മലീത്ത റീത്തു് (Carmelite)

ജറുസലേമിൽ അനുഷ്ഠിച്ചിരുന്ന റീത്തുമായിട്ടാണു് പതിമൂന്നാം നൂററാണ്ടിൽ കർമ്മലീത്താ സന്യാസികൾ യൂറോപ്പിൽ വന്നതു്. അതുകൊണ്ടാണു് ജറുസലേമിലെ പല പ്രാദേശികഭക്തകൃത്യങ്ങളും ഈ റീത്തിൽ കാണുന്നതു്. തിരുപ്പിറവി, ഉയിർപ്പു്, സ്വർഗ്ഗാരോഹണം എന്നീ തിരുനാളുകളിലേ പ്രദക്ഷിണം അതിനുദാഹരണങ്ങളാണു്. ജറുസലേമിൽ, ക്രിസ്തുവിൻെറ ശവകുടീരത്തിങ്കൽ പണിതിട്ടുള്ള കത്തീഡ്രൽ ദൈവാലയത്തിലേ കാനന്മാരുടെ (Canons) നിയമങ്ങളിൽ അധിഷ്ഠിതമായ ഒരു ലത്തീൻ ആരാധനക്രമമാണിതു്. അക്കാലത്തു യൂറോപ്പിൽ പ്രബലപ്പെട്ടിരുന്ന ഡൊമിനിക്കൻ സന്യാസസമൂഹത്തിൻെറ ആരാധനക്രമം, അംഗസംഖ്യ കുറഞ്ഞ യൂറോപ്പിലെ പുതുമുഖങ്ങളുമായി പരിചയപ്പെട്ട കർമ്മലീത്തക്കാരുടെ ആരാധനക്രമങ്ങളിൽ, വളരെ സ്വാധീനംചെലുത്തി.

## ഡൊമിനിക്കൻ (Dominican)

മദ്ബഹായിൽ പ്രവേശിക്കുന്ന കാർമ്മികനോടുകൂടി ആറാംപട്ടക്കാരൻ കർബാനക്രമവും അഞ്ചാംപട്ടക്കാരൻ വേദപു

www.malankaralibrary.com

സ്തകവും വഹിച്ചുകൊണ്ടുവരുന്നു. ആഘോഷമില്ലാത്ത കുർബാനയിൽ ബലിവസ്തുക്കൾ നേരത്തെതന്നെ ഒരുക്കിവച്ചിരിക്കും.

## പുതിയ ഗാല്ലിക്കൻ റീത്തുകൾ

ത്രെന്തോസ് സൂനഹദോസ് വരെ പാശ്ചാത്യസഭയിലെ വിടേയും പ്രാദേശികാരാധനക്രമങ്ങൾ അനുഷ്ഠിച്ചുപോന്നു. പീയൂസ് അഞ്ചാമൻ മാർപ്പാപ്പാ 1570-ൽ നടപ്പിലാക്കിയ കുർബാനക്രമത്തിനു് ഇരുനൂറുകൊല്ലത്തേ പഴക്കമില്ലാത്ത എല്ലാ ആരാധനക്രമങ്ങളും വഴിമാറിക്കൊടുക്കണമായിരുന്നു. സന്യാസസമൂഹങ്ങളുടെ ആരാധനക്രമങ്ങൾ വളരെ പഴക്കമുള്ളവയായതുകൊണ്ടു നിലനില്ക്കുന്നതിനു വിഷമമുണ്ടായില്ല. എന്നാൽ 200 കൊല്ലത്തേപഴക്കമില്ലാത്ത ക്രമങ്ങൾ റോമൻക്രമം സ്വീകരിക്കുകയോ അതിനൊപ്പിച്ചു ക്രമപ്പെടുത്തുകയോ ചെയ്യേണ്ടിവന്നു. അതനുസരിച്ചു ഫ്രാൻസിലേ പല രൂപതകളും റോമൻ റീത്തു സ്വീകരിച്ചു. മററുള്ളവർ സ്വന്തനിലയിൽ ക്രമങ്ങൾ ശരിപ്പെടുത്തിത്തുടങ്ങി. സ്വന്തമായി കുർബാനക്രമങ്ങൾ നിർമ്മിക്കാൻ ഓരോ രൂപതയും നടത്തിയ ബദ്ധപ്പാടിൽ ഫ്രഞ്ചുസഭയിൽ നിലവിലിരുന്ന പ്രാദേശികരീതികളെല്ലാം നഷ്ടപ്പെട്ടു. 1809-ൽ രൂപതകളുടെ അതിർത്തികൾ വ്യത്യാസം വരുത്തിയതോടെ ഒരു രൂപതയിൽത്തന്നെ രണ്ടു റീത്തുകൾ കാണപ്പെട്ടു. ഈ സ്ഥിതി അധികംനാൾ നീണ്ടുനിന്നില്ല. റോമൻറീത്തിനെ അനുകൂലിച്ചു് ഒരു പൊതുവായ അഭിപ്രായം ഉയന്നുവരികയും അതിനു ശ്രദ്ധിലഭിക്കുകയുംചെയ്തു. അക്കൂട്ടത്തിൽ അന്തർദ്ധാനം ചെയ്യപ്പെടാത്ത ലിയോൺ റീത്തിനെ പററി മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ.

## സാറം റീത്തു് (Sarum Rite)

പ്രോട്ടസ്റ്റൻറ നവീകരണപ്രസ്ഥാനത്തിനുമുമ്പു് ഇംഗ്ലണ്ടിലേ സാലിസ്ബെറി രൂപതയിൽ ഉത്ഭവിച്ചു സ്ലോട്ട്ല

ണ്ടിലും അയർലണ്ടിലും ഉപയോഗത്തിലിരുന്ന റോമൻറീത്തിൻെറ ഒരു വകഭേദമാണിതു്. ഇതിൽ തിരുവസ്ത്രങ്ങൾക്കു നിഷ്കൃഷ്ടമായ നിറങ്ങൾ ആദ്യകാലത്തില്ലായിരുന്നു. ലേഖനത്തിനും സുവിശേഷത്തിനുമിടയ്ക്കു ബലിവസ്തുക്കൾ ഒരുക്കിയിരുന്നു. "കാനൻെറ" സമയത്തുള്ള പ്രാർത്ഥനകളെല്ലാം (ആംഗ്യം ചെയ്യാനില്ലാത്തപ്പോൾ) കൈകൾ കുരിശാകൃതിയിൽ വിരിച്ചു പിടിച്ചുകൊണ്ടു ചൊല്ലിയിരുന്നു.

## ഗ്ലാഗോലിററിക് റീത്തു് (Glagolitic)

റോമൻറീത്തുതന്നെ സ്ലാവിക് ഭാഷയിൽ ഉപയോഗിക്കുന്നതാണിതു്. ആരാധനക്രമഗ്രന്ഥങ്ങളെല്ലാം ഗ്ലാഗോലിക് അക്ഷരമാലയിൽ എഴുതപ്പെട്ടതിനാലാണു് ഈ നാമം സിദ്ധിച്ചതു്. ഈ അക്ഷരമാല സാധാരണജനങ്ങൾ ഉപയോഗിക്കാതെ വന്നപ്പോഴും, ആരാധനക്രമങ്ങൾ അതിൽ നടത്തിപ്പോന്നു. ഒൻപതാം നൂററാണ്ടിൽ മൊറാവിയായിൽ സുവിശേഷം പ്രസംഗിച്ച വി. കൂറില്ലോസുമായി ബന്ധിച്ചു് ഇതിൻെറ ജന്മത്തെപ്പററി വളരെ വിവാദം ഉണ്ടായിട്ടുണ്ടു്. സ്ലാവോണിക് ഭാഷയിൽ റോമൻറീത്തു് ഉപയോഗിക്കുന്നതിനു വളരെ തടസ്സങ്ങളുണ്ടായെങ്കിലും ഇന്നസെൻറു് നാലാമൻ മാർപ്പാപ്പാ (1243–54) അക്കാലത്തു് ഉപയോഗത്തിലിരുന്ന സ്ഥലങ്ങളിലെല്ലാം ഈ റീത്തു തുടർന്നുപയോഗിക്കാൻ അനുവാദം നല്കി. തുടർന്നുള്ള മൂന്നു നൂററാണ്ടുകൾ സ്ലാവോണിക് റീത്തിൻെറ സുവർണ്ണകാലഘട്ടമായിരുന്നു. എന്നാൽ പില്ക്കാലങ്ങളിൽ ആരാധനക്രമഗ്രന്ഥങ്ങളുടെ വൈരള്യം റീത്തിൻെറ ജീവനാഡിയെ തളർത്തിക്കളഞ്ഞു. തൽഫലമായി ഒരുകൂട്ടം ഫ്രാൻസിസ്കൻ സന്യാസികളൊഴിച്ചു മററു വൈദികരെല്ലാം ഇന്നു് ലത്തീൻ കാനോനനമസ്കാരമാണു് ചൊല്ലുന്നതു്. ദിവ്യബലിയിൽ ജനങ്ങൾ ഉത്തരിക്കേണ്ട പ്രാർത്ഥനകൾ ഓർമ്മയിൽനിന്നും, മററുള്ളവ ലത്തീൻ തക്സായിൽനിന്നും ചൊല്ലിത്തു

www.malankaralibrary.com

ടങ്ങി. 1803-ൽ കർബാനക്രമം അച്ചടിച്ചു; തുടൎന്ന് ആയിരത്തിതൊള്ളായിരത്തിഅഞ്ചിലും. ഗ്ലാഗോലിക അക്ഷരമാലയിൽ അടിച്ച അവസാനത്തെ തക്സയാണിതു്. ഇരുപതാം നൂററാണ്ടായപ്പോഴേക്കും ഈ അക്ഷരമാല പലക്കും പരിചയമില്ലാതായി. യൂഗോസ്ലാവിയായിലെ വൈദികമേലദ്ധ്യക്ഷന്മാർ, സ്ലാവോണിക്തക്സാ ലത്തീൻ അക്ഷരമാലയിൽ അച്ചടിക്കുന്നതിനു് അനുവാദംചോദിച്ചു. അത്തരത്തിലുള്ള തക്സാ 1927ൽ പ്രസിദ്ധീകൃതമായി. മററു കൂദാശക്രമങ്ങളെല്ലാം ജനങ്ങളുടെ സംസാരഭാഷയായ ക്രോഷ്യായിലാണു്.

ഇന്നു യൂഗോസ്ലാവിയായിലെ ഏഴു രൂപതകളിലും ചെക്കോസ്ലോവാക്യായിലെ കുറെ ഇടവകകളിലുമായി പത്തു ലക്ഷം ജനങ്ങളുടെ റീത്താണിതു്. ഇതിൻെറ ജനയിതാവായ വി. കുറില്ലോസിൻേറയും സഹപ്രവൎത്തകൻ വി. മെത്തോദിയസിൻേറയും തിരുനാളായ ജൂലൈ അഞ്ചാംതിയതി യൂഗോസ്ലാവിയായിലാകെ ഈ ക്രമമനുസരിച്ചു ദിവ്യബലി അൎപ്പിക്കാൻ 1925 മുതൽ അനുവദിച്ചിട്ടുണ്ടു്.

www.malankaralibrary.com

# ഭാഗം രണ്ട്

## അദ്ധ്യായം നാല്

# ആദിമനൂറ്റാണ്ടുകളിലെ ദിവ്യബലിക്രമം

ഇന്നു നിലവിലിരിക്കുന്ന ദിവ്യബലിക്രമങ്ങളെ താരതമ്യപ്പെടുത്തി പഠിക്കുന്നതിനു മുമ്പ് ആദിമനൂറ്റാണ്ടുകളിലെ-ആരാധനക്രമം എപ്രകാരമായിരുന്നുവെന്നു കാണുന്നതു് ഉപകാരപ്രദമാണ്. സുവിശേഷങ്ങളിലെ അന്ത്യാത്താഴവിവരണങ്ങളെല്ലാം ഉൾക്കൊള്ളുന്നതാണ് വി. പൗലോസ് ശ്ലീഹാ നല്കുന്ന വിവരണം (I കൊറിന്ത്യർ XI 23-25) നമ്മുടെ കർത്താവായ ഈശോ താൻ ഒറ്റിക്കൊടുക്കപ്പെട്ട ആ രാത്രിയിൽ അപ്പം എടുത്തു ആശീർവ്വദിച്ചു മുറിച്ചിട്ടു "നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ ഇതു നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. എന്റെ ഓർമ്മയ്ക്കായിട്ട് ഇപ്രകാരം നിങ്ങൾ ചെയ്യുവിൻ" എന്നരുളിച്ചെയ്തു. ഇപ്രകാരംതന്നെ അവർ അത്താഴം കഴിച്ചശേഷം അവൻ പാനപാത്രവും കൊടുത്തിട്ട് 'ഈ പാനപാത്രം എന്റെ രക്തം കൊണ്ടുള്ള പുതിയ നിയമം ആകുന്നു. നിങ്ങൾ പാനം ചെയ്യുമ്പോഴെല്ലാം എന്റെ ഓർമ്മക്കായി ഇപ്രകാരം ചെയ്യുവിൻ' എന്നരുളിച്ചെയ്തു. ബലിവസ്തുക്കൾ "എടുത്തു" "ആശീർവ്വദിച്ചു" "കൊടുത്തു" ഇന്നത്തെ കാഴ്ചവയ്പു, കൂദാശസ്ഥാപനം, ദിവ്യകാരുണ്യസ്വീകരണം എന്നിവയോടു സാധർമ്മ്യം വഹിക്കുന്നവയാണെന്നു പറയാം. ഇപ്രകാരം ചെയ്യാൻ കല്പിച്ച ക്രിസ്തുവിനെ അനുസരിച്ചും അനുകരിച്ചും അപ്പം ആശീർവ്വദിച്ചു ഭക്ഷിക്കുവാൻ ആദിമ ക്രിസ്ത്യാനികൾ സമ്മേളിച്ചിരുന്നുവെന്നു പുതിയ നിയമത്തിൽ വ്യക്തമായിപ്പറയുന്നുണ്ട്. "നാം ആശീർവ്വദിക്കുന്ന സ്തോത്രത്തിന്റെ ആ പാനപാത്രം മിശിഹായുടെ രക്തത്തിന്റെ പാനപാത്രമല്ലയോ? നാം മുറിക്കുന്ന ആ അപ്പം മിശി

www.malankaralibrary.com

ഹായുടെ ശരീരത്തിന്റെ പങ്കുകൊള്ളലും അല്ലയോ". (I കൊറി. 10. 16) "അവർ ശ്ലീഹന്മാരുടെ ഉപദേശത്തിൽ സ്ഥിരപ്പെട്ടും പ്രാർത്ഥനയിലും അപ്പം മുറിക്കുന്നതിലും പങ്കുകൊണ്ടുമിരുന്നു". (നടപടി 2. 42) "ആഴ്ചവട്ടത്തിലെ ഒന്നാംദിവസം അപ്പം മുറിക്കുവാനായി ഞങ്ങൾ ഒരുമിച്ചുകൂടി". (നടപടി 20.7)

രണ്ടാം നൂററാണ്ടിലെ ദിവ്യബലിക്രമം വി. ജസ്റ്റിൻ വിവരിക്കുന്നുണ്ട്. സമറിയായിൽ (പാലസ്തീന) പേയ്ഗനായി ജനിച്ച ജസ്റ്റിൻ തത്വശാസ്ത്രപഠനംമൂലം ക്രിസ്തുമതത്തിൽ വന്നെത്തി. വളരെയധികം ദേശപര്യടനം നടത്തി അന്നത്തെ വിവിധ ക്രിസ്തീയ സഭകളുടെ സ്ഥിതി ഗ്രഹിച്ചിരുന്ന ജസ്റ്റിൻ ക്രിസ്ത്വബ്ദം 150-ൽ റോമിൽവച്ച് Apologia എന്ന ഗ്രന്ഥമെഴുതി. അതിൽ രണ്ടു സ്ഥലത്തു ദിവ്യബലി വിവരിക്കുന്നുണ്ട്. ഒന്നാമത്തേതിൽ ജ്ഞാനസ്നാന ശുശ്രൂഷയെ തുടർന്നുള്ള ദിവ്യബലിക്രമമാണു പ്രതിപാദ്യം. രണ്ടാമത്തേതിൽ ഞായറാഴ്ചത്തെ ദൈവിക ശുശ്രൂഷയും. ആദ്യത്തേതിൽ—ക്രിസ്തീയ വിശ്വാസം ഏററുപറഞ്ഞ സ്നാനാർത്ഥിക്കു മാമ്മോദീസാ നൽകിയ ശേഷം അയാളെ "സഹോദരർ" എന്നു വിളിക്കപ്പെടുന്ന സമൂഹത്തിലേക്കു നയിക്കുന്നു. അതിനു ശേഷം..........ഞങ്ങൾ എല്ലാവരും ഒന്നുചേർന്നു ഞങ്ങൾക്കുവേണ്ടിയും അയാൾക്കു (പുതിയ വിശ്വാസിക്കു) വേണ്ടിയും ലോകം മുഴുവനുവേണ്ടിയും പ്രാർത്ഥിക്കുന്നു...... ഈ പ്രാർത്ഥനയ്ക്കുശേഷം ഞങ്ങൾ പരസ്പരം ചുംബനം നൽകി അഭിവാദനം ചെയ്യുന്നു. അപ്പോൾ അപ്പവും, വീഞ്ഞും വെള്ളവും കലർത്തിയ ഒരു കപ്പും വിശ്വാസികളുടെ അദ്ധ്യക്ഷന്റെ അടുത്തുകൊണ്ടുവരുന്നു. അദ്ദേഹം അതെടുത്തു പരമപിതാവിനു പുത്രന്റേയും പരിശുദ്ധാരൂപിയുടേയും നാമത്തിൽ സ്തുതിയും മഹത്വവും, ഞങ്ങൾ അവനിൽനിന്നു സ്വീകരിച്ചതായ ദാനങ്ങൾക്കു കൃതജ്ഞതയും, നല്കുന്നു. പ്രാർത്ഥനയുടേയും കൃതജ്ഞതാപ്രകടനത്തിന്റേയും അന്ത്യത്തിൽ സമീപത്തുനിൽക്കുന്ന ജന

www.malankaralibrary.com

സമൂഹം ഏകസ്വരത്തിൽ 'ആമ്മേൻ' എന്നു വിളിച്ചു പറയുന്നു. 'ആമ്മേൻ' എന്നു പറയുന്നതു ഹീബ്രുവാക്കാണു്. അതിന്റെ അർത്ഥം 'അപ്രകാരമായിരിക്കട്ടെ' എന്നത്രേ..........അതിനു ശേഷം കൃതജ്ഞതാപ്രകരണം ചൊല്ലപ്പെട്ടു അപ്പവും സങ്കലനം ചെയ്ത വീഞ്ഞും വെള്ളവും ദ്യാക്കോൻ സമ്മിളിതർക്കെല്ലാം ഭക്ഷണമായി വിതരണം ചെയ്യുകയും സന്നിഹിതരല്ലാത്തവർക്കു ഒരു ഭാഗം മാററിവയ്ക്കുകയും ചെയ്യുന്നു". *

രണ്ടാമത്തെ വിവരണം ഇപ്രകാരമാണു്: സൂര്യന്റെ പേരിൽ അറിയപ്പെടുന്ന ദിവസം (ഞായർ, Sunday) നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ളവരെല്ലാം ഒരു സാമൂഹികാഘോഷത്തിനു സമ്മേളിക്കുന്നു. അപ്പോൾ അപ്പസ്തോലന്മാരുടെ ചരിത്രങ്ങളും (memoirs) പ്രവാചകരുടെ ലിഖിതങ്ങളും സമയമനുവദിക്കുന്നിടത്തോളം വായിക്കുന്നു. വായനക്കാരൻ വായനനിറുത്തുമ്പോൾ അദ്ധ്യക്ഷൻ അവരുടെ (അപ്പസ്തോലന്മാരുടെയും പ്രവാചകരുടേയും) ജീവിതത്തിലെ പ്രബോധനങ്ങൾ അനുകരിക്കുവാൻ ഉൽബോധിപ്പിച്ചുകൊണ്ടു പ്രസംഗിക്കുന്നു. അപ്പോൾ എല്ലാവരും എഴുന്നേററുനിന്നു പ്രാർത്ഥിക്കുന്നു. അതിനുശേഷം

മുകളിൽപ്പറഞ്ഞതുപോലെ, അപ്പവും വെള്ളവും വെള്ളം കലർത്തിയ വീഞ്ഞും x കൊണ്ടുവരികയും അദ്ധ്യക്ഷൻ കഴിവുപോലെ പ്രാർത്ഥനയും കൃതജ്ഞതാപ്രകടനവും നടത്തുകയും ചെയ്യുന്നു. ജനങ്ങൾ അതിനു ആമ്മേൻ എന്നു ഉത്തരിക്കുന്നു. അപ്പോൾ കൃതജ്ഞതാ പ്രാർത്ഥനകൾ ചൊല്ലപ്പെട്ട വസ്തുക്കൾ വിതരണം

* Justin Apologie C. 65

x വി. കുർബാന സ്വീകരിച്ചശേഷം കവിൾക്കൊള്ളാനുള്ളതായിരിക്കണം വെള്ളം പ്രത്യേകം കൊണ്ടുവന്നിരുന്നതു്.

www.malankaralibrary.com

ചെയ്യപ്പെടുന്നു. സന്നിഹിതരല്ലാത്തവൎക്കു ദിയാക്കോൻ ഒരു ഭാഗം ആവഹിക്കുന്നു........*

ഇതിൽനിന്നു ദിവ്യബലിയിൽ, സിനഗോഗിലെ വേദപുസ്തകപാരായണവും വ്യാഖ്യാനവും ഉൾക്കൊള്ളുന്ന അധ്യയനഭാഗം ഉൾക്കൊണ്ടിരുന്നു എന്നു മനസ്സിലാക്കാം. വായിക്കാൻ ഒരാൾ പ്രത്യേകമുണ്ട്. പ്രത്യേക ഭാഗം വായിക്കുകയെന്നതിനേക്കാൾ സമയമനുവദിക്കുന്നിടത്തോളം വായിക്കുകയാണു ചെയ്യുന്നതു്. പുതിയ നിയമത്തിൽനിന്നും പഴയ നിയമത്തിൽനിന്നും വായനകൾ ഉണ്ട്. അതിനുശേഷം ജനങ്ങൾ എണീററുനിന്നു പ്രാൎത്ഥിക്കുന്നു. പിന്നീടുള്ള കൃതജ്ഞതാപ്രാൎത്ഥന കാൎമ്മികൻ തന്നെ ചൊല്ലുന്നു. അതിൽ വിശ്വാസികൾ 'ആമ്മേൻ' എന്നുത്തരിച്ചു ഭാഗഭാക്കുകളാകുന്നു എന്നു് അത്തേയനായ ജസ്റ്റിൻ അഭിമാനത്തോടെ എടുത്തുപറയുന്നുണ്ട്. ബലിവസ്തുക്കളുടെ മേൽ ചൊല്ലുന്ന ഈ പ്രാൎത്ഥന നിശ്ചിതമല്ല. അധ്യക്ഷൻെറ വശംപോലെ (acording to his ability) അതു ചൊല്ലുന്നു എന്നാണു പറഞ്ഞിരിക്കുന്നതു്. കൃതജ്ഞതാപ്രകരണ (കൂദാശസ്ഥാപന വാക്യം, ക്ലിപ്താൎത്ഥത്തിൽ കുൎബ്ബാന.)ത്തിനു മുമ്പു ജനങ്ങൾ പരസ്പരം സമാധാനചുംബനം നല്കുന്നു.

മൂന്നാം നൂററാണ്ടിൻെറ ആരംഭത്തിൽ എഴുതിയ Apostolic tradition of Hippolytus എന്ന കൃതിയുടെ 8-ാം പുസ്തകത്തിലുള്ള ദിവ്യബലിക്രമത്തിൽ അധ്യക്ഷൻ ചൊല്ലുന്ന കൃതജ്ഞതാപ്രകരണത്തിൽ അന്ത്യത്താഴവിവരണം ചേൎത്തിട്ടുണ്ട്. x അതു സുവിശേഷങ്ങളിൽ കാണുന്ന വിവരണം അക്ഷരശഃ പകൎത്തിയിരിക്കുന്നതല്ല.

---

* Justin; Apologie, Chapter 67

x എന്നാൽ അക്കാലത്തെ രീതിയനുസരിച്ചു ഈ വിവരണം അതുപടി ചൊല്ലാൻ കാൎമ്മികൻ നിർബ്ബന്ധിതനല്ലായിരുന്നുവെന്നു് അതേ പുസ്തകത്തിൽ തിരുപ്പട്ടം നല്കുന്നതിനുള്ള പ്രാൎത്ഥന

www.malankaralibrary.com

## താരതമ്യപഠനം :

ഇതുവരെ പ്രതിപാദിച്ചതിൽനിന്നു പൗരസ്ത്യറീത്തെന്താണെന്നു സമ്യക്കായി നാം കണ്ടു. അവയുടെ ഉത്ഭവം എപ്രകാരമാണെന്നു നാം ഗ്രഹിച്ചു. അവ രൂപംകൊണ്ട സാഹചര്യങ്ങളും പ്രദേശങ്ങളും അവയുടെ ഭാവരൂപങ്ങൾ നിയന്ത്രിച്ചുവെന്നു മനസ്സിലാക്കി. പാശ്ചാത്യറീത്തുകളിൽ 'പൗരസ്ത്യമയം' കലർന്നിട്ടുണ്ടെന്ന കാരണത്താൽ അവയെ ഒററനോട്ടത്തിൽ വീക്ഷിച്ചുപഠിച്ചു. ക്രിസ്തീയലോകത്തിലെ ആദിമനൂററാണ്ടുകളിലെ 'ആരാധനക്രമം' പരിശോധിച്ചതിൽ ദിവ്യബലിയുടെ പ്രധാനഘടകങ്ങൾ ഏവയാണെന്നു നമുക്കു വ്യക്തമായി. ഇനിയും ഇന്നു നിലവിലിരിക്കുന്ന ദിവ്യബലിക്രമങ്ങളെ താരതമ്യപ്പെടുത്തി പഠിക്കാൻ ശ്രമിക്കാം.

ഈ പഠനത്തിൽ നാം കൂടുതൽ ശ്രദ്ധിക്കുന്നതു പരസ്പരം സാമാന്യം വ്യത്യസ്തങ്ങളായ കോപ്ററിക്, എത്യോപ്യൻ, സിറിയൻ, മാറോനീത്താ, കൽദായൻ, അർമ്മേനിയൻ, ബൈസൻറയിൻ. എന്നീ റീത്തുകളെയാണു പ്രത്യേകപ്രകൃതി വ്യത്യാസമുള്ളപ്പോഴേ മററുറീത്തുകളെപ്പററി പ്രതിപാദിക്കുകയുള്ളു. ബൈ

..............................................................................................................

കളെപ്പററി പറയുന്നതിൽനിന്നു മനസ്സിലാക്കാം. ഒരു പ്രാർത്ഥന കൊടുത്തിട്ടു അതിനടിയിൽ 'അതു ഹൃദിസ്ഥമാക്കി അക്ഷര:ശ മെത്രാൻ ചൊല്ലേണ്ടതില്ല; ഓരോരുത്തനും അവനവൻെറ കഴിവിനൊത്തു പ്രാർത്ഥിക്കാം; വളരെ യോജിച്ച വിധവും ശ്രേഷ്ഠമായും പ്രാർത്ഥിക്കാമെങ്കിൽ അപ്രകാരം ചെയ്യട്ടെ;......പ്രാർത്ഥന ശരിയും അബദ്ധ ജഡിലമല്ലാത്തതുമായാൽ മതി' എന്നു കാണുന്നു.

Cfr. Dix Gregory. The Apostotic Tradition of Hippolytus of Rome, London, 1937, P. 19.

www.malankaralibrary.com

സൻറയിൻ റീത്തിലെ എല്ലാ ഉപവിഭാഗത്തിൻേറയും ആരാധനക്രമം മിക്കവാറം ഒന്നുതന്നെ. റീത്തുഭാഷ ഭരണനടപടിക്രമം ഇവയിലാണ് അവ തമ്മിൽ വ്യത്യാസമുള്ളതെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. സാമാന്യമായി പറഞ്ഞാൽ കൽദായറീത്തിൻെറ ദിവ്യബലിക്രമം തന്നെയാണു സീറോമലബാർ റീത്തിനുള്ളത്. * സീറോമലങ്കര റീത്തിൻേറതു സിറിയൻക്രമം തന്നെ.

പൗരസ്ത്യറീത്തുകളിൽ പലതും കേരളീയരായ നമുക്ക് അപരിചിതമാണ്. അതുകൊണ്ടു നമ്മുടെ നാട്ടിൽ നാം കണ്ടു പരിചയിച്ച സീറോമലബാർ റീത്തു ഈ താരതമ്യപഠനത്തിൽ പലപ്പോഴും വഴികാട്ടിയായി ഉപയോഗിക്കേണ്ടിവരും. അതായതു, പൊതുവായ പ്രതിപാദനംകൊണ്ട് ആശയം സ്പഷ്ടമല്ലെന്നു കാണുമ്പോഠം, പ്രതിപാദ്യവിഷയം സീറോ-മലബാർ റീത്തിൽ എപ്രകാരമാണെന്നു ആദ്യം എടുത്തുകാണിക്കുന്നതാണ്.

സീറോ-മലബാർ റീത്തിലുള്ള ഒരു ഘടകം വ്യക്തമല്ലെന്നു കാണുമ്പോഠം സഹായത്തിനു കൽദായറീത്തിനെ സമീപിക്കേണ്ടിവരും. ഇതിനുള്ള കാരണം ഈ രണ്ടു റീത്തുകഠം തമ്മിലുള്ള ഗാഢബന്ധമാണ്. സീറോ-മലബാർ സഭയിൽ നില

* കൽദായകുർബാനക്രമത്തിൽ കടന്നുകൂടിയ ലത്തീൻമയം മാററിയാൽ അതു സീറോമലബാർ റീത്തുമായി അധികം വ്യത്യസ്തമല്ല. പ്രാൎത്ഥനകഠം മിക്കവാറം ഒന്നുതന്നെ. കൽദായരുടേയും നെസ്തോറിയരുടേയും കുർബാനക്രമങ്ങളുടെ പ്രധാന കൈയെഴുത്തുപ്രതികഠം മലബാർ ദിവ്യബലി ക്രമവുമായി വളരെ സാധൎമ്മ്യമുള്ളതാണ്. ഈ പുസ്തകത്തിൽ "പുക്ദാനകോൻ" എന്ന ഖണ്ഡിക കാണുക.

www.malankaralibrary.com

വിലിരിക്കുന്ന ദിവ്യബലിക്രമം മലബാറിൽ ജനിച്ചുവളർന്നതല്ല. മൂന്നും, നാലും നൂററാണ്ടുകളിൽ പേഷ്യയിലും മെസപ്പൊട്ടേമിയായിലും രൂപംകൊണ്ടതാണതു്. (ആ ദേശവുമായി മലബാറിനു വളരെ ബന്ധമുണ്ടായിരുന്നു.) സഭാസ്ഥാപകനായ വി. തോമ്മാശ്ലീഹാ വരുന്നതിനുമുമ്പുള്ള കച്ചവടബന്ധത്തിലാരംഭിച്ചതാണതു്. ആരാധനക്രമം അവിടെ രൂപംകൊണ്ട നാളുകളിൽത്തന്നെ വ്യാപാരബന്ധം കുടിയേറിപ്പാർക്കൽ എന്നീ കാരണങ്ങളാൽ ദിവ്യബലിക്രമം മലബാറിലും കയറിപ്പററി. ഇന്നു സീറോ–മലബാർ റീത്തിലും കൽദായ റീത്തിലും ഉപയോഗത്തിലിരിക്കുന്ന ദിവ്യബലിക്രമം കാര്യത്തിൽ ഒന്നുതന്നെയെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. ഇപ്പോൾ സീറോ–മലബാർ വൈദികർ ഉപയോഗിക്കുന്ന കാനോനനമസ്കാരം കൽദായരുടെ കാനോനനമസ്കാരത്തിന്റെ ഒരു ഭാഗമാണ്. രണ്ടു സഭകളുമുപയോഗിക്കുന്ന 'പൊന്തിഫിക്കൽ' വ്യത്യസ്തമല്ല. പതിനാറാം നൂററാണ്ടുവരെ പേഷ്യയിൽനിന്നും മെസപ്പൊട്ടേമിയായിൽനിന്നും മലബാർസഭയെ ഭരിക്കാൻ മെത്രാന്മാർ വന്നിരുന്നുവെന്നതു ചരിത്രയാഥാർത്ഥ്യമാണ്. ഇത്രയും പറഞ്ഞതിൽനിന്നു സീറോ മലബാർ റീത്തു വിശദീകരിക്കാൻ കൽദായറീത്തു അവശ്യമാണെന്നു തെളിഞ്ഞുകാണാം.

സീറോ–മലബാർ റീത്തിലില്ലാത്ത ചില ഘടകങ്ങൾ വിശദീകരിക്കേണ്ടിവരുമ്പോൾ സീറോ–മലങ്കരറീത്താണ് നമുക്കു മാർഗ്ഗദർശകം. ദിവ്യബലിക്കുള്ള പ്രത്യേക ഉപകരണങ്ങൾ സെദറോ പ്രാർത്ഥന, മുതലായവ ഈ റീത്തിൽനിന്നു നമുക്കു പഠിക്കാൻ കഴിയും.

## ദൈവാലയസംവിധാനം

ആദിമക്രിസ്ത്യാനികൾ സിനഗോഗിലും വിശ്വാസികളുടെ ഭവനങ്ങളിലും ഒന്നിച്ചുകൂടി ബലിയിൽ സംബന്ധിച്ചിരുന്നു. സിനഗോഗുമായുള്ള ബന്ധം പിരിയുകയും ക്രിസ്ത്യാനികളുടെ

www.malankaralibrary.com

സംഖ്യ വർദ്ധിക്കുകയുംചെയ്തതോടെ (2-ാം നൂററാണ്ട്) ക്രിസ്തീയ ദൈവാലയങ്ങൾ രൂപംകൊണ്ടു. കോൺസ്റ്റയിൻെറ ഭരണ കാലത്തു വലിയ ബസിലിക്കകൾ ഉപയോഗത്തിലായി.

പുരാതനകാലത്തെ ദൈവാലയങ്ങൾ ഹൈക്കല, ബേമ, മോന്തളം, മദ്ബഹ, കെസ്ത്രോമ എന്നു അഞ്ചുഭാഗങ്ങളായി* തിരിക്കാം. a) വിശ്വാസികൾ പ്രാർത്ഥിക്കുന്ന ഹൈക്കലെ (Nave). സാധാരണയായി കിഴക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ദൈവാലയത്തിലെ ഈ ഭാഗത്തിൻെറ കിഴക്കുഭാഗം പുരുഷന്മാരും പടിഞ്ഞാറുഭാഗം സ്ത്രീകളും ഉപയോഗിച്ചിരുന്നു. യഹൂദജനപാരമ്പര്യമാണ് ഇപ്രകാരം സ്ത്രീകൾക്ക് പിറകിൽ സ്ഥാനം ലഭിക്കുവാൻ കാരണം. ചില ദൈവാലയങ്ങളി ലെല്ലാം മുകളിൽ ഒരു നിലപണിതു് അവിടെ (Matronum) സ്ത്രീകൾക്ക പ്രത്യേകസ്ഥാനം നൽകിയിരുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കുമായി വെവ്വേറെ വാതിലുക ളുണ്ടായിരുന്നു. കോപ്ററിക് ദൈവാലയങ്ങളിൽ പുരുഷന്മാ രുടേയും സ്ത്രീകളുടേയും സ്ഥാനങ്ങൾ ചെറുഭിത്തികൊണ്ടോ കർട്ടൻകൊണ്ടോ തിരിച്ചിരുന്നു. ഈ വ്യത്യാസങ്ങൾ ഇപ്പോൾ അധികം നിലവിലില്ല. b) ബേമ (Ambo) ഹൈക്കലായിൽ വേദപുസ്തകവായനക്കാർ, ഗായകർ, പ്രസംഗകന്മാർ മുതലായ വർ ഉപയോഗിച്ചിരുന്നതോ, ഉപയോഗിക്കുന്നതോ ആയ ഉയന്ന പ്ലാററഫോമിനാണ് ബേമ എന്നു പറയുന്നതു്.

---

* ഇവയിൽ മദ്ബഹായും ഹൈക്കലായുമേ എല്ലാ റീത്തുകൾക്കും പൊതുവായി ഇന്നു കാണാനുള്ളു. നിരുപയോഗ തമൂലം മററു ഭാഗങ്ങൾ ഇന്നു പ്രത്യേകം തിരിച്ചുകാണാനില്ല. സീറോ-മലബാർ ദൈവാലയങ്ങൾ മദ്ബഹ ഹൈക്കലാ ഇവകൂടാതെ കെസ്ത്രോമയും ഉൾപ്പെടുന്നതായി പുനരുദ്ധരിച്ച റീത്തിൽ സ്പഷ്ടമാണ്. cfr. vellion op. cit. P. 29.

www.malankaralibrary.com

എത്യോപ്യൻറീത്തു നീക്കി മററെല്ലാ റീത്തിലും ഇതു് ഉപയോഗ ത്തിലിരുന്നു. പുരാതന കൽദായറീത്തിൽ കാഴ്ചവെയ്പിനുമുമ്പു് മെത്രാൻ വൈദികഗണത്തോടുകൂടി ഇവിടെ ഉപവിഷ്ടനാകുകയും വേദപുസ്തകഭാഗങ്ങൾ ശുശ്രൂഷികൾ വായിക്കുകയും ചെയ്തിരുന്നു. ബൈസൻറയിൻ റീത്തിൽ ഇപ്പോഴും ചിലപ്പോഴെല്ലാം മെത്രാൻ തിരുവസ്ത്രങ്ങൾ ധരിക്കുന്നതിനും പ്രസംഗിക്കുന്നതിനുമായി താല്ക്കാലിക ബേമാകൾ സജ്ജീകരിക്കാറുണ്ടു്. ഗ്രീക്കുദേവാലയത്തിൽ ദിയാക്കോന്മാരുടെ വേദപുസ്തകവായനയ്ക്കുള്ള സ്ഥലവും വൈദികരുടെ പ്രസംഗപീഠവുമായി ഇപ്പോഴും ഇതു സൂക്ഷിക്കുന്നു. പുരാതനറോമൻബസിലിക്കാകളിൽ ഇതിനു സമാനമായി ഒരു ഭാഗം കാണുന്നുണ്ടു്. c) മോന്തളം (narthex): പ്രായശ്ചിത്തം ചെയ്തുതീക്കാത്ത പാപികൾക്കും ജ്ഞാനസ്നാനാത്ഥികൾക്കുമായി ഹൈക്കലയോടു ചേൎന്നു (ദൈവാലയത്തിൻെറ മുൻവശത്തു)പ്രത്യേകം നിയോഗിച്ചിരുന്നസ്ഥലമാണിതു്. വിശ്വാസികളുടെ കുർബാന ആരംഭിക്കുന്നതിനുമുമ്പു് കാർമ്മികൻ ഇക്കൂട്ടരെ അനുഗ്രഹിച്ചു വിട്ടിരുന്നു. വി. കുർബാന സ്വീകരിക്കാത്ത വിശ്വാസികൾ എത്യോപ്യൻ ദൈവാലയത്തിൽ ദിവ്യബലിയുടെ സമയം ഈ സ്ഥലത്തു് നില്ക്കാറുണ്ടു്. d) മദ്ബഹാ (santcuary): കൽദായറീത്തുനീക്കി മററു റീത്തുകളിൽ അൾത്താര മദ്ബഹായുടെ മദ്ധ്യത്തിലാണു്. അൾത്താരയുടെ ചുററുമുള്ള പ്രദക്ഷിണത്തിനും ധൂപിക്കലിനും ഉതകുന്നവിധം ആതു ഭിത്തിയോടു ചേർന്നല്ല സ്ഥാപിക്കുന്നതു്. ബൈസൻറയിൻറീത്തിൽ വൈദികർ അൾത്താരയുടെ ചുററുംനിന്നു ദിവ്യബലി അർപ്പിക്കുന്നു. അൾത്താരമാത്രം മറയ്ക്കുന്നതിനു് അർമേനിയൻ റീത്തിൽ വിരിയുണ്ടു്. മദ്ബഹ മുഴുവൻ മറയ്ക്കുന്നതിനു മറയോ ഭിത്തിയോ വരിയോ എല്ലാ റീത്തുകളിലും ഇന്നും കാണാം. ഇതു മദ്ബഹായെ ഹൈക്കലായിൽനിന്നു വേർതിരിച്ചുകാണിക്കുന്നു. ദിവ്യബലിയിൽ പ്രത്യേകസമയത്തു മാത്രമേ, ഈ വിരി നീക്കുകയുള്ളു. ബൈസൻറയിൻറീത്തിൽ ഈ ഭിത്തിക്കു് Iconostasis എന്നു പറയുന്നു. ക്രിസ്തുവിൻേറയും മാതാവിൻേറയും മററു

www.malankaralibrary.com

വിശുദ്ധരുടേയും ചിത്രങ്ങൾ ഇതിൽ കാണാം. ഇതിൽ സാധാരണമായി മൂന്നു വാതിലുകളുണ്ട്. എത്യോപ്യൻറീത്തിൽ ഈ ഭിത്തിക്ക് ഒരു പ്രവേശനദ്വാരമേ ഉള്ളു. കൽദായരൊഴിച്ച് മറെറല്ലാ പൗരസ്ത്യരുടെ ദൈവാലയങ്ങളിലും മെത്രാൻ ഉപവിഷ്ടനാകുന്നതിനുള്ള പീഠം മദ്ബഹായുടെ കിഴക്കേ അററത്തു ഭിത്തിയോടു ചേർന്നു കാണാം. ബൈസൻറയിൻറീത്തിൽ മദ്ബഹായിൽ അൾത്താരയുടെ രണ്ടു വശങ്ങളിലായി ഓരോ ചെറുമേശകൾ ഉണ്ട്. പ്രോത്തസീസ് എന്നുപേരുള്ള തെക്കുവശത്തെ മേശയിൽ ബലിവസ്തുക്കൾ ഒരുക്കുകയും, വിശ്വാസികളുടെ ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം മിച്ചമുള്ള കൂദാശചെയ്ത ബലിവസ്തുക്കൾ ദിവ്യബലിയുടെ അവസാനം ഉൾക്കൊള്ളുന്നതിനുവേണ്ടി ഈ മേശയിൽ കൊണ്ടുവന്നു സൂക്ഷിക്കുകയും ചെയ്യുന്നു. വടക്കുവശത്തുള്ള മേശയിൽ തിരുവസ്ത്രങ്ങളും പാത്രങ്ങളും ദിയാക്കോന്മാരുടെ സൂക്ഷത്തിൽ വയ്ക്കുന്നതുകൊണ്ടു അതിനു ദിയാക്കോണിക്കോൻ എന്നു പറയുന്നു. സിറിയായിലുണ്ടായിരുന്ന പുരാതന ദൈവാലയങ്ങളിൽ മദ്ബാഹായോടു ചേർന്നു പാർശ്വങ്ങളിലായി ഈ പേരുകളോടും ഉപയോഗത്തോടുംകൂടി രണ്ടു മുറികൾ ഉണ്ടായിരുന്നതായി ഭൂഗർഭഗവേഷണത്തിൽനിന്നു തെളിഞ്ഞിട്ടുണ്ട്. * സിറിയൻറീത്തിൽ ഇരു വശങ്ങളിലുമുള്ള മേശകൾ മൂന്നിന്മേൽ കുർബാനയ്ക്കു അൾത്താരയായി ഉപയോഗിക്കാറുണ്ട്. ഒന്നു കാസയും, മറേറതു പീലാസയും ഒരുക്കുന്നതിനു ഉപയോഗിക്കുന്നു. c) കെസ്ത്രോമ (Solea): ഈ ഭാഗം മദ്ബഹായോടു ചേർന്നു വിരിക്കു പുറത്തു മദ്ബഹാ പോലെതന്നെ ഹൈക്കലായേക്കാൾ ഉയർന്നതാണ്. ഇതിനും ഹൈക്കലായ്ക്കുമിടയ്ക്കു ഒരഴി(കങ്കെ)യുണ്ട്. കെസ്ത്രോമായിൽനിന്നുകൊണ്ടു് ദിയാക്കോന്മാർ അറിയിപ്പുകൾ നല്കുകയും പ്രാർത്ഥന ചൊല്ലിക്കൊടു

---

* Buttler and Smith Early Churches in Syria, Prenceton 1929.

www.malankaralibrary.com

ക്കുകയും ചെയ്യുന്നു. ഗായകസംഘ (ശൂദാതഹത്തായ) ത്തിനുള്ള സ്ഥലവുംഇതു തന്നെ.

## അൾത്താരയും ബലിക്കുള്ള പ്രത്യേകോപകരണങ്ങളും

സാധാരണമായി എല്ലാ പൗരസ്ത്യറീത്തുകളിലും അൾത്താരമേൽ കുരിശുരൂപം, സാക്രാരി, മെഴുകുതിരി ഇവകൂടാതെ സുവിശേഷപ്പുസ്തകവും ഉണ്ടായിരിക്കും. ചില റീത്തുകളിൽ സക്രാരി മദ്ബഹായ്ക്കുള്ളിൽ ഭിത്തിയിൽ വയ്ക്കാറുണ്ടു്.

അൾത്താരമേൽ പുഷ്പങ്ങളും ചെടികളും മററലങ്കാരവസ്തുക്കളും വയ്ക്കുന്നതു് ഉചിതമല്ലെന്നൊരാശയമാണ് പൗരസ്ത്യർക്കു പൊതുവെയുള്ളതു്. ലത്തീൻറീത്തിലും ഈ മനസ്ഥിതിയുണ്ടായിരുന്നു ഒമ്പതാംനൂററാണ്ടിൽ ലെയോ നാലാമൻ മാപ്പാപ്പ, അൾത്താരമേൽ വി. കുർബാന, സുവിശേഷപ്പുസ്തകം, വിശുദ്ധരുടെ തിരുശ്ശേഷിപ്പു് ഇവ മാത്രമേ വച്ചു സൂക്ഷിക്കാവൂ എന്നു് ബോധിപ്പിച്ചിട്ടുണ്ടെന്നതു് പ്രസ്താവ്യമാണ് (1). പുതിയനിയമത്തിലെ ബലിപീഠം കർത്താവിൻെറ കബറിടമായും കർത്താവായുംതന്നെ സങ്കല്പിച്ചു ക്രിസ്ത്യാനികൾ ബഹുമാനിക്കുന്നു. ക്രിസ്തീയബലിയിൽ അൾത്താരയ്ക്കുള്ള പ്രധാന്യത്തെപ്പററിയുള്ള ഒരു ദീർഘപഠനം അവസാനിക്കുന്നതു് ഇപ്രകാരമാണ്: "അൾത്താരയെ നാം ബഹുമാനിക്കണം. കാരണം, അതു മിശിഹായെ പ്രതിനിധാനം ചെയ്യുന്നു. തന്നിമിത്തം, അതു തിരുസ്വരൂപങ്ങൾക്കുള്ള പീഠമാക്കുകയോ അലങ്കാരവസ്തുക്കൾകൊണ്ടു നിറയ്ക്കുകയോ മറയ്ക്കുകയോ പുഷ്പവും ചെടികളും വയ്ക്കുന്ന ഗ്ലാസ്ഭരണികൾ സൂക്ഷിക്കാനുള്ള അലമാരയാക്കിത്തീർക്കുകയോ ചെയ്യുന്നതു് ഉചിതമല്ല." (2) സാധാരണമായി സഹകാർമ്മികബലി (concelebration) ഇല്ലാത്ത റീത്തുകളിൽ അൾത്താരയുടെ പിറകിലോ വശങ്ങളിലോ ആണ് പുഷ്പങ്ങൾ വച്ചലങ്കരിക്കുന്നതു്. കോപ്റ്റിക് റീത്തിൽ അൾത്താരയ്ക്കു പിറകിലാണ് കുരിശുരൂപം വയ്ക്കാറുള്ളതു്.

---

(1) Migne, P. L. 115,677

(2) Canon Croegart, Op. cit Vol I P. 46.

www.malankaralibrary.com

സീറോ_മലങ്കര, (അന്ത്യോക്യൻ) ബൈസൻറയിൻ എന്നീ റീത്തുകളിൽ ഉപയോഗിക്കുന്ന നക്ഷത്രം (Star, കൗക്ക്ബാ, asteriskos): ആർച്ചിൻെറ രൂപത്തിലുള്ള രണ്ടു ലോഹത്തകിടുകൾ കുരിശാകൃതിയിൽഒരാണികൊണ്ടു യോജിപ്പിച്ചതാണിതു്. ചിലപ്പോൾ അതിൽനിന്നു് ഒരു 'നക്ഷത്രം' തൂക്കിയിടാറുണ്ടു്. ദിവ്യശിശു കിടന്നിരുന്നതിനുമീതെ നക്ഷത്രം വന്നുനിന്നുവെന്ന സുവിശേഷവിവരണത്തിനനുസരണം പീലാസയിലെ തിരുവോസ്തിക്കുമീതെ വയ്ക്കുന്നതാണിതു്. പീലാസ മൂടുന്ന വിരി തിരുവോസ്തിയെ സ്പർശിക്കാതിരിക്കാൻ ഇതുപകരിക്കും. കയിൽ(Spoon): രണ്ടു സാദൃശ്യത്തിലും വി. കുർബാന നല്കുന്നതിനു് ഉപയോഗിക്കുന്നതാണിതു്. ദിവ്യബലിയിൽ ഇതുപയോഗത്തിൽ വന്നതു് ഏഴാം നൂററാണ്ടിനുശേഷമാണു്. * കുന്തം: കുരിശാകൃതിയിലുള്ള കൈപ്പിടിയോടുകൂടി ഇരുവശത്തും മൂർച്ചയുള്ള ഈ ചെറിയ കുന്തം കാഴ്ചവയ്ക്കുന്നതിനുമുമ്പു വലിയ അപ്പത്തിൽനിന്നു ചെറിയ കഷണങ്ങൾ മുറിച്ചെടുക്കുന്നതിനു ബൈസൻറയിൻറീത്തിൽ മാത്രം ഉപയോഗിക്കുന്നതാണു്. സ്പഞ്ചു്: ബൈസൻറയിൻറീത്തിൽ സങ്കീഞ്ഞതി (Purificator, മ്കബ്ബ്രാനാ) നു പകരം ഒരു ചെറിയ സ്പഞ്ചു് ഉപയോഗിക്കുന്നു. ദിവ്യബലിക്കുപയോഗിക്കുന്ന കാസയും പീലാസയും മററും തുടയ്ക്കുന്നതിനുള്ളതാണിതു്. അന്ത്യോക്യൻറീത്തിലും ഈ സ്പഞ്ചു് (കാൽബ്ബ്തോ) ഉണ്ടെങ്കിലും ഉപയോഗിക്കുന്നതു ചെറിയ തൂവാലയാണു്. ഓരോ പ്രാവശ്യവും കൂദാശ ചെയ്യപ്പെട്ട ബലിവസ്തുക്കൾ സ്പർശിച്ചതിനെ തുടന്നു് ഈ റീത്തിൽ വിരലുകൾ കഴുകിത്തുടയ്ക്കണമെന്നുണ്ടു്. അതിനു് ചെറിയ താലത്തിൽ (മ്ശംശോനീത്തോ=deaconess) അല്പം വെള്ളവും അൾത്താരയിൽ വയ്ക്കുന്നു. ദിവ്യബലിക്കുള്ള വീഞ്ഞിൽ

---

* Renaudot, Liturgiarum Orientalium Collectio, Vol. 1 Page 262. കയിൽ ചാരിവയ്ക്കുന്നതിനു ചില സഭകളിൽ ചെറിയ 'കുഷ്യൻ' ഉപയോഗിക്കാറുണ്ടു്.

www.malankaralibrary.com

വെള്ളം ചേക്കുന്നതു് ഇതിൽനിന്നുതന്നെ. ബൈസൻറയിൻറീത്തിൽ വി. കുർബാന സ്വീകരണത്തിനുമുമ്പു തിരുരക്തത്തിൽ ചേർക്കുന്ന ചൂടുവെള്ളം (Zeon) എടുക്കുന്നതിനു കൈപ്പിടിയുള്ള ചെറിയ താലം ഉപയോഗിക്കുന്നു. *

എല്ലാ റീത്തിലും സാമാന്യമായി പീലാസ ലത്തീൻ റീത്തിലേതിനേക്കാറ കുഴിഞ്ഞതും വലിപ്പമുള്ളതുമാണു്. വിശ്വാസികളുടെ വി. കുർബാനസ്വീകരണത്തിനുള്ള അപ്പം കൂദാശ ചെയ്യുന്നതു് ഇതിൽ വച്ചാണു്. ബൈസൻറയിൻ (റഷ്യൻ) റീത്തിൽ പീലാസ കാസപോലെ ചുവടുള്ളതാണു്.

ആൻറിമെൻസിസ്: ഏതാണ്ടു പതിനെട്ടിഞ്ചു ചതുരത്തിൽ വിശുദ്ധരുടെ തിരുശേഷിപ്പുകറ തയ്ച്ചു പടിപ്പിച്ചിട്ടുള്ള ഈ തൂവാല കൂദാശചെയ്ത അറത്താരസ്ഥാപകരം ഉപയോഗിക്കാവുന്നതാണു്. ഇപ്പോറ ഇതു ചില പൗരസ്ത്യറീത്തുകളിൽ കൂദാശ ചെയ്ത അറത്താരമേൽ വിരിച്ചു് ഇതിന്മേൽ ബലിവസ്തുക്കറവയ്ക്കുന്നുണ്ടു്. ബൈസൻറയിൻറീത്തിൽ ഈ തുണിയിൽ ക്രിസ്തുവിൻെറ കബറടക്കചിത്രം കാണാം.

സീറോമലങ്കരറീത്തിൽ ബലിവസ്തുക്കറ വയ്ക്കുന്നതിനു് അറത്താരയിൽ വിരിക്കുന്ന "വിരിക്കുട്ട"ങ്ങറ ഒന്നിനകത്തു മറെറാന്നായി വിവിധ നിറത്തിലുള്ള മൂന്നു ചതുരക്കളെങ്ങളോടുകൂടിയവയാണു്. ഏററം പുറമേയുള്ള ചുവന്ന ചതുരക്കളം പ്രപഞ്ചത്തെ കാണിക്കുന്നു. പ്രപഞ്ചത്തിനുള്ളിലെ ഭൂമി കാണിക്കുന്നതിനു് അതിനകത്തു പച്ചച്ചതുരവും, ഭൂമിയുടെ ഹൃദയമായുള്ള തിരുസ്സഭയെ കാണിക്കാൻ നടുക്ക വെള്ളച്ചതുരവുമുണ്ടു്. ഈ ചതുരത്തിലാണു് ബലിവസ്തുക്കറ വയ്ക്കുന്നതു്. ബൈസൻറയിൻ, അന്ത്യോക്യൻ, കോപ്റ്റിക്, എത്യോപ്യൻ റീത്തുകളിൽ പീലാസയും കാസയും മൂടുന്നതിനു ഓരോ ചെറിയ തുവാലയുണ്ടു്. ഇവകൂടാതെ രണ്ടുംകൂടി ഒന്നിച്ചു മൂടുന്നതിനു്

---

* യുക്രേനിയൻ തുടങ്ങിയ ചില ബൈസൻറയിൻസഭകളിൽ അടുത്തകാലത്തു് ഇതു നിറുത്തിക്കളഞ്ഞു.

www.malankaralibrary.com

ഒരു വലിയ വിരിയും ഉപയോഗിക്കുന്നു. ചിലർ ലത്തീൻ റീത്തിലേതുപോലെയുള്ള 'കമ്പലാന' (Pall) ഉപയോഗിക്കുന്നുണ്ട്. സിറിയൻറീത്തിൽ ഉപയോഗിക്കുന്നത് ലോഹനിർമ്മിതമായ മൂടിയാണ്.

## തിരുവസ്ത്രങ്ങൾ *

അതതുദേശത്തെ മാന്യജനങ്ങൾ ഉപയോഗിക്കുന്ന വസ്ത്രങ്ങളാണ് ആദിമശതകങ്ങളിൽ അപ്പസ്തോലന്മാരും അവരുടെ അടുത്ത പിൻഗാമികളും തിരുക്കർമ്മങ്ങൾക്ക് ഉപയോഗിച്ചിരുന്നത്. ഏതാണ്ട് 7-ാം നൂററാണ്ടോടുകൂടി അത്മായരുടെ വസ്ത്രധാരണരീതി പരിപൂർണ്ണമായി മാറി. അപ്പോഴും പഴയ രീതിയിലുള്ള വസ്ത്രങ്ങൾതന്നെ വൈദികൻ തിരുക്കർമ്മങ്ങൾക്ക് ഉപയോഗിച്ചുപോന്നു. നൂററാണ്ടുകളെ അതിജീവിച്ച് ആ രീതി വലിയ വ്യത്യാസം കൂടാതെ ഇന്നും നിലവിലിരിക്കുന്നു. എല്ലാ റീത്തുകൾക്കും പൊതുവായുള്ള തിരുവസ്ത്രങ്ങളെപ്പററി അല്പാല്പം പ്രതിപാദിക്കാം.

<u>കൊത്തീന</u>: ലത്തീൻറീത്തിലെ 'ആൽബ്'യുടെ സ്ഥാനമാണ് ഇതിനുള്ളത്. സ്തിക്കാറിയോൻ, ത്തുന്നീജാ, കമ്മീസ് എന്നൊക്കെ ഇതിനു പേരുണ്ട്. സാധാരണമായി ഇതു് ഏതു നിറത്തിലും ആവാം. എല്ലാ കാർമ്മികരും—പാത്രിയർക്കാ ഉൾപ്പെടെ—ശുശ്രൂഷികളും ഉപയോഗിക്കുന്നതാണിത്. ശുശ്രൂഷികളുടെ കൊത്തീന പുറംവസ്ത്രമായതിനാൽ വളരെ കമനീയമായി അലങ്കരിക്കാറുണ്ട്. അർമ്മേനിയൻറീത്തിൽ ശുശ്രൂഷികളുടെ ഈ കുപ്പായം പന്ത്രണ്ട് ശ്ലീഹന്മാരുടെ ചിത്രമുള്ളതാണ്. ഗ്രീക്ക മെത്രാന്മാരുടെ 'സ്തിക്കാരിയോൻ' ചുവന്നതാണ്. മാറോ

* പുനരുദ്ധരിക്കപ്പെട്ട സീറോമലബാർ റീത്തിലെ തിരുവസ്ത്രങ്ങളെപ്പററി ഗ്രന്ഥകർത്താവിൻെറ "സീറോ മലബാർ സഭയുടെ പുനരുദ്ധരിക്കപ്പെട്ട കുർബാന" ഇരിങ്ങാലക്കുട, 1962, pp 32-35

www.malankaralibrary.com

നീത്തക്കാരും ആർമേനിയൻകാരും ലത്തീൻറീത്തിലെ ആൽബ ഉപയോഗിച്ചിരുന്നെങ്കിലും ഇപ്പോഠം അതു് മാററിത്തുടങ്ങി.

കൈയ്യുറ: ലത്തീൻറീത്തിലെ ചെറിയ ഊറാലയുടെ സ്ഥാനത്തു് ഉപയോഗിക്കുന്നതാണിതു്. എന്നാൽ, രണ്ടു കൈകളിലും കൊത്തീനായ്ക്കു് മീതെയിടുന്ന ഉറകളായിട്ടാണു് പൗരസ്ത്യർ ഇതുപയോഗിക്കുന്നതു്. സാധാരണമായി ഇതു് കുരിശടയാളങ്ങളാൽ അലംകൃതമായിരിക്കും ഗ്രീക്കുറീത്തിൽ ദിയാക്കോനും (ആറാം പട്ടക്കാരൻ) ഇതു് ഉപയോഗിക്കുന്നുണ്ടെങ്കിലും മററെല്ലാ റീത്തുകളിലും കൈയ്യുറ വൈദികരുടെ തിരുവസ്ത്രമാണു്.

അരക്കെട്ടു്: അല്പം വീതിയുള്ള തുണിയോ പട്ടോകൊണ്ടു തയിച്ചുണ്ടാക്കി കൊളുത്തുകൊണ്ടോ പിത്തകൊണ്ടോ കൊത്തീന ദേഹത്തോടുചേർത്തു ബന്ധിക്കുന്നതിനു് ഇതുപയോഗിക്കുന്നു. ബൈസൻറയിൻറീത്തിൽ 8–ാം നൂററാണ്ടിനുമുമ്പും അർമേനിയൻ റീത്തിൽ 12–ാം നൂററാണ്ടിനപ്പുറവും വൈദികർ അരക്കെട്ടു കൂടാതെയാണു് കൊത്തീന ധരിച്ചിരുന്നതു്. മിക്കവാറും എല്ലാ റീത്തുകളിലും നെടിയ ഊറാറ, കൊത്തീന ഇവയ്ക്കു പുറമേയാണു് അരക്കെട്ടുകൊണ്ടു ബന്ധിക്കുന്നതു്. (1)

ഊറാറ: എല്ലാ റീത്തിലും മെത്രാൻ, വൈദികൻ, ദിയാക്കോൻ, ഹെവ്പ്ദ്യാക്കോൻ (അഞ്ചാംപട്ടക്കാരൻ) എന്നിവർ സ്ഥാനവസ്ത്രമായി ഇതുപയോഗിക്കുന്നു. മറോനീത്തക്കാരുടെയിടയിൽ മററു ശുശ്രൂഷികളും (lector കോറോയൊ) ഇതു ധരിക്കുന്നുണ്ടു്. മലങ്കരറീത്തിൽ വൈദികൻ ഉപയോഗിക്കുന്നതുപോലെ മുകൾഭാഗത്തുതലകടത്തി ധരിക്കാൻമാത്രം വിടവോടുകൂടിയതും കഴുത്തു മുതൽ കീഴോട്ടുള്ള ഭാഗം ഒന്നായി തയ്ച്ചിരിക്കുന്നതുമാണു് പല പൗരസ്ത്യരുടേയും ഊറാറ. മററുള്ളവർക്കുള്ളതു കൽദായർ, സീറോ മലബാർ എന്നിവരുടെ ഇടയിൽ ഉപയോഗിക്കു

(1) Ordo Celebrationis Quddasae Juxta Ritum Syro-Malabar, Rome, 1960, p.8.

www.malankaralibrary.com

ന്നതുതന്നെ. അതു ലത്തീൻറീത്തിലെ നെടിയ ഊറാലപോലെ മുൻഭാഗം രണ്ടായി വിഭജിക്കപ്പെട്ടിട്ടുള്ളതും, എന്നാൽ ഒരേ വീതിയിലുള്ളതും മാറത്തു കുരിശാകൃതിയിലല്ലാതെ നേരെ കഴുത്തിൽ തൂക്കിയിടുന്നതുമാണ്. ഏകദേശം പാദംവരെ നീളമുള്ളതാണ്. ഈ ഉറാറ.

ദിയാക്കോർ ഊറാറ മൂന്നുതരത്തിൽ ധരിക്കാറുണ്ട്. a) ഇടത്തെ തോളിൽ അഗ്രങ്ങൾ മുമ്പിലും പിമ്പിലുമായി തൂക്കിയാടുക. സിറിയൻ, മാറോനീത്ത, കൽദായറീത്തുകളിൽ ഇപ്രകാരമാണ് ദിയാക്കോൻ ധരിക്കുന്നത്. b) ഗ്രീക്ക്, ബൾഗേറിയൻ, യുക്രേനിയൻ, കോപ്റ്റിക്ക് എന്നീ റീത്തുകളിൽ ഊറാറകളുടെ അഗ്രം പിറകിൽ മാത്രമേ നീണ്ടുകിടക്കുകയുള്ളൂ. c) അർമേനിയൻറീത്തിൽ ലത്തീൻ ഡീക്കന്മാർ ഇടുന്നതുപോലെതന്നെ.

ഹെവ്പ്ദിയാക്കോൻ ഊറാറയിടുന്നതും വിവിധ തരത്തിലാണ്. ബൈസൻറയിൻ റീത്തിലെ ഹെവ്പ്ദിയാക്കോന്മാർ പിറകിൽ കുരിശാകൃതി ഉണ്ടാകത്തക്ക രീതിയിലാണ് ധരിക്കുക. കൽദായറീത്തിലും സീറോ മലബാർറീത്തിലും അവർ കഴുത്തിൽ ചുററി ഇടത്തേ തോളിലൂടെ അഗ്രങ്ങൾ മുൻപോട്ടും പിറകോട്ടും ഇടുന്നു. മാറോനീത്താറീത്തിലെ വായനക്കാർ (lector) വലതുതോളിലാണ് ഊറാറ തൂക്കിയിടുന്നത്.

കാപ്പ: വൈദികരുടെ പ്രത്യേക തിരുവസ്ത്രമാണിത്. ലത്തീൻ റീത്തിലുള്ള കാപ്പയുടെ മുൻഭാഗം കൂട്ടിതയിച്ചാലെന്നപോലെയുള്ള രൂപമാണ് ആദ്യകാലത്ത് ഇതിനുണ്ടായിരുന്നത്. കൈകൾ ഉയർത്തുന്നതിനുള്ള സൗകര്യത്തിനുവേണ്ടി ഗ്രീക്കുകാർ അതിന്റെ മുൻഭാഗത്തിന് ഉറക്കം കുറച്ചു. സ്ലാവിക്, ബൾഗേറിയൻ എന്നിവർ ഇപ്രകാരം വളരെയധികം വെട്ടിക്കുറച്ചതുകൊണ്ട് പഴയ രൂപം തിരിച്ചറിയുക വിഷമമാണ്. മററു റീത്തുകളിൽ കാപ്പയുടെ മുൻഭാഗം തുറന്ന് ലത്തീൻ കാപ്പയോട് അനുരൂപപ്പെട്ടിട്ടുണ്ട്. ഓരോ റീത്തിലും കാപ്പ അലങ്കരിക്കുന്നത് ഒരോ തരത്തിലാണ്. സീറോ-മലബാർറീത്തിലെ കാപ്പയുടെ

www.malankaralibrary.com

പുറത്തു മാർതോമാശ്ലീഹായുടെ (പേർഷ്യൻ) കുരിശുവച്ചു പിടിപ്പിക്കുന്ന * ലത്തീൻ റീത്തിലെ കുർബാനക്കുപ്പായമാണ് മാറോനീത്തറീത്തിൽ ഉപയോഗിച്ചിരുന്നതു്. ഇപ്പോൾ അതു മാററിത്തുടങ്ങി.

തലമുണ്ട്: റോമൻ പുരുഷന്മാരുടെ ശിരോവസ്ത്രമായിരുന്ന തലമുണ്ട് (amictus) ലത്തീൻ ക്രമത്തിൽത്തന്നെയും പ്രചാരത്തിൽവന്നതു് എട്ടാംനൂററാണ്ടിലാണ്. പൂജാനുഷ്ഠാനവിധികളിലില്ലെങ്കിലും, തിരുവസ്ത്രങ്ങൾ വിയർപ്പുകൊണ്ടു മുഷിയാതിരിപ്പാൻ ഷർട്ടിൻെറ കോളർ എന്നതുപോലെ പല പൗരസ്ത്യവൈദികരും ഇതുപയോഗിക്കുന്നുണ്ട്. ഇക്കൂട്ടത്തിൽപ്പെട്ടവരാണ് അർമ്മേനിയൻ, മാറോനീത്ത എന്നീ റീത്തുകളിലെ വൈദികരെല്ലാം. കൂടാതെ കൽദായ, കോപ്ററിക്, ബൈസൻറയിൻ എന്നീ റീത്തുകളിലെ ചിലവൈദികരും തലമുണ്ടുപയോഗിക്കുന്നു. പതിനഞ്ചാംനൂററാണ്ടുമുതൽ അർമ്മേനിയൻറീത്തിൽപ്പെട്ട അകത്തോലിക്കർ ലത്തീൻ ക്രമമനുസരിച്ചു തലമുണ്ട്ഉപയോഗിച്ചുതുടങ്ങി. അർമ്മേനിയക്കാരുടെ തലമുണ്ടു കോളർപോലെ കട്ടികൂടിയതാണ്. മാറോനീത്തറീത്തിലെ വൈദികർ കൊത്തീനാച്ചു് മീതെയാണ് തലമുണ്ടു ധരിക്കുന്നതു്.

കിരീടം: സിറിയൻ റീത്തുകളിൽപ്പെട്ട മെത്രന്മാർ "മസ്നപ്സ" ഉപയോഗിക്കുന്നു. കൽദായറീത്തിൽപെട്ട മെത്രാന്മാരുടെ കിരീടത്തിനു 'ബിറൂണ' എന്നപേരാണ്, കർമ്മാനുഷ്ഠാനവിധികൾ നല്കിയിരിക്കുന്നതു്. മററു റീത്തുകളിലെ മെത്രാന്മാർ ശരിയായ തൊപ്പിതന്നെ ഉപയോഗിക്കാൻ ആരാധനക്രമവിധങ്ങൾ നിഷ്കർഷിക്കുന്നു. ബൈസൻറയിൻ റീത്തിലേതു വളരെ രാജകീയമായ കിരീടമാണ്. അർമ്മേനിയൻ റീത്തിൽപ്പെട്ട (കത്തോലിക്കരും അകത്തോലിക്കരും) മെത്രന്മാർ ലത്തീൻ മീത്ര ഉപയോഗിക്കുന്നുണ്ട്. അർമ്മേനിയൻറീത്തിലേയും കോ

---

* 'മാർത്തോമ്മാശ്ലീഹായുടെ കുരിശിൻെറ' ചിത്രത്തിനു cfr. Vellian op. cit. 33

www.malankaralibrary.com

പ്ററിക് റീത്തിലേയും വൈദികരും അർമ്മേനിയൻറീത്തിലെ ദിയാക്കോന്മാരും ആരാധനക്രമാനുസരണമുള്ള തൊപ്പി ധരിച്ചു കൊണ്ടാണു് ശുശ്രൂഷ നടത്തുന്നതു്.

മുട്ടുകുത്തൽ: ഒററമുട്ടുകുത്തി ബഹുമാനം കാണിക്കുന്നതു് റോമൻ രീതിയാണു്. റോമൻ ആരാധനക്രമങ്ങളിൽ ഈ രീതി കയറിപ്പററിയതു പതിനൊന്നാം നൂററാണ്ടിനുശേഷമാണു്. 1311-ലെ ഒരു കർമ്മാനുഷ്ഠാന വിധിയിൽ തിരുരക്തത്തെ ആരാധിക്കുവാൻ വൈദികൻ തലകുനിക്കുന്നതായി കാണുന്നുണ്ടു്. (1) കർത്തുസ്യൻറീത്തിൽ ദിവ്യകാരുണ്യസ്ഥാപനവാക്യങ്ങൾക്കു ശേഷം വൈദികൻ ഒററമുട്ടുകുത്താതെ സാഷ്ടാംഗപ്രണാമം ചെയ്യുന്നതേയുള്ളു. കൽദായക്കാരും മാറോനിത്തക്കാരും ഇപ്പോൾ ഒററമുട്ടുകുത്തുന്നതു് റോമൻറീത്തിൻെറ അനുകരണമാണു്; ആ റീത്തുകളുടെ സ്വകീയമല്ല. പൗരസ്ത്യറീത്തുകളുടെ പ്രകൃതി ഇക്കാര്യത്തിൽ പുനരുദ്ധരിച്ച സീറോമലബാർ റീത്തു സ്വീകരിച്ചിട്ടുണ്ടു്. അതനുസരിച്ചു് വൈദികൻ തലകുനിഞ്ഞാരാധിച്ചാണു് ബഹുമാനം കാണിക്കേണ്ടതു്.

രണ്ടു മുട്ടുകളും കുത്തുന്നതു് പരിഹാരത്തിൻേറയും എളിമയുടേയും ഭയത്തിൻേറയും ബാഹ്യപ്രകടനമായിട്ടാണല്ലോ. ക്രിസ്തവാബ്ദത്തിൻെറ ആദിമശതകങ്ങളിൽ പ്രായശ്ചിത്തത്തിനു നിയോഗിക്കപ്പെട്ടിട്ടുള്ള നാളുകളിൽ മാത്രമേ പ്രാർത്ഥനകളുടെ സമയത്തു മുട്ടുകുത്തുന്ന രീതി ക്രിസ്ത്യാനികൾക്കുണ്ടായിരുന്നുള്ളുവെന്നും ഞായറാഴ്ചകളിലും ഉയിർപ്പുമുതൽ പന്തക്കുസ്താവരെയുള്ള കാലത്തും സന്തോഷസൂചകമായി വിശ്വാസികൾ മുട്ടുകുത്തിയിരുന്നില്ലെന്നും പുരാതനകാലത്തേ ആരാധനക്രമം പഠിക്കുന്നവർക്കു നിഷ്പ്രയാസം കാണാവുന്നതാണു്. (2) സീറോമലങ്കര ആരാധനക്രമത്തിൽ നോമ്പുകാലത്തു മുട്ടുകുത്തി സാഷ്ടാംഗപ്രണാമം ചെയ്യുന്നുണ്ടല്ലോ.

---

(1) cfr. Canon, Croeg The Mass Commentary. 22 ordo XIV.

(2) Cabrol Liturgical prayer, London, 1962 p. 81

www.malankaralibrary.com

അതുപോലെ നോമ്പുകാലത്തും അനുതാപസൂചകമായ പ്രാർത്ഥനയുടെ സമയത്തും മാത്രമേ സാധാരണമായി പൗരസ്ത്യർക്കു ദിവ്യബലികളിൽ മുട്ടുകുത്തു് അനുവദിച്ചിട്ടുള്ളൂ. സീറോമലബാർ റീത്തിൽ അനാഫറയുടെ ആരംഭത്തിൽ മുട്ടുകുത്തുന്നതു്, തത്സമയം അനുതാപസൂചകമായ ഒരു പ്രാർത്ഥന ചൊല്ലുന്നതിനാലാണു്. ജനങ്ങൾ സാധാരണമായി ദിവ്യബലിയുടെ സമയത്തു നില്ക്കുന്നു. അത്മായരും ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ വൈദികനേപ്പോലെയല്ലെങ്കിലും ഒരു പ്രത്യേകതരത്തിൽ പങ്കുവഹിക്കുന്നതുകൊണ്ടു് ബലിസമയത്തു് അവരും കാർമ്മികനെപ്പോലെതന്നെ നില്ക്കുന്നതു് ഉചിതമാണല്ലോ. വി. ജസ്റ്റിൻ രണ്ടാംനൂറ്റാണ്ടിലേ ദിവ്യബലിക്രമം വിവരിക്കുന്നിടത്തു്, അദ്ധ്യക്ഷന്റെ പ്രസംഗത്തിനുശേഷം ജനങ്ങൾ എഴുന്നേററുനിന്നു പ്രാർത്ഥിക്കുന്നുവെന്നു പറഞ്ഞിട്ടുണ്ടെന്നുള്ളതു സ്മർത്തവ്യമാണു്.

www.malankaralibrary.com

## അദ്ധ്യായം അഞ്ചു്

# ദിവ്യബലി

വിഭിന്നാർത്ഥമുള്ള പദങ്ങളാണു് ഓരോറീത്തിലും ദിവ്യബലിയെ സൂചിപ്പിക്കുന്നതു്. "വിശുദ്ധവും ദൈവികവുമായ ആരാധനക്രമ"മെന്നാണു് ബൈസൻറയിൻ റീത്തിലുപയോഗിക്കുന്നതു്. ബലി എന്നർത്ഥമുള്ള പദമാണു് സിറിയൻ (കുർബാനോ) അർമ്മേനിയൻ (പതറാക്കു്) എന്നീ റീത്തുകളിലുള്ളതു്. കാഴ്ചയണയ്ക്കൽ എന്നർത്ഥമുള്ള 'പ്രോസ്ഫൊറെ' കോപ്റ്റിക്‌റീത്തിലും 'പരിശുദ്ധം' എന്നർത്ഥമുള്ള 'ക്കുദാശ' എത്യോപ്യൻറീത്തിലും അതേ അർത്ഥമുള്ള 'ക്കുദാശേ'യെന്നോ റാസേ കന്തീശേ (വിശുദ്ധ രഹസ്യങ്ങൾ) എന്നോ കൽദയ റീത്തിലും ദിവ്യബലിയെ സൂചിപ്പിക്കുന്ന പദങ്ങളാണു്.

ദിവ്യബലിയെ പ്രാരംഭം, അദ്ധ്യയനക്കുർബാന, വിശ്വാസികളുടെ കുർബാന എന്നു മൂന്നായിത്തിരിക്കാമെന്നു മുകളിൽ കണ്ടല്ലോ. തിരുവസ്ത്രങ്ങൾ ധരിക്കുമ്പോൾ സാമാന്യമായി പറഞ്ഞാൽ ഒരുക്കപ്രാർത്ഥന ചൊല്ലുന്ന രീതി വളരെ വിരളമായേയുള്ളു. ദിവ്യബലിക്കുമുമ്പു് വിശ്വാസികളുമൊത്തു കാനോനനമസ്കാരം ചൊല്ലുന്നതാണു് ആദരണീയമായ ഒരുക്കമായി കണക്കാക്കുക. കൽദായസഭയിലെ ചുരുക്കം ചില ഇടവകകളിൽ ഇപ്രകാരം ചെയ്യുന്നുണ്ടു്. കനോന നമസ്കാരമല്ലാതെ ഈ സമയത്തു ചൊല്ലുന്ന മററ പ്രാർത്ഥനകൾ പുരാതനങ്ങളല്ല. ബൈസൻറയിൻ റീത്തിൽ വൈദികൻ വിരിയുടെ മുൻവശത്തുനിന്നു ക്രിസ്തുവിൻേറയും മാതാവിൻേറയും ഛായപടങ്ങളുടെ മുമ്പിൽ പ്രാർത്ഥിച്ചശേഷം തിരുവസ്ത്രങ്ങൾ ധരിക്കുന്നു. ഈ റീത്തനുസരിച്ചു പൊന്തിഫിക്കൽ കുർബാനയിൽ തിരുവസ്ത്രങ്ങളെല്ലാം ദിയാക്കോൻ ധൂപിച്ചശേഷമാണു് മെത്രാൻ ധരിക്കുന്നതു്. സിറിയൻ റീത്തിൽ അൾത്താരയിൽ തിരികൾ കത്തിക്കുമ്പോൾ പാടുന്നതിനു് പ്രത്യേക കീർത്തനമുണ്ടു്.

www.malankaralibrary.com

## ബലിവസ്തുക്കൾ

ലത്തീൻസഭയിലേതുപോലെ പുളിക്കാത്ത അപ്പമാണ് മറോനിത്തക്കാരും അർമ്മേനിയൻകാരും ഉപയോഗിക്കുന്നത്. മററു റീത്തുകളിലെല്ലാം പുളിച്ച അപ്പമേ ഉപയോഗിക്കൂ. സീറോ-മലബാർ റീത്തനുസരിച്ച് പുളിച്ച അപ്പം ഉപയോഗിക്കണമെങ്കിലും പുളിക്കാത്ത അപ്പം ഉപയോഗിക്കരുതെന്നു ക്രമരീതികൾ വിലക്കിയിട്ടില്ല. തന്നെയുമല്ല, പുളിക്കാത്ത അപ്പം തുടർന്ന് ഉപയോഗിക്കാമെന്നു വൈദികമേലദ്ധ്യക്ഷസംഘം അനുവദിച്ചിട്ടുമുണ്ട്.

നെസ്തോറിയൻ റീത്തിൽ ഇപ്പോഴും ദിവ്യബലിക്കുള്ള അപ്പം ഉണ്ടാക്കുന്നതിനു പ്രത്യേകക്രമങ്ങളുണ്ട്. വൈദികരും ദിയാക്കോന്മാരും തത്സമയം ചൊല്ലുന്നതിനു പ്രത്യേക പ്രാർത്ഥനകളുണ്ട്. ഉപ്പും ഒലിവെണ്ണയും ചേർത്ത് അപ്പം ഉണ്ടാക്കുന്നു. തലേപ്രാവശ്യത്തേ അല്പം പുളിച്ച മാവും ഓസ്തിയുടെ ചെറിയ കഷണവും ചേർത്താണ് ഓരോ പ്രാവശ്യവും അപ്പം ചുടുന്നത്. പരമ്പരാഗതമായ വിശ്വാസമനുസരിച്ച് വിശുദ്ധ അപ്പസ്തോലന്മാരായ അദ്ദായി, മാറി, തോമ എന്നിവരിൽനിന്നു സ്വീകരിച്ച പുളിച്ച മാവു നിലനിർത്തിക്കൊണ്ടുപോകുവാനാണ് നെസ്തോറിയൻറീത്തുകാർ ഇപ്രകാരം ചെയ്യുന്നത്. 16-ാം നൂററാണ്ടിൽ മലബാർ വൈദികഗണം കുർബാനയപ്പം ഉണ്ടാക്കുമ്പോൾ സങ്കീർത്തനങ്ങളും സ്തുതിപ്പുകളും പാടിയിരുന്നതായി പോർട്ടുഗീസ് ചരിത്രകാരന്മാർ പറയുന്നുണ്ട്.

## പ്രാരംഭപ്രാർത്ഥനകളും അദ്ധ്യയനക്കുർബാനയും

ആരംഭത്തിൽ കാണുന്ന പ്രാർത്ഥനകളിൽ അധികവും സങ്കീർത്തനഭാഗമാണ്. ഉദാഹരണമായി കൽദായറീത്തിൽ സാധാരണ ദിവസങ്ങളിൽ 15, 150, 117, അർമേനിയൻ റീത്തിൽ 99, 42, കോപ്റ്ററിക് എത്യോപ്യൻ റീത്തുകളിൽ 116, ബൈസൻറയിൻ അമേനിയൻ മാറോനീത്ത റീത്തുകളിൽ 116 എന്നീ

www.malankaralibrary.com

സങ്കീർത്തനങ്ങൾ ചൊല്ലുന്നുണ്ട്. എല്ലാ റീത്തുകളിലും ഈ സമയം അൾത്താര ധൂപിക്കലുമുണ്ട്.

## കോപ്റ്റിക്റീത്തിലെ പ്രഭാതധൂമാർപ്പണം

കാനോനനമസ്കാരത്തിൻെറ ഒരു ഭാഗം ചൊല്ലിയതിനുശേഷം ദിവ്യബലി അർപ്പിക്കണമെന്നതാണ് പൊതുവായ നിയമം. ദിവ്യബലിക്കുമുമ്പുള്ള കാനോനനിയമഭാഗത്തോടുകൂടി പ്രഭാത ധൂമാർപ്പണക്രമവും ചേർത്തിട്ടുണ്ട്. കർത്തൃപ്രാർത്ഥന, കൃതജ്ഞതാപ്രകടനം, കീർത്തനം, മാദ്ധ്യസ്ഥ്യപ്രാർത്ഥന, രണ്ടാമത്തെകീർത്തനം, വിശ്വാസപ്രമാണം, സുവിശേഷവായന, മാദ്ധ്യസ്ഥ്യപ്രാർത്ഥന പുത്രനോടുള്ള പാപമോചനപ്രാർത്ഥന എന്നീ ഘടകങ്ങളുള്ള ധൂമാർപ്പണക്രമം മുഴവൻ നടത്തുവാൻ സമയമനുവദിക്കാത്തപ്പോൾ അതിൻെറ ആരംഭമെങ്കിലും ചൊല്ലിയിട്ടേ ദിവ്യബലി തുടങ്ങുകയുള്ളൂ.

<u>ധൂമാർപ്പണം :</u> യഹൂദജന (പുറപ്പാട് 30. 7)ത്തേപ്പോലെ റോമൻജനതയും ധൂമാർപ്പണം ആരാധന ക്രമമായി കരുതിയിരുന്നു. ഡേഷ്യൻ ചക്രവർത്തിയുടെ മതപീഡനകാലത്ത് ദേവന്മാർക്ക ധൂമമർപ്പിച്ച ക്രിസ്ത്യാനികളെ വിമുക്തരാക്കിയിരുന്നതു് ഇക്കാരണത്താലാണ് പൗരസ്ത്യാരാധനാക്രമങ്ങളിലെല്ലാം വളരെയധികം ധൂമം ഉപയോഗിക്കാറുണ്ടെങ്കിലും കോപ്റ്റിക്റീത്തിൽ ധൂമാർപ്പണത്തിനുള്ള സ്ഥാനം ഒന്നു വേറെതന്നെയാണ്. വി. പൗലോസിൻെറ ലേഖനം ദിയാക്കോൻ വായിക്കുമ്പോൾ കാർമ്മികൻ ഗായകസംഘത്തെ ധൂമിച്ചശേഷം ജനങ്ങളുടെയിടയിലൂടെ നടന്നു ധൂപിക്കുന്നു. അപ്പോൾ കാർമ്മികൻ (വലതുകൈയ് ഓരോരുത്തരുടെ തലയിൽ വച്ച്) "ഈശോമിശിഹാ ഇന്നലെയും ഇന്നും എന്നും ഏകയാളിൽ ഒന്നുതന്നെ. നമുക്ക് അവനെ ആരാധിച്ചു മഹത്വപ്പെടുത്താം" എന്നു ചൊല്ലുന്നു. കാർമ്മികൻ തിരിച്ചുചെന്നു് അൾത്താരയെ ധൂമിക്കുമ്പോൾ കോപ്റ്റിക് അകത്തോലിക്കർ ചൊല്ലുന്ന പ്രാർത്ഥന ഇപ്രകാരമാണ്: "ബഹുമാന്യമായ കുരിശിൽക്കിടന്ന കള്ളൻെറ ഏററുപറച്ചിൽ സ്വീകരിച്ച

www.malankaralibrary.com

ദൈവമേ, ഞങ്ങളെ സന്ദർശിച്ച നിൻെറ നാമത്തെപ്രതി നിൻെറ ജനത്തിൻെറഏറ്റുപറച്ചിൽ സ്വീകരിച്ച് അവരുടെ സർവ്വപാപങ്ങളും മോചനം നല്കണമേ....'' ഈ പ്രാർത്ഥനയിൽ ധൂപാർപ്പണത്തോടു പാപമോചനം ബന്ധിച്ചിരിക്കുന്നതായിക്കാണാം. അതു ശുദ്ധീകരിക്കുന്നതും അശുദ്ധാത്മാക്കളെ അകററുന്നതുമാണെന്ന ആശയം പൗരസ്ത്യാരാധനക്രമങ്ങളിൽ സാധാരണമാണ്.

പുക്‌ദാനകോൻ : പ്രാരംഭപ്രാർത്ഥനകളിൽ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന ഒന്നാണ് ആഘോഷമായ ദിവ്യബലിയിൽ (1) സീറോമലബാർ റീത്തിൽ പാടുന്ന പുക്‌ദാനകോൻ: നിങ്ങളുടെ കല്പന എന്നതാണ് ഈ പദത്തിൻെറ അർത്ഥം. ജനങ്ങളെ പ്രതിനിധാനം ചെയ്ത് ദൈവത്തിനു ബലിയർപ്പിക്കാൻ തുടങ്ങുന്ന വൈദികൻ ഇവിടെ ജനങ്ങളോടു അനുവാദം 'നിങ്ങളുടെ കല്പന' ചോദിക്കുന്നു. ജനങ്ങളാകട്ടെ വൈദികനു മിശിഹായുടെ കല്പനയുണ്ടല്ലോ' (പുക്‌ദാനെ ദമശീഹാ) എന്നുത്തരിക്കുന്നു. ഇതാണ് ഈ പ്രാർത്ഥനയുടെ ആശയം. ഈ അനുവാദം ചോദിക്കുന്നതു് മെത്രാനോടാണ് എന്നു് പറയുന്നവരുണ്ടു്. എന്നാൽ ഈ ദിവ്യബലി പുരാതനക്രമമനുസരിച്ച് മെത്രാൻ കുർബാനയുടെ ആരംഭത്തിൽ സന്നിഹിതനായിരുന്നില്ല. പുക്‌ദാനകോൻ എന്നതിനെ തുടർന്നുള്ള 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി', സങ്കീർത്തനങ്ങൾ ഇവ കഴിഞ്ഞു അധ്യയനക്കുർബാന ആരംഭിക്കുമ്പോഴാണ് മെത്രാൻ ആഘോഷമായി പ്രവേശിക്കുന്നതു്. സാമുദായികചടങ്ങുകളിൽ സമ്മിളിതരോടു് അനുവാദം ചോദിക്കുന്നരീതി, മൈലാഞ്ചിയിടീൽ, അന്തംചാർത്ത്

(1) പഴയ ക്രമമനുസരിച്ചു സാധാരണക്കുർബാനയിലും (Simple) ഇതു ചൊല്ലിയിരുന്നു. പഴയക്രമവും പുനരുദ്ധരിച്ച ക്രമവും തമ്മിലുള്ള വ്യത്യാസങ്ങൾക്കും cfr Vellian; സീറോമലബാർസഭയുടെ പുനരുദ്ധരിക്കപ്പെട്ട കുർബാന, ഇരിഞ്ഞാലക്കുട 962.

www.malankaralibrary.com

എന്നീ അവസരങ്ങളിൽ ഈ സഭയിൽ നിലവിലുള്ളതു് നമ്മുടെ നിഗമനത്തിനു് ശക്തി നല്കുന്നു.

ഇവിടെ ഒരു ചോദ്യം സംഗതമാണു്. കൽദായകർബാനയിൽ 'പുക്ദാനകോൻ' ഉണ്ടോ? കൽദായക്കത്തോലിക്കരുടേയും നെസ്തോറിയരുടേയും ഇപ്പോഴുള്ള ക്രമങ്ങളിലില്ലെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ കൽദായകർബാനക്രമങ്ങളുടെ ചില പഴയ കൈയെഴുത്തു പ്രതികളിൽ ഇതു കാണുന്നുണ്ടു്. പാരീസിൽ നാഷണൽ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന Syr 89, Syr, 90 എന്നീ കൈയെഴുത്തുപ്രതികൾ അതിനുദാഹരണങ്ങളാണു്. 1689–ൽ എഴുതിയ ആദ്യത്തേതിന്റെ ആറാംപുറത്തു് 1698–ൽ എഴുതിയ രണ്ടാമത്തേതിന്റെ ഒന്നാംപുറത്തു 'പുക്ദാനകോൻ' ഉണ്ടു്. സാമുദായികചടങ്ങിനു സമ്മിളിതരോടു് അനുവാദം ചോദിക്കുന്ന രീതി കൽദായരുടെ ഇടയ്ക്കു് ഉണ്ടായിരുന്നതു് കാലാന്തരത്തിൽ അന്തർദ്ധാനം ചെയ്തതായിരിക്കാം.

## അദ്ധ്യയനക്കർബാന

ആരംഭത്തിൽ കൽദായ റീത്തിൽ ചൊല്ലുന്ന 'ലാകുമാറ' എന്ന കീർത്തനം പ്രത്യേകം ശ്രദ്ധാർഹമാണു്. ആ റീത്തിൽ പ്രഭാത നമസ്കാരം (സപ്ര) സായംകാലനമസ്കാരം (റേസ്പ്പ്ര) എന്നിവ കൂടാതെ പ്രധാനപ്പെട്ട മററു പ്രാർത്ഥനകളിലും കാണുന്ന ഈ കീർത്തനം 'ശിമയോൻ ബർസാബ'യാൽ (323–341) വിരചിതമാണെന്നു പറയപ്പെടുന്നു. അതിപ്രകാരമാണു്: "സകലത്തിന്റേയും നാഥാ, നിന്നെ ഞാൻ സ്തുതിക്കുന്നു. ഈശോമിശിഹായെ നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ, നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിപ്പിക്കുന്നവനും ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു."

അന്ത്യോക്യൻ റീത്തുകളിൽ ഈ സ്ഥലത്തു മാറിമാറി ചൊല്ലാവുന്ന അഹറോന്റേയും മെൽക്കീസദേക്കിന്റേയും ക്രമങ്ങളുണ്ടു്. അവ രണ്ടിനും പൊതുവായുള്ളതാണു് സെഌരോ.

www.malankaralibrary.com

## ത്രൈശുദ്ധകീർത്തനം TRISAGION

"ദൈവമേ, നീ പരിശുദ്ധനാകുന്നു. ബലവാനേ, നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു. ഞങ്ങളെ അനുഗ്രഹിക്കണമേ" എന്നതാണ് അദ്ധ്യയനകുർബ്ബാനകളിൽക്കാണുന്ന ത്രൈശുദ്ധകീർത്തനം. ഏകസ്വഭാവവാദികൾ ഇതിനോടു "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ" എന്നുകൂടി ചേർത്തു. ഇതിൽ ക്രിസ്തുവിനെയാണ് അഭിസംബോധനം ചെയ്യുന്നതു്; അതല്ല പരമത്രിത്വത്തെയാണെന്നും, തന്നിമിത്തം ദൈവശാസ്ത്രപരമായി തെററാണെന്നും ഒരുകാലത്തു വാദകോലാഹലങ്ങളുണ്ടായിരുന്നെങ്കിലും 1934-ൽ അടിച്ച സീറോ-മലബാർസഭയുടെ (കത്തോലിക്കർ) കുർബാനക്രമത്തിലും റോമിൽ 1945-ൽഅടിച്ച എത്യോപ്യൻ കത്തോലിക്കരുടെ തക്സായിലും ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, എന്നഭാഗം ചേർത്തിട്ടുള്ളതുകൊണ്ടു് സംശയങ്ങളെല്ലാം അന്തർദ്ധാനംചെയ്തു. കോൺസ്റ്റാൻറിനോപ്പിളിൽ ഈ കീർത്തനം ക്രി. വ. 430-നും450-നും ഇടയ്ക്കു് ദിവ്യബലിയിൽ ചേർത്തതായി നെസ്തോറിയസ് സാക്ഷിക്കുന്നു. (1) പുരാതനമായ ഈ കീർത്തനം ഇപ്പോൾ ബൈസൻറയിൻ, അർമേനിയൻ, മാറോനിത്ത, കൽദായ, സീറോമലബാർ എന്നീ റീത്തുകളിൽ വേദപുസ്തകവായനകൾക്കു മുമ്പും മററു റീത്തുകളിൽ അവയ്ക്കിടയിലുമാണ് ആലപിക്കുന്നതു്. പൗരസ്ത്യറീത്തുകളിലെല്ലാം കാണപ്പെടുന്ന ഈ ഗാനം പുരാതന ഗാല്ലിക്കൻറീത്തിലും ഉപയോഗത്തിലിരുന്നുവെന്നു് 529-ൽ നടന്ന വെയ്സൺ കൗൺസിലിൽനിന്നു ഗ്രഹിക്കാം. ബലിയിൽ എല്ലാം ഇതു ചൊല്ലണമെന്നു കൗൺസിൽ കല്പിക്കാനുള്ള കാരണം മൂന്നാം കാനനിൽ നല്കുന്നുണ്ടു്: "എന്തുകൊണ്ടെന്നാൽ ഇത്ര പരിശുദ്ധവും ആസ്വാദ്യകരവും അഭിലഷണീയവുമായ വാക്കുകൾ രാപ്പകൽ ആവർത്തിച്ചാലും അരോചകമാകയില്ല."

ത്രൈശുദ്ധകീർത്തനത്തിനു മുൻ എത്യോപ്യൻ റീത്തിൽ

(1) Bazaar of Heraclides ed Bedjan P. 499.

www.malankaralibrary.com

പരിശുദ്ധകന്യകയ്ക്കു പ്രത്യേക "പ്രാർത്ഥനയും" "സ്തുതികളും അർപ്പിക്കുന്നുണ്ടു്. റോമൻറീത്തിൽ ദുഃഖവെള്ളിയാഴ്ച്ചക്രമങ്ങളിൽ ഈ കീർത്തനമുണ്ടു്.

സെദ്റോ: അന്ത്യോക്യൻറീത്തിൽ നിലവിലിരുന്ന ഒരാരാധനയാണു് സെദറോക്രമം. സാധാരണമായി ഇതിൽ അഞ്ചു ഘടകങ്ങളുണ്ടു്: a) പ്രൂമിയോൻ: ഇതിൽ സെദറോ അർപ്പിക്കപ്പെടുന്ന ത്രിത്വത്തിനോ ക്രിസ്തുവിനോ മറെറതിങ്കിലും വിശുദ്ധനോ സ്തുതിയും മഹത്വവും നല്കുന്നു. b) സെദറോ: പലപ്പോഴും അനുതാപസൂചകമായ ഒരു നീണ്ട പ്രാർത്ഥനയാണിതു് ഇതു കാർമ്മികൻ പാടുന്നു. c) പദ്യശകലം: മിക്കവാറും നാലുവരിയുള്ളതാണു്. d) ധൂമപ്രാർത്ഥന; അതോടുകൂടെ ധൂപിക്കലും. e) ഹൂത്താമ്മ=സമാപനം. പ്രധാനപ്പെട്ട പ്രാർത്ഥനക്രമങ്ങളിലെല്ലാം സെദറോ കാണാനുണ്ടു്. ദിവ്യബലിക്രമങ്ങളിൽ മൂന്നോ നാലോ സെദറോകളും കാണാം. ബൈസൻറയിൻറീത്തിലുപയോഗിക്കുന്ന വി. ബേസിലിൻേറയും ക്രിസോസ്റ്റോമിൻേറയും കുർബാനകളിൽ സെദറോ ക്രമമുണ്ടു്. അതിനു് 'കാഴ്ച്ചവസ്തുവിൻെറ പ്രാർത്ഥന'യെന്നാണു് പറയുന്നതു്.

പെസഹാവ്യാഴാഴ്ച്ചയിൽ അനാഫൊറയ്ക്കാരംഭമായി വി. കുർബാനയേയും പൗരോഹിത്യത്തേയും പഴയ നിയമങ്ങളുമായി ബന്ധിച്ചു കാണിക്കുന്ന ഒരു സെദറോ ഉണ്ടു്. ഭയഭക്തിബഹുമാനദായകവും അനുതാപാത്മകവുമായ അതിൻെറ ഒരു ഭാഗം ഇപ്രകാരമാണു് "ഞങ്ങളുടെ രക്ഷയ്ക്കായി നല്കുന്ന ദിവ്യബലി ഇതാകുന്നു ........ കർത്താവു നല്ലവനാകുന്നുവെന്നു രുചിച്ചു നോക്കുവിൻ എന്നു ദൈവികാത്മാവുള്ള ദീർഘദർശിയായ ദാവീദു് ഏതിനെക്കുറിച്ചു് അറിയിച്ചുവോ ആ ദൈവികബലി ഇതാകുന്നു. പ്രധാനാചാര്യനായ യൂസോദോക്കിൻെറ പുത്രനായ യോശുവാ ഏതിനാൽ മലിനവസ്ത്രങ്ങളെ ഉരിഞ്ഞു കളഞ്ഞുവോ ആ ദൈവികബലി ഇതാകുന്നു. ഏശായദീർഘദർശിക്കു് അഗ്നി കൊടിലാൽ ഭരമേല്പിക്കപ്പെട്ട ദൈവികബലി ഇതാകുന്നു. കുററമില്ലാത്ത പ്രധാനാചാ

www.malankaralibrary.com

ര്യനാകുന്ന മൽക്കിസദേക്ക് അണച്ച അപ്പവും വീഞ്ഞും ഏതിനെ സൂചിപ്പിച്ചുവോ ആ ദൈവികബലി ഇതാകുന്നു. സന്ധ്യസമയത്തു വധിക്കപ്പെട്ടിരുന്ന കുഞ്ഞാടിനാൽ കർത്താവിന്റെ പ്രവാചകൻ ഏതിന്റെ സ്വഭാവത്തെ കാണിച്ചുവോ ആ ദൈവികബലി ഇതാകുന്നു. സകല നീതിമാന്മാരും പുണ്യവാന്മാരും പരസ്യമായി കാണുവാൻ കാത്തിരുന്നിട്ടും കാണാതിരുന്നുവോ ആ ദൈവികബലി ഇതാകുന്നു........ദീർഘദർശികളുടെ തലവനായ മൂശ മേശമേൽ സൂക്ഷിക്കപ്പെട്ടിരുന്ന കാഴ്ചയപ്പംമൂലം ഏതിനെ സൂചിപ്പിച്ചുവോ ആ ദിവ്യബലി ഇതാകുന്നു. അഗ്നിമയന്മാരും ആത്മമയന്മാരുമായ ക്രൂബേന്മാരും സ്രാപ്പേന്മാരും ഏതിന്റെമുമ്പിൽ ഭയവിഹ്വലരായി നില്ക്കുന്നുവോ ആ ദൈവികബലി ഇതാകുന്നു....”

വേദപുസ്തകവായനകൾ: സിനഗോഗിൽ “പ്രവാചകരും നിയമവും” വായിക്കുന്ന രീതി ആദിമക്രിസ്തീയസമ്മേളനങ്ങളിലും തുടർന്നുപോന്നു. അദ്ധ്യയനകുർബാനയിൽ പില്ക്കാലങ്ങളിൽ പുതിയനിയമവായനകളും കൂട്ടിച്ചേർത്തുതുടങ്ങി. പുരാതനകാലങ്ങളിൽ സാധാരണമായി പുതിയനിയമത്തിൽനിന്നും പഴയനിയമത്തിൽനിന്നും ഈരണ്ടു വായനകൾ എടുത്തിരുന്നു. കൽദായറീത്തിലും പുനരുദ്ധരിക്കപ്പെട്ട സീറോമലബാർറീത്തിലും (റാസയിൽ) മാത്രമേ ഇപ്പോൾ പഴയ നിയമമനുസരിച്ചുള്ള നാലു വായനകൾ നടത്തുന്നുള്ളു. കോപ്റ്റിക്കുറീത്തിലും എത്യോപ്യൻ റീത്തിലും നാലുവായകൾ ഉണ്ടെങ്കിലും അവ നാലും വി. പത്രോസിന്റെ ലേഖനം, കാതോലികലേഖനം, ശ്ലീഹന്മാരുടെ നടപടി, സുവിശേഷം എന്നീ പുതിയ നിയമത്തിലെ വായനകളാണ്. സിറിയൻ റീത്തുകളിൽ ചിലപ്പോൾ വായനകളുടെ എണ്ണം ആറു വരെവരും. പ്രവാചകരിൽനിന്നു മൂന്നു വായനകൾ, ശ്ലീഹന്മാരുടെ നടപടി, വി. പത്രോസിന്റെ ലേഖനം, സുവിശേഷം എന്നിങ്ങനെയാണ് അവ ക്രമപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആ

King op cit I P. 155

www.malankaralibrary.com

ഘോഷമല്ലാത്ത കർബാനായിൽ ലേഖനവും സുവിശേഷവുമേ വായിക്കാറുള്ളു.

പാശ്ചാത്യ റീത്തുകളായ അമ്പ്രോസിയൻ, മൊസാറബിക്ക് എന്നിവയിൽ പഴയ നിയമത്തിൽനിന്നു് ഒരു വായനയുണ്ടു്. കർത്തൂസ്യൻ റീത്തിൽ ക്രിസ്തുമസ് ദിനത്തിലും അതിൻെറ തലേ നാളും പഴയനിയമഭാഗം വായിക്കുന്നുണ്ടു്. ഇതുപോലെ വലിയ നോമ്പിലെ ചില ദിവസങ്ങളിൽ റോമൻ റീത്തിലും പഴയനിയമ വായനയുണ്ടു്. (1)

പൗരസ്ത്യക്രമങ്ങളിൽ സാമാന്യമായി പറഞ്ഞാൽ സുവിശേഷം വായിക്കുന്നതു കാർമ്മികനാണു്. കാർമ്മികൻ മെത്രാനെങ്കിൽ ചിലപ്പോൾ ഒരു വൈദികൻ വായിക്കാറുണ്ടു്. ബൈസൻറയിൻറീത്തിൽ ദിയാക്കോൻ വായിക്കുന്നുണ്ടു്. (2)

---

(1) ആരാധനവളർച്ചയുടെ ഒരു സാധാരണ നിയമം ഇവിടെ സ്പഷ്ടമാണു്. പുതിയ ഘടകങ്ങൾ (ഇവിടെ പുതിയ നിയമവായനകൾ) പ്രവേശിച്ചു് പഴയ ഘടകങ്ങളുമായി (പ്രകൃതത്തിൽ പഴയനിയമവായനകൾ) കുറെ നാൾ സ്വൈരമായി ഒന്നിച്ചുനിന്നശേഷം പഴയ ഘടകങ്ങൾ അപ്രത്യക്ഷമാകുകയും ആ പഴയ ഘടകങ്ങൾ ആരാധനക്രമത്തിലെ ആഘോഷമായ ഘട്ടങ്ങളിൽ പ്രത്യക്ഷപ്പെടുകയും ചെയ്യാറുണ്ടു്. cfr Baumstark op. cit P. 23.

(2) സീറോ മലബാർ റീത്തിനുപയോഗിക്കുന്ന കനോനനമസ്കാരം ഇടദിവസങ്ങൾക്കും ഒരു ഞായറാഴ്ചയ്ക്കും മാത്രമുള്ള പ്രാർത്ഥനകൾ ഉൾക്കൊള്ളുന്നതാണു്; ഞായറാഴ്ചകൾക്കും തിരുനാളുകൾക്കും പ്രത്യേകം പ്രത്യേകം നമസ്ക്കാരമുള്ളതും 1938–ൽ പൗരസ്ത്യ തിരുസ്സംഘം കൽദായർക്കും സീറോ–മലബാറുകാർക്കുമായി "Breviarium" എന്ന പേരിൽ മൂന്നു വാല്യങ്ങളായി അച്ചടിച്ചതുമായ കനോനനമസ്കാരം അടുത്ത കാലത്തു പുറത്തുവന്ന സീറോ–മലബാർ പഞ്ചാംഗത്തിനൊത്തു് ക്രമപ്പെടുത്തി മലയാളത്തിൽ തർജ്ജമചെയ്തുപയോഗിക്കുക വളരെ അഭികാമ്യമാണു്.

www.malankaralibrary.com

ദൈവവചനം ഉൾക്കൊള്ളുന്ന സുവിശേഷപ്പുസ്തകത്തോടു പൗരസ്ത്യർക്കുള്ള ബഹുമാനം ഒന്നു പ്രത്യേകം തന്നെ. ചെറു പ്രവേശനം എന്നറിയപ്പെടുന്ന സുവിശേഷപ്പുസ്തകംകൊണ്ടുള്ള പ്രദക്ഷിണം മിക്കവാറും എല്ലാ റീത്തുകളിലുമുണ്ട്. കോപ്റ്റിക്കറീത്തിൽ കാർമ്മികൻ വേദപുസ്തകം ധൂമിക്കുമ്പോൾ, ദിയാക്കോൻ "ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ഈശോമിശിഹായുടെ സുവിശേഷത്തെ ആരാധിക്കുവിൻ" എന്നു് ഉൽബോധിപ്പിക്കുന്നു. സുവിശേഷപ്പുസ്തകം അൾത്താരയിൽത്തന്നെ സൂക്ഷിക്കുന്നതും ഈ പ്രത്യേകബഹുമാനത്തിന്റെ ലക്ഷണം തന്നെ.

എല്ലാ റീത്തുകളിലും വായന ക്രമീകരിച്ചിരിക്കുന്നതു് ആരാധനക്രമവർഷ (liturgical year) ത്തിനൊപ്പിച്ചാണു്. വായനകൾപോലെതന്നെ കനോനനമസ്കാരവും അനുദിനം മാറിമാറി വരുന്നതു് ഈ പഞ്ചാംഗത്തിനു് അനുസൃതമായി അതും ക്രമപ്പെടുത്തിയിരിക്കുന്നതിനാലാണു്. (1)

സിനാഗോഗിലെ സാബത്തു് പ്രഭാതസമ്മേളനത്തോടു പുതിയ നിയമത്തിലെ ബലി ചേർത്തതാണല്ലോ എല്ലാറീത്തുകളിലും ഇപ്പോഴുള്ള ദിവ്യബലിക്രമം. അതനുസരിച്ചു് ആദ്യഭാഗത്തു സങ്കീർത്തനങ്ങളും മററു വേദപുസ്തകവായനകളുമാണു്. അതി

---

(1) മൊസാറബിക്ക റീത്തിൽ കുറച്ചുനാൾ മുമ്പുവരെ സുവിശേഷം വായിച്ചിരുന്നതു കാർമ്മികനാണു്.

---

വൈവിധ്യമുള്ളതും ധന്യവുമായ ഈ നമസ്കാരം വൈദിർക്കും അത്മായർക്കും വളരെ ഉപകാരപ്പെട്ടുമെന്നതു നിസ്തർക്കമാണു്. ഇന്നു പലറീത്തുകളിലുമുള്ളതുപോലെ സീറോ–മലബാർ റീത്തിലും അത്മായർ കനോനനമസ്കാരത്തിൽ പങ്കുകൊണ്ടിരുന്നു. തിരുനാളുകൾക്കു തലേദിനമുള്ള റംശായിൽ അവർ പങ്കുകൊള്ളുന്നതു് ഈ പുരാതന സമ്പ്രദായത്തിന്റെ അവശിഷ്ടം മാത്രമാണു്. ദിവ്യബലിയുടെ ഒരുക്കപ്രാർത്ഥനകളെപ്പററി മുകളിൽപ്പറഞ്ഞിട്ടുള്ളതു് കാണുക.

www.malankaralibrary.com

നെത്തുടർന്നു മാത്രമാണു് വി. ജസ്റ്റിൻെറ വിവരണത്തിൽ കണ്ട തുപോലെ ബലിവസ്തുക്കൾ ഒരുക്കി കാഴ്ചവയ്ക്കേണ്ടതു്. എന്നാൽ കൽദായറീത്തൊഴിച്ച് മററെല്ലാ റീത്തിലും പ്രാരംഭത്തിൽത്തന്നെ ബലിവസ്തുക്കൾ ക്രമപ്പെടുത്തി വയ്ക്കുന്നുണ്ടു്. ലത്തീൻസഭയി ലെ ചില സന്യാസസഭക്രമങ്ങളിലും ഇപ്രകാരം ചെയ്യുന്നുണ്ടെന്നു് കണ്ടതാണല്ലോ.

എത്യോപ്യൻ കുർബാനയിൽ ഉപയോഗിക്കുന്ന അപ്പം കുർബാനയ്ക്കുമുമ്പു് അന്നന്നു് ഉണ്ടാക്കുന്നതാണു് അതിനുവേണ്ട കോതമ്പു കൃഷിചെയ്യുന്നതിനു പ്രത്യേക നിലങ്ങളുണ്ടു്. ദൈവാ ലയത്തിനകത്തു 'ബേത്‌ലെഹേം' (അപ്പത്തിൻെറ ഭവനം) എന്നു പേരുള്ള കെട്ടിടത്തിൽ ദിയാക്കോന്മാരാണു് അപ്പം ചുടുന്നതു്. പെസഹവ്യാഴാഴ്ച, ഒടുവിലത്തെ അത്താഴത്തിൻെറ സ്മരണയ്ക്കായി, പുളിക്കാത്ത അപ്പമാണു് അകത്തോലിക്കർ ഉപയോഗിക്കുന്നതു്. അവർ ഉണക്കമുന്തിരിങ്ങ വെള്ളത്തിലിട്ടു പിഴിഞ്ഞതാണു് വീ ഞ്ഞായി ഉപയോഗിക്കുന്നതു്.

കോപ്‌റ്റിക്‌റീത്തിലുപയോഗിക്കുന്ന അപ്പത്തിന്മേൽ ദൈ വമേ നീ പരിശുദ്ധൻ, ബലവാനേ നീ പരിശുദ്ധൻ, മരണമില്ലാ ത്തവനേ നീ പരിശുദ്ധൻ, എന്നു് ഗ്രീക്കിൽ ചിലപ്പോൾ അട യാളപ്പെടുത്താറുണ്ടു്.

പന്ത്രണ്ടു് അപ്പസ്തോലന്മാരേയും ക്രിസ്തുവിനേയും സൂചിപ്പി ച്ചു് പന്ത്രണ്ടു ചെറുചതുരങ്ങളും നടുക്കു് ഒരു വലിയ ചതുരവുമാ യി അപ്പം ഭാഗിച്ചിരിക്കും. ഓരോ ചതുരത്തിലും കുരിശുണ്ടു്. പല അപ്പങ്ങളിൽനിന്നു് കാർമ്മികൻ ഒന്നു തെരഞ്ഞെടുത്തു് ബലി ക്കുപയോഗിക്കുന്നു. എത്യോപ്യൻറീത്തിലേതുപോലെ അപ്പം ക്രമ പ്പെടുത്തുന്നതിനു പ്രത്യേക കെട്ടിടമുണ്ടു്. കോപ്‌റ്റിക്‌റീത്തുകാർ ബലിക്കുള്ള അപ്പം അന്നന്നുണ്ടാക്കുന്നു. എല്ലാ അകത്തോലിക്കരും

www.malankaralibrary.com

കോപ്റ്ററിക് കത്തോലിക്കരും അനുദിനബലി അർപ്പിക്കുന്നില്ലെന്നു സ്മർത്തവ്യമാണ്.

സിറിയൻ യാക്കോബായക്കാർ ഗോതമ്പുമാവിൻെറ കൂടെ ഉപ്പു മാത്രമല്ല, അല്പം എണ്ണകൂടി ചേർക്കുന്നുണ്ട്. കത്തോലിക്കർ അപ്പംചുടുന്ന പാത്രത്തിൽ എണ്ണ തൂക്കുകയേ ഉള്ളൂ. കുരിശാകൃതിയിലുള്ള രണ്ടു വരകൾകൊണ്ട് ഓസ്തി നാലായി ഭാഗിച്ചിരിക്കുന്നു. അതിലാകെ പന്ത്രണ്ടു കുരിശുണ്ട്. ദിവ്യബലിയുടെ ദിവസം പള്ളിയിലോ വൈദികഭവനത്തിലോ വച്ച് അപ്പം ചുടുന്നതാണ് അഭിലഷണീയമായിട്ടുള്ളത്. സീറോ-മലങ്കറ റീത്തിൽ പുളിച്ച അപ്പമാണ് ഉപയോഗിക്കുന്നത്.

അർമേനിയൻറീത്തിൽപ്പെട്ട അകത്തോലിക്കർ ദിവ്യബലിയിൽ വീഞ്ഞിൽ വെള്ളം ചേർക്കുന്നില്ല.

ബൈസൻറയിൻ ക്രമമനുസരിച്ച് ഏതാണ്ട് ഒന്നര ഇഞ്ച് കട്ടിയുള്ള അപ്പത്തിന്മേൽ 'ഈശോമിശിഹാ ജയിക്കുന്നു' എന്നു ഗ്രീക്കക്ഷരത്തിൽ അടയാളപ്പെടുത്തിയിരിക്കണം. ഒരു കുരിശും നടുക്ക് ഒന്നോ രണ്ടോ ചതുരവുമുണ്ട്. നടുഭാഗത്തിന് കർത്താവിനെ സൂചിപ്പിച്ച് 'ചെമ്മരിയാട്' എന്നും ഇടതുവശത്തുള്ള ചതുരത്തിനും ഒരു ത്രികോണത്തിനുംകൂടി കന്യകാമറിയത്തിൻെറ ഓർമ്മക്കായി 'പരിശുദ്ധതമം' എന്നും പേരുപറയും. വലത്തുഭാഗത്തു നിരയായുള്ള മൂന്നു ത്രികോണങ്ങൾ മാലാഖാമാരേയും വിശുദ്ധരേയും അനുസ്മരിപ്പിക്കാനാണ്. കൂടാതെ ദിവ്യബലിയിൽ പ്രത്യേകം അനുസ്മരിക്കപ്പെടുന്ന വിശ്വാസികളെ സൂചിപ്പിക്കാൻ അപ്പത്തിൽനിന്നു കഷണങ്ങൾ മുറിച്ചെടുത്തു കുർബാനയിൽ ഉപയോഗിക്കുന്നു.

കാഴ്ചവയ്പ്: "വെറും കൈയായി എൻെറ മുമ്പിൽ നിങ്ങൾ സന്നിഹിതരാകരുത്" എന്ന വേദപുസ്തകവാക്യ (Exod. 23. 15, Deuf 16. 16) ത്തിനനുസൃതമാകണം യൂദന്മാർ ജറുസലേം ദൈവാ

www.malankaralibrary.com

ലയത്തിൽ ദിവ്യബലിക്കായി ബലിവസ്തുക്കൾ കൊണ്ടുവന്നിരുന്നതു്. അതിനെ അനുകരിച്ചു് ആദിമക്രിസ്ത്യാനികളുടെയിടയിൽ ബലിവസ്തുക്കൾ കൊണ്ടുവരാതിരുന്നവരെ ദിവ്യബലിയിൽ ഭാഗഭാക്കുകളായി കരുതിയിരുന്നില്ല. വിശ്വാസികൾ കൊണ്ടുവരുന്ന ബലിവസ്തുക്കൾ ആർച്ചുഡീക്കനോ വൈദികനോ സ്വീകരിക്കുകയും അതിൽ ചിലതു ബലിക്കുപയോഗിക്കുകയും ബാക്കി ആശീർവ്വദിച്ചു ബലിയുടെ അവസാനം ജനങ്ങൾക്കു ഭാഗിച്ചുകൊടുക്കുകയും ചെയ്തിരുന്നു. (1) ഇപ്രകാരം വിശ്വാസികൾ ബലിവസ്തുക്കൾ സമർപ്പിക്കുന്നതു് തങ്ങളെത്തന്നെ ബലിയിൽ അർപ്പിക്കുന്നുവെന്നു സൂചിപ്പിക്കാനായിരുന്നു. പില്ക്കാലങ്ങളിൽ സൗകര്യത്തിനുവേണ്ടി ബലിവസ്തുക്കൾ ദിയാക്കോന്മാർ (അല്ലെങ്കിൽ കപ്യാർ) തന്നെ ക്രമപ്പെടുത്തിക്കൊണ്ടുവരുന്ന രീതി നടപ്പിലായി. അപ്പോൾ ജനങ്ങളുടെ ഭാഗഭാഗിത്വം കാണിക്കുന്നതിനുവേണ്ടി, ബലിവസ്തുക്കൾ ദിവ്യബലിയിൽ കാഴ്ചവയ്ക്കുന്ന സമയം ജനങ്ങൾ നേർച്ചയിടുന്ന രീതി ആരംഭിച്ചു.

കൽദായ, അന്ത്യോക്യൻ ബൈസൻറയിൻറീത്തുകളിൽ അപ്പവും വീഞ്ഞും രണ്ടു കരങ്ങളിലായി പിടിച്ചു് ഒരേ സമയത്തു കാഴ്ചവയ്ക്കുന്നു. അർമ്മേനിയൻ റീത്തിൽ പീലാസയിലുള്ള അപ്പം കാസയ്ക്കുമീതെ വച്ചാണു കാഴ്ചവയ്ക്കുന്നതു്. (മൂന്നാംചിത്രം കാണുക) മററു റീത്തുകളിൽ കൈക്രിയകൂടാതെ കാഴ്ചവയ്പിനുള്ള പ്രാർത്ഥനകൾ ചൊല്ലുക മാത്രമേ ചെയ്യുന്നുള്ളൂ.

---

(1) ഇതേപ്പററി ഈ പുസ്തകത്തിൻെറ അവസാനത്തെ അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. ലത്തീൻറീത്തിൽപ്പെട്ട ചില യൂറോപ്യൻ ദൈവാലയങ്ങളിൽ പ്രത്യേകദിവസങ്ങളിൽ ദിവ്യകാരുണ്യം സ്വീകരിക്കുന്ന ഓരോരുത്തരും ചെറിയ ഓസ്തികൾ ഓരോന്നു് കുസ്തോദിയിൽ ഇടുകയും അതു കാർമ്മികൻ കൂദാശ ചെയ്യുകയും ചെയ്യുന്നുണ്ടു്.

www.malankaralibrary.com

# അയോഗ്യരെ പിരിച്ചുവിടൽ

യൂദന്മാരുടെ ശാബത്തുദിനത്തെ പ്രഭാതപ്രാർത്ഥന ക്രൈസ്തവാരാധനക്രമത്തിൽ കടന്നുകൂടിയതാണല്ലോ ജ്ഞാനസ്നാനാർത്ഥികളെ ഉദ്ദേശിച്ചുള്ള അധ്യയനകുർബാന. ബലിയും അധ്യയനഭാഗവും തികച്ചും വ്യത്യസ്തങ്ങളായിട്ടാണു് യൂദന്മാർ കരുതിയിരുന്നതു്. അവക്കു ബലിയപ്പിക്കാവുന്ന ഏകസ്ഥലം ജെരുസലം ദൈവാലയം ആയിരുന്നു. യൂദന്മാർ ജരുസലേമിൽനിന്നു ചിതറിക്കപ്പെട്ടപ്പോഠം ആരാധനാസൗകര്യമില്ലാതായി. കാലക്രമേണ മതാദ്ധ്യയനത്തിനു സിനഗോഗുകഠം രൂപംകൊണ്ടു.. അടിമത്വത്തിൽനിന്നു മുക്തിപ്രാപിച്ചപ്പോഴും (538 BC) ജനബാഹുല്യം നിമിത്തം സിനഗോഗുകഠം തുടൎന്നു് ഉപയോഗിക്കേണ്ടിവന്നു. യഹൂദന്മാരുടെ കോളനികളുണ്ടായിരുന്ന സിറിയ, ഈജിപ്തു്, ഏഷ്യമൈനർ, ഗ്രീസ്സ്, സ്പെയിൻ, ഇററലി എന്നിവിടങ്ങളിലെല്ലാം സിനഗോഗുകഠം ഉടലെടുത്തു. ക്രിസ്തുവിൻെറ കാലത്തു കുഗ്രാമമായിരുന്ന നസ്രസിൽപോലും സിനഗോഗു് ഉണ്ടായിരുന്നു. അപ്പോഴും ബലിയപ്പിക്കപ്പെട്ടിരുന്നതു് ജറുസലേമിൽ മാത്രമായിരുന്നു. ഈ പശ്ചാത്തലത്തിൽനിന്നു ക്രൈസ്തവമതത്തിൽ പ്രവേശിച്ച യൂദന്മാർ ദിവ്യബലിയിൽ അധ്യയനകുർബാനയും അത്താഴകുർബാനയും തമ്മിൽ വ്യത്യസ്തങ്ങളായും, വിഭിന്നങ്ങളായും കരുതിയതിൽ അത്ഭുതമില്ലല്ലോ. കാലക്രമേണ, ഈ രണ്ടു ഭാഗങ്ങളും രണ്ടു സമയത്തു നടത്തുന്ന രീതി മാറി ഒന്നിച്ചായി. അപ്പോഠം കുർബാനയുടെ പ്രധാന ഭാഗത്തിനുമുമ്പു ജ്ഞാനസ്നാനാർത്ഥികളേയും വിശുദ്ധബലിയിൽ സംബന്ധിക്കുവാൻ യോഗ്യരല്ലാത്ത ക്രിസ്ത്യാനികളേയും അനുഗ്രഹിച്ചശേഷം പിരിച്ചുവിടുന്ന രീതി നടപ്പിലായി. അയോഗ്യർ വിശുദ്ധരഹസ്യങ്ങഠം ദർശിക്കുകയോ അവയിൽ പങ്കുകൊള്ളുകയോ ചെയ്യരുതെന്ന കാരണത്താൽ പുറത്തിറങ്ങിപ്പോകാൻ അവരോടും വാതിലുകഠം ബന്ധിച്ചു് സൂക്ഷിയ്ക്കുവാൻ ഹെവു്പാദു്യാക്കോന്മാരോടും ദിയാക്കോൻ കല്പിച്ചിരുന്നതായി കൽദായറീത്തിലെ ക്രമ

www.malankaralibrary.com

ത്തിൽനിന്നു വ്യക്തമായിക്കാണാം. ആധുനികകാലത്തു് ഈ ചടങ്ങിനു പ്രായോഗികാൎത്ഥമില്ലെങ്കിലും ദിവ്യബലിയോടുള്ള ഭക്തിബഹുമാനങ്ങളെ സൂചിപ്പിക്കുന്നതാകയാൽ അതു ബലിക്രമത്തിലുള്ളതു അസംഗതമല്ല. മാറോനീത്താറീത്തിൽ ഇപ്രകാരമൊരു ഭാഗമില്ല. സിറിയൻ, കോപ്ററിക എന്നീ റീത്തുകളിൽ ഇതു ധ്വനിപ്പിക്കുന്ന ചിലഭാഗങ്ങളുണ്ടു്. അൎമ്മേനിയൻറീത്തിലും, ബൈസൻറയിൻറീത്തിലും, കൽദായ റീത്തിലേപ്പോലെ പ്രസ്പഷ്ടമാണു് ഈ ഭാഗം. അൎമ്മേനിയൻക്രമത്തിൽ ജ്ഞാനസ്നാനാൎത്ഥികൾ, വിശ്വാസദാൎഢ്യമില്ലാത്തവർ, പാപികൾ, പാപത്തിനു പരിഹാരം മുഴുവൻ ചെയ്തുതീരാത്തവർ എന്നിവർ വിശുദ്ധരഹസ്യങ്ങളെ സമീപിക്കരുതെന്നു് ദിയാക്കോൻ മുടക്കുന്നു. അപ്പോൾ വിശ്വാസികളുടെ കുർബ്ബാനയുടെ ആരംഭമായി ഗായകസംഘം ഇപ്രകാരം പാടുന്നു. "കൎത്താവിന്റെ ശരീരവും, രക്ഷകന്റെ രക്തവും ഇതാ നമ്മുടെയിടയിൽ സന്നിഹിതമാകാൻ പോകുന്നു. അദൃശ്യശക്തികൾ (ദൈവദൂതർ), ബലിയുടെ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു് ആവൎത്തിച്ചാലപിക്കുന്നു."

# സാൎവ്വത്രികാപേക്ഷ

വേദപുസ്തകവായനകൾക്കുശേഷമുള്ള പ്രസംഗത്തെത്തുടൎന്നു്, ക്രിസ്ത്യാനികൾ എണീററുനിന്നു് തങ്ങൾക്കും, ലോകം മുഴുവനു വേണ്ടിയും പ്രാൎത്ഥിക്കുന്നുവെന്നു വി. ജസ്റ്റിൻ പ്രസ്താവിക്കുന്നതായി മുകളിൽ കണ്ടല്ലോ. ആ പ്രാൎത്ഥനയാണു് ഇവിടെ പ്രതിപാദ്യം. റോമൻക്രമത്തിൽ നമുക്കു പ്രാൎത്ഥിക്കാം എന്നു (OREMUS) കാർമ്മികൻ ഉൽബോധിപ്പിക്കുന്ന ഒരൊററപദമേ ഇതിൻേറതായി അവശേഷിച്ചിട്ടുള്ളൂ. മാറോനീത്താറീത്തിൽ ഇതങ്ങനേയോ അന്തൎദ്ധാനംചെയ്തു. സിറിയൻറീത്തിൽ കാഴ്ചവെപ്പിനുള്ള സെദറായിൽ ഇതു ലയിച്ചുകിടക്കുന്നു. എത്യോപ്യൻകാരും, കോപ്ററിക്കത്തോലിക്കരും ഇതുപേക്ഷിച്ചുകളഞ്ഞു. കൽദായറീത്തിൽ അമ്പതുനോമ്പുകാലത്തുമാത്രം ഈ പ്രാർത്ഥന മുഴുവൻ

www.malankaralibrary.com

ചൊല്ലുന്നുണ്ട്. സീറോ—മലബാർ റീത്തിൽ ഇപ്പോഴും ഈ പ്രാൎത്ഥനയുടെ ഇടയ്ക്കുള്ള 'ന്സല്ലേ' ഉപേക്ഷിച്ചിട്ട് ബാക്കിയുള്ള ഭാഗം അനുദിനബലിയിൽ ചൊല്ലിവരുന്നു. "നമുക്കെല്ലാവക്കും സന്തോഷത്തോടും ആനന്ദത്തോടുംകൂടെ ഉചിതമായി നിന്നു്, ഞങ്ങളുടെ കൎത്താവേ, ഞങ്ങളോടു കൃപചെയ്യണമേ എന്നു പ്രാൎത്ഥിക്കാം" എന്നു ശുശ്രൂഷകൻ ചൊല്ലിക്കൊടുത്തു് ആരംഭിക്കുന്ന പ്രാൎത്ഥനയാണു് ഇവിടെ വിവക്ഷിക്കുന്നതു്. ഈ ലുത്തനിയായിൽ ക്രൈസ്തവരുടെ ഐക്യത്തിനും, നിലനില്പിനും, ലോകസമാധാനത്തിനും, കാലാവസ്ഥയുടെ സുസ്ഥിതിക്കും, സഭാമേലദ്ധ്യക്ഷന്മാരുടെ ആരോഗ്യത്തിനുംവേണ്ടി അപേക്ഷിക്കുന്നുണ്ടു്. ബൈസന്റയിൻറീത്തിൽ ജ്ഞാനസ്നാനാൎത്ഥികളെ പിരിച്ചുവിട്ടതിനുശേഷമുള്ള ലുത്തനിയായും ഇതിൽപ്പെടുന്നതാണു്. കോപ്റ്റിക്റീത്തിൽ ഈ ലുത്തനിയാ 'വിശ്വാസികളുടെ കുർബാന'യിലാണു്. ഞങ്ങളുടെ ദൈവമായ മിശിഹായേ, നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു എന്നു ചൊല്ലി കാർമ്മികൻ അതാരംഭിക്കുകയും, ജനങ്ങൾ ഓരോ നിയോഗത്തിനുശേഷം 'നാഥാ, ഞങ്ങളോടു കൃപചെയ്യണമേ'എന്നു പ്രാൎത്ഥിക്കുകയുംചെയ്യുന്നു. വളരെ ദൈൎഘ്യമുള്ള നിയോഗപരമ്പരകളിൽചിലതു താഴെചേക്കുന്നു. സഭയുടെ അസ്ഥിവാരം ശക്തിപ്പെടുത്തുക, ഏകവും സത്യവുമായ ഉപവി ഹൃദയങ്ങളിൽ വളൎത്തുക, സത്യവിശ്വാസം പ്രചരിപ്പിക്കുക, ദൈവികമാൎഗ്ഗം കാണിച്ചുതരിക, ആത്മീയപാലകരെ നേർവഴിക്കു നടത്തുക, വിശ്വാസികളെ ശക്തമാക്കുക, വൈദികഗണത്തിനു പ്രകാശവും, സന്യസ്തൎക്കു് ധ്യാനാഭിരുചിയും നൽകുക, കന്യകകൾക്കു് ശുദ്ധതയും, വിവാഹിതൎക്കു് സൗഭാഗ്യജീവിതവും, ധനികൎക്കു ഉദാരമനസ്ഥിതിയും, പുണ്യവഴിയിൽ ചരിക്കുന്നവൎക്കു് എളിമയും, ദരിദ്രൎക്കു് സഹായവും നല്കുക, യുവാക്കൾക്കു് സമീപസ്ഥനായിരിക്കുക, സഭയിലെ ഭിന്നത അവസാനിപ്പിക്കുക, അബദ്ധസിദ്ധാന്തത്തിന്റെ പ്രബോധകരുടെ നിഗളത്തെ നശിപ്പിക്കുക, നിന്റെ ഏകസഭയിലെ ദൈവികസുതരായി ഞങ്ങളെ ക

www.malankaralibrary.com

ണക്കാക്കുക.... ഇപ്രകാരമുള്ള പൂത്തനിയായുടെ പ്രായോഗികവശത്തെപററി എട്ടാംനൂററാണ്ടിൽ അബ്രഹാംബർലിഫെ എന്ന മെത്രാൻ വിവരിക്കുന്നതിപ്രകാരമാണ്: "ക്രിസ്ത്യാനികളായ ഞങ്ങൾ മിശിഹായിൽ ഏകശരീരമാകുന്നു. ഞങ്ങളുടെ കത്താവിൻെറ കല്പനാനുസരണം എല്ലാ സഹോദരങ്ങൾക്കുംവേണ്ടി ഞങ്ങൾ പ്രാത്ഥിക്കുന്നു. ലൗകികകാര്യങ്ങളിൽ സദാ വ്യാപൃതരായ ഞങ്ങളിൽ പലക്കും പ്രാത്ഥിക്കുവാൻ സമയമില്ല. ദൈവാലയങ്ങളിൽ വരുമ്പോൾ അവക്ക് പ്രാത്ഥിക്കുവാൻ അഭിരുചിയില്ല. അഭിരുചിയുള്ളവർ എന്തു് അല്ലെങ്കിൽ എപ്രകാരം പ്രാത്ഥിക്കണമെന്നു് പഠിക്കാത്തവരാണ്. അതിനാൽ അറിവും അഭിരുചിയും ഇല്ലാത്തവക്കുവേണ്ടി കാറോസൂസ ചൊല്ലുന്നു. ചുരുങ്ങിയ വാക്കുകളിൽ ഉച്ചരിച്ചു് എല്ലാവർക്കും ഇതിൽ പങ്കെടുക്കാം. കത്താവേ, ഞങ്ങളുടെമേൽ കൃപയായിരിക്കണമേയെന്നു പ്രാത്ഥിക്കുവാൻ അറിഞ്ഞുകൂട്ടാത്തവരായി ആരുമുണ്ടായിരിക്കുകയില്ലല്ലോ." (1)

സ്നാനാത്ഥികളെ പിരിച്ചുവിട്ടശേഷം അനാഫറ ആരംഭിയ്ക്കുന്നതിനു മുൻപു്

ബലിവസ്തുക്കൾ ഒരുക്കി അൾത്താരയിലേക്കാവഹിക്കുന്നതു കൂടാതെ, അൾത്താരപ്രവേശം, കാഴ്ചവയ്പു്, വിശ്വാസപ്രമാണം, വിരിതുറന്നശേഷമുള്ള ദിയാക്കോൻെറ അറിയിപ്പുകൾ, സമാധാനചുംബനം എന്നിങ്ങനെ പല ചടങ്ങുകളുമുണ്ടു്. ഈ സമയത്തു് ബലിവസ്തുക്കൾ കാഴ്ചവയ്ക്കുന്നതു കൽദായറീത്തിൽ മാത്രമേ ഉള്ളുവെന്നു മുകളിൽ കണ്ടതാണല്ലോ.

വിശ്വാസപ്രമാണം

ബൈസൻറയിൻറീത്തിൽ സമാധാനചുംബനത്തിനുശേഷവും, മററ റീത്തുകളിൽ അതിനു മുമ്പുമാണ് വിശ്വാസപ്രമാണം. അർമ്മേനിയൻറീത്തിൽ സുവിശേഷവായന കഴിഞ്ഞയുടനെ

(1) Cannolly, Interpretatio Officiorun. P. 165

www.malankaralibrary.com

ഇതു ചൊല്ലുന്നുണ്ടു്. അന്ത്യോക്ക്യൻ പാത്രിയക്കാ പത്രോസ് ഫുള്ളർ (470_488) ആണു് കർബാനയിൽ ഇതു് ആദ്യമായി കൂട്ടിച്ചേർത്തതു്. തുടർന്നു് മററു റീത്തുകളിലെല്ലാം ഇതു സ്വീകരിക്കപ്പെട്ടു. "പുത്രനിൽനിന്നും" (FILIOQUE)കൂടി പരിശുദ്ധാരൂപി പുറപ്പെട്ടുവെന്നതു് പില്ക്കാലങ്ങളിൽ ചേർക്കപ്പെട്ടതാകയാൽ അകത്തോലിക്കർ ഇതു വിശ്വാസപ്രമാണത്തിൽ ചൊല്ലുന്നില്ല. പൗരസ്ത്യകത്തോലിക്കർ പലരും ഇതു ചെയ്യുന്നുണ്ടെങ്കിലും ഓരോ സഭയിലും വൈദികമേലദ്ധ്യക്ഷന്മാർക്കു യുക്തമെന്നു തോന്നുന്നതു പോലെ ചേർത്തുചൊല്ലുകയോ, ഉപേക്ഷിക്കുകയോ ചെയ്യാമെന്നതാണു പൊതുനിയമം.

<u>സമാധാനചുംബനം</u> ബലിയപ്പിക്കുന്നതിനു മുൻപു് സഹോദരരോടു രമ്യപ്പെടണമെന്ന നമ്മുടെ കർത്താവിന്റെ ശാസന (മത്തായി 5_23)യനുസരിച്ചു് പൗരസ്ത്യറീത്തുകളിലെല്ലാം അനാഫറ ആരംഭിക്കുന്നതിനു മുൻപു് വിശ്വാസികൾ പരസ്പരം സമാധാനം ആശംസിക്കുന്നു. ഈ ആശയം അർമ്മേനിയൻറീത്തിൽ ഓരോ റീത്തിലും സമാധാനം ആശംസിക്കുന്ന രീതി വ്യത്യസ്തമാണു്. "ക്രിസ്തു നമ്മോടുകൂടെയുണ്ടു്. ഉണ്ടായിരിക്കുകയും ചെയ്യും." എന്നു് ബൈസൻറയിൽറീത്തിലും, 'സമാധാനം നിന്നോടുകൂടെ. നിന്നോടും നിന്റെ ആത്മാവോടുംകൂടെ' എന്നു കൽദായറീത്തിലും ആശംസിക്കുന്നു. ഇപ്പോൾ ജനങ്ങൾ ചുംബിക്കുന്നതിനു പകരം കരങ്ങൾ കൂപ്പി അപരന്റെ കൈകൾക്കുള്ളിൽ വച്ചശേഷം സ്വന്തകരങ്ങൾ ചുംബിക്കുകയോ (കൽദായർ) അപരന്റെ കരങ്ങൾ സ്പർശിച്ചു് സ്വന്തം കരങ്ങൾ ചുംബിക്കുകയോ, (കോപ്ററ്) തലകുനിച്ചാചാരംചെയ്ക മാത്രമോ (എത്യോപ്യൻ) ചെയ്യുന്നു. സിറിയൻറീത്തിലുള്ളവർ കൽദായറീത്തിൽ ചെയ്യുന്നതുപോലെയോ, ഡീക്കൻ വ്യാപിപ്പിക്കുന്ന ധൂമം കൈകൊണ്ടു സ്വീകരിച്ചു മുഖത്തോടടുപ്പിച്ചോ, സ്നേഹചുംബനം സ്വീകരിക്കുന്നു. സീറോ–

www.malankaralibrary.com

മലബാറകാരുടെയിടയിൽ കൽദായരുടെയിടയിലുള്ളതുപോലെ 'കസ്തൂരി'കൊടുക്കുന്നു. (1)

കോപ്റ്റിക്, എത്യോപ്യൻ എന്നീ റീത്തുകളിൽ ലത്തീൻ റീത്തിലേതുപോലെ കർത്താവു നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. എന്ന ആശംസാവാചകം ഒന്നിലധികം പ്രാവശ്യം കാർമ്മികൻ ഉപയോഗിക്കുന്നുണ്ട്. സാധാരണയായി സമാധാനം നിങ്ങളോട് (എല്ലാവരോടും)കൂടെ ഉണ്ടായിരിക്കട്ടെ എന്നതാണ് പൗരസ്ത്യ റീത്തുകളിലെ ആശംസാവാചകം.

## അനാഫറ

ഈ പഠനത്തിൽ പ്രധാനമായും നാം കണക്കിലെടുക്കുന്നത് ഓരോ റീത്തിലേയും പ്രമുഖമായ അനാഫറയാണ്. ഇപ്രകാരം സിറിയൻറീത്തിൽ (മലങ്കരറീത്തിലും) വി. യാക്കോബിൻേറയും മാറോനീത്താറീത്തിൽ "റോമൻസഭയുടേയും", കോപ്റ്റിക്റീത്തിൽ വി. ബസിലിൻേറയും, എത്യോപ്യൻറീത്തിൽ 'ശ്ലീഹാന്മാരുടേ"യും, ബൈസൻറയിൻറീത്തിൽ വി. ക്രിസോസ്തോമിൻേറയും, കൽദായറീത്തിൽ 'അദായിയുടേയും മാറിയുടേ'യും, അർമ്മനിയൻറീത്തിൽ വി. അത്താനാസിയൂസിൻേറയും നാമത്തിൽ അറിയപ്പെടുന്ന അനാഫറകളാണ് നമ്മുടെ പഠനവിഷയം. ഇവ കൂടാതെ ഓരോ റീത്തിലും ഉപയോഗത്തിലിരിക്കുന്നതോ, ഉപയോഗത്തിലിരുന്നതോ ആയ അനാഫറകളുമുണ്ട്. ഇപ്രകാരം സിറിയൻറീത്തിൽ അറുപത്തിനാലു് അനാഫറകൾ (2) കാണാം. അവയിൽ ആമീദായിലെ മെത്രാനായ ദീവന്നാസിയോസ് ബർസലീബിയുടെ നാമത്തിലറിയപ്പെടുന്ന അനാഫറ പോലെ ചിലതിൽ കൗദാശികവാക്കുകൾ ഇല്ല. 1922_ൽ അടി

---

(1) 'കസ്തൂരി' എന്നല്ല ദസ്തൂർ എന്നാണ് ശരിയായ പാഠം. ഈ പേർഷ്യൻപദത്തിനു 'കടപ്പെട്ടതു്'' എന്നാണർത്ഥം. നാം മററുള്ളവരോടു ക്ഷമിയ്ക്കുവാൻ കടപ്പെട്ടവരാണല്ലോ?

(2) ഇവയിൽ 39 എണ്ണത്തിനു് cfr. Renaudot op cit. t. II PP 45_560 ക്രിസ്തുവിൻെറ 72 ശിഷ്യന്മാരെപ്പോലെ 72 അനാഫറകൾ ഈ റീത്തിലുണ്ടെന്നു Mgr. Hindo പ്രസ്താവിച്ചിട്ടുണ്ട്. Cfr. Disciplina Antiochena Antiqua, (syri) t III P. 181.

www.malankaralibrary.com

ച്ച സിറിയൻ കർബ്ബാന ക്രമത്തിൽ വി. യാക്കോബ്ബ്, വി. യോഹന്നാൻ, പന്ത്രണ്ടു് അപ്പസ്തോലന്മാർ, വി. മർക്കോസ്, വി. എവുസ്താസിയൂസ്, വി. ബേസിൽ, വി. കൂറില്ലോസ് എന്നീ പേരുകളിലറിയപ്പെടുന്ന അനാഫറകളും, ദുഃഖവെള്ളിയാഴ്ചയ്ക്കുള്ള കർബ്ബാനക്രമവുമേ ചേർത്തിട്ടുള്ളു.

മാറോനീത്താ 1635-ലെ തക്സായിൽ പതിനാലു് അനാഫറകൾ ചേർത്തിരുന്നെങ്കിലും അതിനു്ശേഷമുള്ള അഞ്ചു പ്രസിദ്ധീകരണങ്ങളിൽ 'സർവ്വസഭകളുടേയും മാതാവായ വിശുദ്ധ റോമൻ കത്തോലിക്കാസഭയുടെ ക്രമം', എല്ലാ അപ്പസ്തോലന്മാരുടേയും തലവനായ വി. പത്രോസ്, പന്ത്രണ്ടു ശ്ലീഹന്മാർ വി. യാക്കോബ്ബ്, വി. യോഹന്നാൻ, വി. മർക്കോസ്, വി. സിക്സ്റ്റസ്, അന്ത്യോക്യൻ പാത്രിയർക്കീസായ മാറോ എന്നിങ്ങനെ എട്ടു് അനാഫറകളേ ഉള്ളു. ഇവയിൽ വി. യാക്കോബ്ബിൻേറയും, വി. യോഹന്നാൻെറ (പരിശുദ്ധകന്യകമറിയത്തിൻെറ തിരുനാളുകൾക്കുള്ളതു്)യും അനാഫറകൾ സിറിയൻറീത്തിലുള്ളവതന്നെ. 1952-ലെ തക്സയിൽ അവസാനത്തേതായി കൊടുത്തിരുന്ന വി. പത്രോസിൻെറ നാമത്തിലറിയപ്പെട്ടിരുന്ന അനാഫറ നമ്മുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിക്കുന്നതാണു്.

'ശറർ' (പ്രബലപ്പെട്ടു) എന്നവാക്കോടുകൂടി ആരംഭിക്കുന്ന ഈ അനാഫറ പിന്നീടച്ചടിച്ച തക്സകളിൽ വി. കർബ്ബാന മുഴുവൻ ആരാധനാക്രമത്തിന്നനുസരണം അപ്പ്ളിയ്ക്കാത്ത ദുഃഖവെള്ളിയാഴ്ചപോലുള്ള ദിവസങ്ങളിലെ ക്രമത്തിനായി (Liturgy of the Pre-sanctified) മാത്രം നീക്കിവച്ചു. മാറോനീത്താസഭയിൽ ഏതാണ്ടുപയോഗമില്ലാതെയായിട്ടുള്ള ഈ അനാഫറ, കൽദായറീത്തിലെ ആദായീയുടേയും, മാറിയുടേയും നാമത്തിലുള്ള അനാഫറയുടെ പരിഷ്കരിച്ച പതിപ്പെന്നു തോന്നിക്കത്തക്കവിധം അതിനോടു വളരെ സാധർമ്മ്യം വഹിക്കുന്ന ഒന്നാണു്. (1)

---

(1) സീറോമലബാർ സഭയുടെ പുനരുദ്ധരിക്കപ്പെട്ട കർബ്ബാനയിൽ കൗദാശികവാക്കുകളുടെ സ്ഥാനനിർണ്ണയം സാദ്ധ്യമാക്കാൻ ഈ അനാഫറ സഹായിക്കുന്നു.
Cfr. Vellian op.cit. P: 69.

www.malankaralibrary.com

കോപ്റ്റിക് റീത്തിൽ : വി. ബേസിൽ, ഗ്രീഗറിനസ്സിയാൻസൻ, വി. ക്ലറില്ലോസ് എന്നിവരുടെ പേരിൽ അറിയപ്പെടുന്ന മൂന്നു് അനാഫറകളെ ഇപ്പോഠം ഉപയോഗത്തിലുള്ളു. 1945-ലെ എത്യോപ്യൻ കർബാനക്രമത്തിൽ പതിനെട്ടു് അനാഫറകഠം (ഒന്നു് അനുബന്ധത്തിലാണു്) ചേർത്തിട്ടുണ്ടു്.

ബൈസൻറയിൻ റീത്തിൽ : ഒൻപതാം നൂററാണ്ടു് മുതലെങ്കിലും ഉപയോഗിച്ചുപോരുന്നതാണു് വി. ക്രിസോസ്റ്റോം, വി. ബേസിൽ എന്നിവരുടെ പേരിൽ അറിയപ്പെടുന്ന അനാഫറകളും അമ്പതുനോമ്പിലെ ചില ദിവസങ്ങളിൽ ഉപയോഗിക്കുന്ന (Presanctified) മറെറാരു കർബാനയും.

കൽദായറീത്തിൽ : മുകളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഇപ്പോഠം അദ്ദായി, മാറി എന്നീ അപ്പസ്തോലന്മാർ, തെയഡോർ, നെസ്തോറിയൂസ് എന്നീ മൂന്നു് അനാഫറകളേ ഉള്ളു. ഇവയിൽ ആദ്യത്തേതു മാത്രമേ സീറോ മലബാർ റീത്തിലെ പുനരുദ്ധരിയ്ക്കപ്പെട്ട ക്രമത്തിൽ അച്ചടിച്ചിട്ടുള്ളു. ഉദയംപേരൂർ സുനഹദോസ് നാലാമതൊരു ദിയദോറിൻെറ അനാഫറ—അനാഫറയെപ്പററി പറയുന്നുണ്ടു്. എബദ്‌യേശു (1298) ഈ നാലിനും പുറമേ ബർസൗമ, നർസെഎന്നിവരുടെ അനാഫറകളെപ്പററി പറയുന്നുണ്ടു്.

അർമ്മെനിയൻ റീത്തിൽ : പണ്ടു് പത്തു് അനാഫറകളെങ്കിലും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. എന്നാൽ, ഇന്നു് വി. അത്തനാസിയൂസിൻേറതു് മാത്രമേ ഉള്ളു.

സാധാരണയായി അനാഫറകഠം ആരംഭിയ്ക്കുന്നതു് "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവായ ദൈവത്തിൻെറ സംസർഗ്ഗവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ" എന്ന വി. പത്രോസ് ശ്ലീഹായുടെ ആശംസയോടുകൂടെയാണു്. അതിനെ തുടർന്നു്, "നിങ്ങളുടെ ബോധങ്ങഠം ഉന്നതങ്ങളിലേയ്ക്കുയരട്ടെ........സകലത്തിൻേറയും നാഥനായ ദൈവത്തിനു് ബലി അർപ്പിയ്ക്കപ്പെടുന്നു.... ഇതു് ന്യായവും യുക്തവുമാകുന്നു." എന്നീ ആശയമുള്ള Sursum

www.malankaralibrary.com

dialogue ആലപിക്കപ്പെടുന്നു. പിന്നീടുള്ള പ്രാൎത്ഥനകളിൽ സൎവ്വശക്തനായ ദൈവത്തെ സ്തുതിയ്ക്കുകയും 'പരിശുദ്ധൻ പരിശുദ്ധൻ' എന്നു് സദാ സ്തുതിക്കുന്ന മാലാഖമാരെ സ്മരിക്കുകയും ചെയ്യുന്നു. പരിശുദ്ധനായ ദൈവത്തിന്റെ മനുഷ്യാവതാരവും, പരിത്രാണകൎമ്മവും സ്മരിക്കുന്ന പ്രാൎത്ഥനകളാണു് പിന്നീടു് ചൊല്ലുന്നതു്. അതിൽ അന്തിമാത്താഴവിവരണവും കൂദാശസ്ഥാപനവും ഉൾക്കൊള്ളുന്ന കൗദാശികവാക്കുകൾ ഉൾപ്പെടുന്നു. കൎമ്മികൾ ഉയൎന്നസ്വരത്തിൽ ചൊല്ലുന്നു. പൗരസ്ത്യകുൎബാനകളിലെല്ലാം അന്ത്യാത്താഴവിവരണം ആരംഭിക്കുന്നതു് "ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ...." എന്നാണു്. പാശ്ചാത്യറീത്തിൽപ്പെട്ട മൊസാറബിക്റീത്തിലും ഇപ്രകാരമാണെങ്കിലും മറെറല്ലാ ലത്തീൻ റീത്തുകളിലും "പീഡാനുഭവത്തിന്റെ തലേദിവസം" എന്നാണു് ആരംഭിക്കുക. കൗദാശികവാക്യങ്ങൾ അവസാനിക്കുന്നതു "നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ, ഞാൻ ചെയ്തതു ചെയ്യുവിൻ" എന്ന ക്രിസ്തുവിന്റെ കല്പനയോടെയാണു്. പിന്നീടു പരിത്രാണകൎമ്മമെല്ലാം ഓരോന്നോരോന്നായി അനുസ്മരിക്കുന്നു (Anamnesis). തുടൎന്നു റൂഹാക്ഷണമാണു് (epiclesis) (2) കുൎബാന സ്വീകരിക്കുന്നവരിൽ വിശേഷഫലങ്ങൾ പുറപ്പെടുവിക്കത്തക്കവിധം, പരിശുദ്ധാരൂപി ബലിവസ്തുക്കളിൽ പ്രവൎത്തിക്കണമെന്നതാണു് ഈ പ്രാൎത്ഥനയുടെ ആശയം. (3) 'സീറോ–മലബാർസഭയുടെ കുൎബാനക്രമത്തിൽ റൂഹാക്ഷണം ഇപ്രകാരമാ

---

(1) സീറോ–മലബാർ റീത്തനുസരിച്ചുള്ള പ്രാൎത്ഥനയാണു് ഇവിടെ ഉദ്ധരിച്ചിരിക്കുന്നതു്.

(2) കൽദായറീത്തിലും സീറോ-മലബാർ റീത്തിലും റൂഹാക്ഷണത്തിനു മുൻപു മദ്ധ്യസ്ഥപ്രാൎത്ഥനയുണ്ടു്.

(3) യഥാൎത്ഥസാന്നിദ്ധ്യം(Real Presence) റൂഹാക്ഷണം സൃഷ്ടിക്കുന്നുവെന്നോ സാന്നിദ്ധ്യം പൂൎണ്ണമാകാൻ റൂഹാക്ഷണം കൂടി കൗദാശികവാക്യങ്ങളോടു ചേരണമെന്നോ ഉള്ള അൎത്ഥങ്ങൾ കൂടി ഈ വാക്കിനു ചില അകത്തോലിക്കർ നല്കി. ഇതേപ്പററി കത്തോലിക്കാസഭയും ഓൎത്തഡോക്സ്സഭയും തമ്മിൽ വലിയ വിവാദങ്ങൾ ഉണ്ടായിട്ടുണ്ടു്.

www.malankaralibrary.com

ണ്ട്. "കർത്താവേ, നിന്റെ പരിശുദ്ധാത്മാവു് എഴുന്നെള്ളി വരട്ടെ. കടങ്ങളുടെ പൊറുതിയും, പാപങ്ങളുടെ മോചനവും മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിന്റെ വലിയ പ്രത്യാശയും, നിന്റെ സന്നിധിയിൽ പ്രീതിജനകമായവിധം വർത്തിച്ച എല്ലാവരും ഒന്നിച്ചുള്ള സ്വർഗ്ഗരാജ്യത്തിലെ നവമായ ജീവിതവും ഞങ്ങൾക്കു ലഭിക്കുന്നതിനുവേണ്ടി നിന്റെ ദാസന്മാരുടെ ഈ ബലിയിൽ അവൻ (പരിശുദ്ധാത്മാവു) ആവസിച്ച്, അതിനെ ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും ചെയ്യട്ടെ." അടുത്തതായി മരിച്ചവരുടെ ആത്മശാന്തിക്കും, ജീവിക്കുന്നവരുടെ, പ്രത്യേകിച്ച സഭാമേലധ്യക്ഷന്മാരുടെ സുസ്ഥിതിക്കും, വിശുദ്ധരുടെ ബഹുമാനത്തിനുമായി ദിവ്യബലി കാരണമാകണമെന്ന ആശയമുള്ള മാധ്യസ്ഥപ്രാർത്ഥനയാണ് (Prayer of Intercession). അനാഫൊറ അവസാനിക്കുന്നതു് ഒരു സ്തുതിയുടെ കാനോന (doscology) കൊണ്ടാണ്. സീറോ-മലബാർ റീത്തിലെ ഒന്നാം അനാഫൊറയിൽ അതിപ്രകാരമാണ്. "നീ ഞങ്ങൾക്കു ചെയ്തിട്ടുള്ള എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുംവേണ്ടി ഞങ്ങൾ നിനക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. ഇപ്പോഴും എപ്പോഴും എന്നേക്കും." അനാഫൊറയുടെ പൊതുവായ ക്രമമാണ് മുകളിൽ പ്രതിപാദിച്ചതു്. ഇനി ഓരോ റീത്തിലുമുള്ള പ്രത്യേകതകൾ കാണാം.

<u>ബൈസൻറയിൻ റീത്തിൽ</u>മാത്രം കൗദാശികവാക്കുകൾ നീക്കി അനാഫൊറയുടെ ബാക്കിഭാഗം കാർമ്മികൻ താണസ്വരത്തിൽ ചൊല്ലുന്നു.

അർമേനിയൻ റീത്തിൽ കൗദാശികവാചകങ്ങൾക്കുശേഷം പിതാവിനോടും, കല്പനാനുസ്മരണക്കുശേഷം പുത്രനോടും റൂഹാക്ഷണത്തിനുശേഷം പരിശുദ്ധാത്മാവിയോടും ഓരോ പ്രാർത്ഥനയുണ്ട്. അർമേനിയൻ അകത്തോലിക്കരുടെ കുർബാനക്രമത്തിൽ പരിശുദ്ധമാക്കപ്പെട്ട അപ്പം "പരിശുദ്ധാത്മാവിയുടെ അനുഗ്ര

www.malankaralibrary.com

ഹംവഴി, നാഥനായ ഈശോമിശിഹായുടെ ശരീരമായി തീരുന്നു"വെന്നു് റൂഹാക്ഷണപ്രാത്ഥനയിലുണ്ടു്.

സിറിയൻ, മാറോനീത്താ എന്നീ റീത്തുകളിൽ "കത്താവേ, നിൻെറ മരണത്തെ ഞങ്ങൾ ഓക്കുയും നിൻെറ ഉയത്തെഴുന്നേല്പിനെ ഞങ്ങൾ ഏററുപറയുകയും........ചെയ്യുന്നു"വെന്നു് കൗദാശികവാക്കുകൾക്കുശേഷം ചൊല്ലുന്നുണ്ടു്. ഇതേ സ്ഥാനത്തു ഈ പ്രാത്ഥന എത്യോപ്യൻ, കോപ്റററ് എന്നീ റീത്തുകളിലും കാണാം. ഈ റീത്തിലെ റൂഹാക്ഷണം പ്രത്യേകശ്രദ്ധയർഹിക്കുന്നതാണു്. കൈകൾ പ്രത്യേകതരത്തിൽ ബലിവസ്തുക്കളുടെമേൽ ചലിപ്പിച്ചുകൊണ്ടു്, പരിശുദ്ധാരൂപിയെ അഭിസംബോധനം ചെയ്തു പ്രാത്ഥിക്കുമ്പോൾ ശുശ്രൂഷകൻ "ജീവനുള്ള പരിശുദ്ധ റൂഹ..........ഇറങ്ങി, വയ്ക്കപ്പെട്ടിരിക്കുന്ന ഈ പരിശുദ്ധകുർബാനമേൽ പൊരുന്നി ആവസിച്ചു അതിനെ ശുദ്ധീകരിക്കുന്ന ഈ നാഴിക എത്ര ഭയങ്കരവും ഈ സമയം എത്ര ഭ്രമിക്കത്തക്കതുമാകുന്നു"വെന്നു വിജ്ഞാപനംചെയ്യുന്നു. മാദ്ധ്യസ്ഥപ്രാത്ഥന സഭാപിതാക്കന്മാർ, ജീവിക്കുന്നവർ, സഹോദരന്മാർ, രാജാക്കന്മാർ, വിശുദ്ധർ, മല്പാന്മാരും മരിച്ചവരും എന്നിങ്ങനെ ആറായിട്ടു തിരിച്ചിരിക്കുന്നു. കാമ്മികൻ പ്രാത്ഥിക്കുമ്പോൾ ശുശ്രൂഷി നിയോഗം അറിയിക്കുകയും ജനങ്ങൾ 'കുറിയേലയിസോൻ' എന്നുത്തരിക്കുകയും ചെയ്യുന്നു.

കോപ്ററിക്, എത്യോപ്യൻ എന്നീ റീത്തുകളിൽ അന്ത്യത്താഴവിവരണത്തിനും കൗദാശികവാക്കുകൾക്കുമിടയ്ക്കു് പല പ്രാവശ്യം ജനങ്ങൾ തങ്ങളുടെ വിശ്വാസം ഏററുപറയുന്നു. "ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾ ഏററുപറയുന്നു. ഞങ്ങൾ 'മഹത്വപ്പെടുത്തുന്നു' എന്നു ചൊല്ലി ഏററുപറയുന്നുണ്ടു്. 'ആമ്മേൻ', 'അതപ്രകാരമാകുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു' എന്നിവയാണു് തത്സമയം ആവത്തിച്ചുചൊല്ലുന്ന വിശ്വാസപ്രകരണങ്ങൾ.

കൽദായ, സീറോ-മലബാർ റീത്തുകളിൽ റൂഹാക്ഷണത്തിനു മുമ്പാണു് മാദ്ധ്യസ്ഥപ്രാത്ഥന എന്നു മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

www.malankaralibrary.com

# സഹകാർമ്മികകർബാന
## ( Concelebration )

ബൈസൻ്റയിൻ റീത്തിൽ പല വൈദികർ ഒന്നിച്ച് ഒരാം ത്താരയിൽ ഒരപ്പവും ഒരു കാസായും മാത്രം ഉപയോഗിച്ച് ദിവ്യബലി അപ്പിക്കാറുണ്ട്. കാർമ്മികൻ ചൊല്ലേണ്ട പ്രാർത്ഥനകൾ അവർ ഭാഗിച്ച് മാറിമാറി ചൊല്ലുന്നു. ഇതിൽ എല്ലാവരും കാർമ്മികന്മാരാണ്. ദിവ്യബലി ഇപ്രകാരം ചൊല്ലുന്നതിനു് സഹകാർമ്മികക്കർബാന എന്നു പറയുന്നു. ഈ ബലിയിൽ ബൈസൻ്റയിൻ റീത്തിൽപ്പെട്ട കത്തോലിക്കാവൈദികർ എല്ലാവരും കൂദാശികവാക്യം (consecration) സ്വരത്തിൽ ചൊല്ലുന്നു. ഓർത്തഡോക്സുകാരുടെയിടയിൽ സാധാരണമായി പ്രധാന കാർമ്മികൻ സ്വരത്തിൽ ചൊല്ലുകയും സഹകാർമ്മികന്മാർ താണസ്വരത്തിൽ ചൊല്ലുകയോ ബലിവസ്തുക്കളുടെ നേർക്കു കൈയചൂണ്ടുകയോ മാത്രം ചെയ്യുന്നു."

സിറിയൻ റീത്തിൽ പല വൈദികർ ഒന്നിച്ച് ബലിയപ്പിക്കുമ്പോൾ ഓരോ വൈദികനും ഓരോ പ്രത്യേക ആംത്താരയും, ബലിവസ്തുക്കളുമുണ്ട്. പ്രാർത്ഥനകളും, ക്രിയകളും ഒരുമിച്ച് ഒരുപോലെ നടത്തുമെന്നുമാത്രം. സീറോ മലങ്കരക്കാരുടെയിടയിലുള്ള മൂന്നുമ്മേൽക്കർബാന ഇത്തരത്തിലുള്ളതാണ്.

കൽദായരുടെയിടയിൽ സഹകാർമ്മികക്കർബാന ഉണ്ടായിരുന്നതായി അറിവില്ല. ദിവ്യബലിയുടെ സമയത്തു് ആർച്ചുഡിക്കൻ ഒരു വൈദികനെ മെത്രാൻേറയും, സമൂഹം മുഴുവൻേറയും നാമത്തിൽ ബലിയപ്പിക്കാൻ നിയോഗിച്ചിരുന്നുവെന്നതാണ് ഏററം പഴയ സമ്പ്രദായം.

ലത്തീൻ റീത്തിൽ പുരാതനകാലത്തു മെത്രാനോടുകൂടി വൈദികർ സഹകാർമ്മികക്കർബാന (concelebration) നടത്തിയിരുന്നു. ഇപ്പോൾ ഗുരുപ്പട്ടം സ്വീകരിച്ചശേഷം നവവൈദികർ മെത്രാനോടുകൂടി സഹകാർമ്മികന്മാരായി ദിവ്യബലി അപ്പിക്കു

www.malankaralibrary.com

ന്നുണ്ടു്. ലിയോൺറീത്തിൽ മാത്രം പെസഹവ്യാഴാഴ്ച പൊന്തിഫീക്കൽ കുർബാനയിൽ സഹായിക്കുന്ന ആറ വൈദികരും സഹകാർമ്മികരായി ദിവ്യബലി അർപ്പിക്കുന്നു. (1)

ബൈസൻറയിൻറീത്തിൽ മെത്രാന്മാരും വൈദികരും ഒന്നിച്ചു് അൾത്താരയ്ക്കു ചുററും നിന്നു സഹകാർമ്മികബലിയർപ്പണം നടത്തുന്നു. ബൈസൻറയിൻറീത്തിൽപ്പെട്ട ഗ്രീക്കു, സ്ലാവോണിക്, റമേനിയൻ തുടങ്ങി വിവിധഭാഷകളിൽ ബലിയർപ്പിക്കുന്ന കാർമ്മികന്മാർ ഒന്നിച്ചു് ഇപ്രകാരം ബലിയർപ്പിക്കുമ്പോൾ സാധാരണമായി എല്ലാവരും കൗദാശികവാക്കുകൾ ഗ്രീക്കുഭാഷയിൽ ത്തന്നെ ചൊല്ലുന്നു.

അർമ്മേനിയൻറീത്തിൽ സഹകാർമ്മികബലിയർപ്പണം ഇല്ല. 1736ലെ ലിബനോൻസൂനഹദോസിൽ ചില പ്രത്യേകാവസരങ്ങളിൽ മാത്രം മാറോനീത്താറീത്തിൽ സഹകാർമ്മികബലി മതിയെന്നു തീരുമാനിച്ചു. കോപ്ററിക്റീത്തിൽ രണ്ടു വൈദികർ സഹകാർമ്മികരായി ദിവ്യബലിയർപ്പിക്കുന്നതു സാധാരണമായിരുന്നെങ്കിലും 1898 ലേ അലക്സാന്ത്രിയൻ സൂനഹദോസ് ഈ രീതി ആഘോഷാവസരങ്ങളിൽ മതിയെന്നു നിശ്ചയിച്ചു. ഇപ്പോൾ സഹകാർമ്മികക്കുർബാന കോപ്ററിക്റീത്തിൽനിന്നു അന്തർദ്ധാനം ചെയ്തുവരുന്നു.

റോമൻറീത്തിൽ മെത്രാഭിഷേകാവസരത്തിലേ സഹകാർമ്മികർ വി. കുർബാന രണ്ടു സാദൃശ്യങ്ങളിലും സ്വീകരിക്കുന്നുള്ളൂ.

## കൗദാശികവാക്കുകൾ

കൽദായറീത്തു് കൂദാശസ്ഥാപനവാക്യങ്ങളു (The words of Institution)ടെ അഭാവം നിമിത്തം ആരാധനാക്രമശാസ്ത്രജ്ഞന്മാരുടെ (Liturgiologists) പ്രത്യേക ശ്രദ്ധപതിഞ്ഞിട്ടുള്ളതാണു് കൽദായക്കുർബാനക്രമത്തിൻെറ പുരാതനകൈയെഴുത്തുപ്രതി

1) Frere w. The principles of Religious ceremonial, London, 1928; P. 59

www.malankaralibrary.com

കരം– കൽദായകത്തോലിക്കരുടേയും നെസ്തോറിയരുടേയും സീറോമലബാർകാരുടേയും ഇടയിൽ ഉപയോഗത്തിലിരുന്നതും "അപ്പസ്തോലന്മാരായ അദ്ദായിയുടേയും മാറിയുടേയും" നാമത്തിലുള്ള കുർബാനയാണ് ഇവിടെ പ്രതിപാദനം. മലബാറിലെ മെത്രാനായിരുന്ന മാർ യൗസേപ്പ് 1569 നമുമ്പ് (a) എഴുതിയ കുർബാനക്രമത്തിൽ (1) ദിവ്യബലിക്രമം തുടങ്ങുന്നതിനുമുമ്പ്, ആദ്യത്തെ പുറന്താളിന്റെ അകവശത്ത് അത് എഴുതിച്ചേർത്തിരിക്കുകയാണ്. ഏതായാലും ഇതുവരെ ലഭിച്ചിട്ടുള്ള പുരാതനകൈയെഴുത്തുപ്രതികളിൽ കൗദാശികവാക്യങ്ങൾ ഇല്ലെന്നതു യാഥാർത്ഥ്യമാണ്. പ്രധാനപ്പെട്ട ഈ അനാഫറയിൽ കൗദാശികവാക്യങ്ങൾ കാണാത്തതിന്റെ കാരണം ആരാഞ്ഞതിൽ പലരും പല അനുമാനങ്ങളിലെത്തി. ആദിമകാലത്ത് കുർബാനയിൽ കൗദാശികവാക്യങ്ങൾ ചേർത്തില്ലായിരിക്കാം എന്നു ചിലർ ഊഹിച്ചുതുടങ്ങി. (2) ഇതിനുപോൽബലകമായി കാണിക്കുന്ന കാരണങ്ങൾ ദുർബലങ്ങളാണ് (3) തന്നെയുമല്ല, മൂന്നാംനൂററാണ്ടിന്റെ ആരംഭത്തിലെഴുതിയ Apostolic Tradition ലെ കുർബാനക്രമത്തിൽ കൗദാശികവാക്യങ്ങളുണ്ടുതാനും. വേറൊരനുമാനം ഈ കുർബാനയിൽ കൗദാശികവാക്യങ്ങൾ ചൊല്ലിയിരുന്നില്ലെന്നുള്ളതാണ്. എന്നാൽ അഫ്രാത്ത്, അഫ്രേം എന്നിവരുടെ പൗരാണികസാക്ഷ്യം ഇതിനെതിരാണ്. (4) എന്നാൽ, ഏ

---

(1) Vatican syr. Codex 66. ഉദയംപേരൂർ സൂനഹദോസിനു മുപ്പതുവർഷമെങ്കിലും മുമ്പു എഴുതപ്പെട്ട ഈ കൈയെഴുത്തു പ്രതി സീറോ—മലബാർ കുർബാനക്രമം പുനരുദ്ധരിക്കുന്നതിനു വളരെ സഹായകമായിട്ടുണ്ട്.

(2) Dix, The shape of the liturgy···· P. 240

(3) Chricton, "The shape of the liturgy: A Review", Magnificat, 1946, PP.1–7.

(4) മററു വാദമുഖങ്ങളോടുംകൂടി ഇതേപ്പററിയുള്ള വിശദീകരണത്തിന് Cfr. Vellian op. cit pp. 64–70

www.malankaralibrary.com

ററം സ്വീകാര്യമായിത്തോന്നുന്നതു് എഴുതിച്ചേർക്കാതെ ചൊല്ലിയിരുന്നുവെന്ന അനുമാനമാണു്. അഹിതങ്ങളായവയുടെ സാമീപ്യംമൂലം വസ്തുക്കൾ നിഷ്പ്രയാസം അശുദ്ധമാകുന്നുവെന്നൊരാശയം യഹൂദന്മാർക്കു് ഉണ്ടായിരുന്നുവെന്നു വേദപുസ്തകത്തിൽനിന്നും 'മിഷന'യിൽനിന്നും മനസ്സിലാക്കാം. 'മിഷ്ന' ഇപ്രകാരം വാമൊഴിയായി സൂക്ഷിച്ചിരുന്നതു പവിത്രതയേപ്രതി ആയിരുന്നു. (2) ക്രിസ്ത്വബ്ദത്തിന്റെ ആദ്യശതകങ്ങളിൽ യഹൂദജനങ്ങളുടെ നാട്ടിൽ ഉടലെടുത്ത ഈ കർബ്ബാനയിലെ പരമപ്രധാനമായ കൗദാശികവാക്യങ്ങൾ 'വരമൊഴിയാക്കാതെ' ആവശ്യമുള്ളപ്പോൾ ഓർമ്മയിൽനിന്നു ചൊല്ലിയിരിക്കാം. (3) ഇപ്രകാരമൊരു രീതി പവിത്രമായതു ലിഖിതമാക്കാതെ ഓർമ്മയിൽ സൂക്ഷിച്ചിരുന്ന (സ്മൃതി) ഇൻഡ്യക്കാരുടെയിടയിൽ, അനുസ്യൂതം തുടരാൻ വിഷമം ഉണ്ടായിരുന്നില്ല.

മൊസാറബിക് ആരാധനക്രമത്തിൽ ആകെ രണ്ടു കൈയെഴുത്തു് പ്രതികളിൽ മാത്രമേ കൗദാശികവാക്കുകൾ കാണുന്നുള്ളു. (4) അതിൽനിന്നും മററു കൈയെഴുത്തുപ്രതികൾ ഉപയോഗിച്ചു ചൊല്ലിയവരാരും കൗദാശികവാക്കുകൾ ചൊല്ലിയിരുന്നില്ല എന്നു ആരും വാദിച്ചിട്ടില്ല. അന്ത്യോക്യൻറീത്തിൽപ്പെട്ട ചില അനാഫറകളിലും കൗദാശികവാക്കുകളില്ലെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ? (5)

---

(2) 'മിഷ്ന' എന്ന സംജ്ഞ "മനഃപാഠം പഠിക്കുക" എന്നർത്ഥമുള്ള ഹീബ്രൂധാതുവിൽനിന്നാണു് Cfr. Mishnayoth, Vol I P. 5 London 1951

(3) Dalmais: Eastern Liturgies; NewYork, 1961, P. 90 Botte, 'Lanaphore chaldeenne des Apotres; orient Christ. Periodica XV PP. 259–276, Rome 1949.

(4) Toledo Ms. Lileer ordinum of silos.

(5) ദിവന്നാസിയൂസ് ബർസലിബിയുടെ അനാഫറയിൽ അന്ത്യാത്താഴവിവരണമുണ്ടെങ്കിലും കൂദാശസ്ഥാപനവാക്കുകൾ ഇല്ല.

www.malankaralibrary.com

വിശുദ്ധകർബ്ബാനസ്വീകരണംവരെ: വി. ജസ്റ്റിൻെറ കർബ്ബാന വിവരണത്തിൽ കൗദാശികവാക്കുകളെത്തുടൎന്നു വി. കർബ്ബനാസ്വീകരണം നടക്കുന്നതായിട്ടാണു് നാം മുകളിൽ കണ്ടതു്. എന്നാൽ, ഇവയ്ക്കു രണ്ടിനുമിടക്കു നാലാംനൂററാണ്ടോടുകൂടി കർത്തൃപ്രാൎത്ഥനയും വിഭജനകർമ്മവും (Fraction) കടന്നുകൂടി. ഇപ്പോഠം ഇവ കൂടാതെ മററു പ്രാർത്ഥനയും ക്രിയകളും (വിഭജനം, കലൎത്തൽ—commixture) കർബ്ബാനയുടെ ഈ ഭാഗത്തുണ്ടു്. (1) വിശുദ്ധവസ്തു വിശുദ്ധൎക്കു യോജിച്ചതാകുന്നു (sancta sanctis) എന്ന മുന്നറിയിപ്പോടെ ജനങ്ങളെ ദിവ്യകാരുണ്യസ്വീകരണത്തിനു ക്ഷണിക്കുന്നതും, അതിനു മറുപടിയായി ജനങ്ങഠം ത്രിത്വത്തിലുള്ള വിശ്വാസം ഏററുപറയുന്നതും എല്ലാ പൗരസ്ത്യറീത്തുകളിലും ഇന്നു നടപ്പുണ്ടു്. (2) ബൈസൻറയിൻറീത്തിൽ തിരുവോസ്തി നാലായിട്ടുമുറിച്ചു് ഒരുഭാഗം തിരുരക്തത്തിൽ ഇടുന്നു. ഒരുഭാഗം കാർമ്മികനും ശുശ്രൂഷികളും, രണ്ടുഭാഗങ്ങഠം ജനങ്ങളും കൈക്കൊള്ളുന്നു. വിശുദ്ധകർബ്ബാന സ്വീകരണത്തിനുമുമ്പു് തിരുരക്തത്തിൽ അല്പം ചൂടുവെള്ളം (Zeon) ചേൎക്കുന്ന രീതി ബൈസൻറയിൻറീത്തിൽ മാത്രമേ ഉള്ളൂ. 'പരിശുദ്ധാത്മാവിയാൽ സംപൂൎണ്ണമായ വിശ്വാസതീവ്രത' എന്നു പറഞ്ഞുകൊണ്ടാണു് ദിയാക്കോൻ കുരിശാകൃതിയിൽ ചൂടുവെള്ളം ഒഴിക്കുന്നതു്. ഇതിൻെറ ഉത്ഭവത്തെപ്പററിയും, സൂചനാർത്ഥത്തെപ്പററിയും വിവിധാഭിപ്രാ

---

(1) കർബ്ബാനയ്ക്കു വലിയ അപ്പം ഉപയോഗിച്ചിരുന്നതുകൊണ്ടു് വിശ്വാസികളുടെ കർബ്ബാനസ്വീകരണത്തിനു് അതു ചെറുകഷണങ്ങളാക്കേണ്ടിവന്നു. ഈ ക്രിയയ്ക്കു പില്ക്കാലങ്ങളിൽ സൂചനാൎത്ഥങ്ങഠം നല്കപ്പെട്ടു. അതിനോടനുബന്ധിച്ചു ക്രമേണ പ്രാൎത്ഥനകളും ചേൎത്തുണ്ടായതാണു് ഇന്നത്തെ വിഭജന ശുശ്രൂഷ.

(2) പാശ്ചാത്യറീത്തുകളിൽ മൊസാറബിക്കുറീത്തിലേ ഈ ക്രമമുള്ളൂ.

www.malankaralibrary.com

യങ്ങളുണ്ട്. അർമേനിയൻ ക്രമമനുസരിച്ച് വിഭജനത്തിനു മുമ്പ് ബലിവസ്തുക്കാം സംവഹിച്ചുകൊണ്ട് കാർമ്മികൻ ജനങ്ങളുടെനേരെ തിരിഞ്ഞ് ആശീർവ്വദിക്കുന്നു. അകത്തോലിക്കരുടെ ഇടയിൽ ഇതിനുമുമ്പ് അപ്പം മുഴുവനായി തിരുരക്തത്തിൽ മുക്കാറുണ്ട്. സിറിയൻ റീത്തിൽ സീറോ_മലബാർ റീത്തിലെ പഴയ കർബാനക്രമത്തിലുണ്ടായിരുന്ന 'ആവാദ്ക്കശ്ത്താ' എന്ന പ്രാത്ഥന ഈ സമയത്തു കാർമ്മികൻ ചൊല്ലുന്നു. "വിശുദ്ധവസ്തു വിശുദ്ധക്ക്" എന്നു ചൊല്ലുമ്പോാം കാർമ്മികൻ പീലാസായിലെ തിരുവോസ്തി ഉയർത്തുകയും അതുകൊണ്ട് കണ്ണുകാം സ്പർശിച്ച ശേഷം അതു ചുംബിച്ചിട്ട് താഴെവയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരം തന്നെ പീലാസായും ഉയർത്തുന്നു. ഇങ്ങനെ രണ്ടുപ്രാവശ്യം ഉയർത്തുന്നു. ഈ റീത്തിന്റെ പ്രത്യേകതയാണിത്. (3) ഈ റീത്തിൽ വിഭജനക്രിയ വളരെ സങ്കീർണ്ണമാണ്. മാറോനീത്താറീത്തിൽ രണ്ടു പ്രാവശ്യം തിരുവോസ്തികൊണ്ടു തിരുരക്തം റശ്മ ചെയ്യുന്നു. (4) വിഭജനത്തിനുശേഷം തിരുവോസ്തിയുടെ ഒരുഭാഗം കാസായിലിടുന്നതിനുമുമ്പാണ് കർത്തൃപ്രാത്ഥനയും കർബാനസ്വീകരണത്തിനുള്ള ക്ഷണവും. കൽദായ റീത്തുകളിൽ വിഭജനത്തിനുമുമ്പ് കാർമ്മികന്റെ കൈകാം ധൂപിക്കുകയും, തിരുവോസ്തി ചുണ്ടുകൊണ്ട് (സ്പർശിക്കാതെ) കുരിശടയാളത്തിൽ ചുംബിക്കുകയും ചെയ്യുന്നു. ഈ റീത്തുകളിൽ തിരുശ്ശരീരത്തിന്റെ ഒരുഭാഗം തിരുരക്തത്തിൽ

---

(3) ഇപ്രകാരം പ്രത്യേകമായി ബലിവസ്തുക്കാം രണ്ടു പ്രാവശ്യം ഉയർത്തുന്ന രീതി ഒരാളെ ബഹുമാനിക്കുന്നതിന് അയാളെ എടുത്തുകൊണ്ടുനടക്കുന്ന പൗരസ്ത്യസമ്പ്രദായത്തിൽ അധിഷ്ഠിതമാണ് (ദൈവാലയത്തിൽ നിന്നു കല്യാണവീട്ടിലേക്ക് നവദമ്പതികളെ 'നടവിളിച്ച്' എടുത്തുകൊണ്ടുപോകുന്നതുപോലെ). A. king. I. 188. op. ext.

(4) സീറോ_മലങ്കരറീത്തിൽ വിവിധതരത്തിലുള്ള വിഭജനശുശ്രൂഷയുണ്ട്. (Cfr. Mar. Ivanios, A hand book of the Holy Mass.

www.malankaralibrary.com

കലത്തുന്നില്ല. കോപ്ററികറീത്തിൽ കാർമ്മികൻ ഈ സമയത്തു പാപമോചനപ്രാർത്ഥന ചൊല്ലുന്നു. പാപം മോചിക്കുവാൻ ക്രിസ്തു പത്രോസിനു നല്കിയ അധികാരം അനുസ്മരിച്ചുകൊണ്ടു പ്രവൃത്തിയിലും വാക്കിലും ചെയ്ത പാപങ്ങൾ പൊറുക്കണമെന്നാണ് ഇതിൽ കാർമ്മികൻ പ്രാർത്ഥിക്കുന്നതു്. എത്യോപ്യൻ റീത്തിൽ ഇവിടെയൊരു അനുതാപപ്രാർത്ഥനകൂടിയുണ്ടു്.

സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയിൽ "നാളത്തെ ഭക്ഷണം ഞങ്ങൾക്കിന്നു തരിക" എന്നാണ് കോപ്റ്റിക് റീത്തിൽ ചൊല്ലുന്നതു്. നാളയെപ്പററി ആകുലരാകരുതു് (മത്ത. 6–34) എന്ന ക്രിസ്തുവിൻെറ പ്രബോധനത്തിനു വിരുദ്ധമായിത്തോന്നുന്ന ഈ വാക്യം വളരെ പുരാതനകാലംമുതൽ ഈ സഭയിൽ ചൊല്ലിവരുന്നതാണ്. ഗ്രീക്കു ഭാഷാപണ്ഡിതന്മാരുടെ അഭിപ്രായമനുസരിച്ചു, എപ്പി ഊസിയോൻ (super substatial) എന്ന വാക്ക് തെററിച്ചു 'എപ്പൂസോൻ' (നാളത്തെ) എന്നു വായിച്ചുപയോഗിച്ചതായിരിക്കാം ഈ വ്യത്യാസത്തിനു കാരണം.

## വിശ്വാസികളുടെ ദിവ്യകാരുണ്യ സ്വീകരണം

ഇടക്കാലങ്ങളിലുണ്ടായ നിയമംമൂലം മാറൊനീത്താ, അർമ്മേനിയൻ (കത്തോലിക്കർ) എന്നീ റീത്തുകളിൽ അപ്പത്തിൻെറ സാദൃശ്യത്തിലേ വിശ്വാസികൾക്കു വിശുദ്ധകുർബാന നല്കുന്നുള്ളു. ഈ രണ്ടു റീത്തിലും മുട്ടുകുത്തിക്കൊണ്ടാണ് കുർബാന സ്വീകരിക്കുന്നതു്. മററു റീത്തുകളിൽ, സാമാന്യമായിപ്പറഞ്ഞാൽ, ദിവ്യബലിയ്ക്കിടയ്ക്കു രണ്ടു സാദൃശ്യത്തിലും നല്കുന്നുണ്ടു്. ഇതിനു രണ്ടു സാദൃശ്യങ്ങളും പ്രത്യേകം പ്രത്യേകം നല്കുകയോ തിരുവോസ്തിയിൽ തിരുരക്തം പുരട്ടിക്കൊടുക്കുകയോ ചെയ്യുന്നു. കോപ്റ്ററികറീത്തിൽ കാർമ്മികൻ തിരുവോസ്തി നല്കിയശേഷം ദിയാ

www.malankaralibrary.com

ക്കോൻ തിരുരക്തം കയിൽകൊണ്ടു പകൎന്നുകൊടുക്കുന്നു. അവസാനം അല്പം വെള്ളവും വിശ്വാസികൾ കവിൾക്കൊള്ളുന്നു. തിരുവോസ്തി തിരുരക്തത്തിൽ മുക്കിയും കോപ്റ്ററിക്റീത്തിൽ നല്കാറുണ്ടു്. അകത്തോലിക്കരുടെയിടയിൽ വി. കുർബാന ദൈവാലയത്തിൽ സൂക്ഷിക്കാത്തതുകൊണ്ടു രോഗികൾക്കു് ആവശ്യപ്പെടുമ്പോളൊക്കെ വൈദികൻ ദിവ്യബലി അൎപ്പിക്കുന്നു. തിരുരക്തംകൊണ്ടു തിരുവോസ്തിയിന്മേൽ രണ്ടു കുരിശു വരച്ചാണു് രോഗികൾക്കു ദിവ്യകാരുണ്യം നല്കുക. കൽദായർ പഴയകാലത്തു രണ്ടു സാദൃശ്യവും വേർതിരിച്ചു നല്കിയിരുന്നു. (1) നെസ്തോറിയൻക്രമത്തിൽ ഇപ്പോഴും അപ്രകാരം ചെയ്യുന്നുണ്ടു്. പ്രായമായവർ തിരുവോസ്തി കൈയിൽ വാങ്ങി ഉൾക്കൊള്ളുന്നു. (കൈക്കൊള്ളൽ 1) പുനരുദ്ധരിച്ച സീറോ—മലബാർ ക്രമമനുസരിച്ചു ദിയാക്കോനു കാസ പാനംചെയ്യാം. രണ്ടുസാദൃശ്യത്തിലും വിശ്വാസികൾക്കു ദിവ്യകാരുണ്യം നല്കണമെന്നാണു പൊതുവായ നിൎദ്ദേശം. എന്നാൽ, താല്ക്കാലികസാഹചര്യങ്ങളെ പരിഗണിച്ചും ഐകരൂപ്യത്തിനുവേണ്ടിയും കേരളസുറിയാനിസഭാമേലദ്ധ്യക്ഷസംഘം ചെയ്തിരിക്കുന്ന തീരുമാനം ഇപ്രകാരമാണു്. "ദിവ്യകാരുണ്യം അപ്പത്തിന്റെ സാദൃശ്യത്തിൽമാത്രം നല്കിയാൽ മതി. എന്നാൽ, ഓരോ കുർബാനയിലും കൂദാശചെയ്യപ്പെടുന്ന പത്തിരികളുടെമേൽ, തിരുരക്തത്തിൽ മുക്കിയ തിരുവോസ്തിയുടെ ഭാഗംകൊണ്ടു പൊതുവായി കുരിശടയാളം വരക്കണം. പട്ടം, വിവാഹം മുതലായ വിശേഷാവസരങ്ങളിൽ തിരുവോസ്തി തിരുരക്തത്തിൽ മുക്കിക്കൊടുക്കുന്നതു നന്നായിരിക്കും." എത്യോപ്യൻ റീത്തിൽ വൈദികൻ തിരുവോസ്തി നല്കുമ്പോൾ, "സത്യമായും ഇതു നമ്മുടെ ദൈവമായ എമ്മനുവേലിന്റെ വിലയേറിയ ശരീരവും സ്വൎഗ്ഗത്തിൽനിന്നിറങ്ങിയ ജീവന്റെ അപ്പവുമാകുന്നു" എന്നു പറയുന്നു. തിരുരക്തം നല്കുന്ന ദിയാക്കോൻ ഇപ്രകാരം ചൊല്ലുന്നു. "ഇതു സ്വൎഗ്ഗത്തിൽനിന്നിറങ്ങിയ ജീവന്റെ കാസയാകുന്നു." ഇതു ക്രിസ്തുവിന്റെ വിലയേറിയ രക്തമാ

(1) Vellian op. cit: 26

www.malankaralibrary.com

കുന്നു.'' മൈബസൻറയീൻറീത്തിൽ ദിയാക്കോൻ തിരു വോസ്തി, കൈപ്പത്തികൾ ഒന്നിനു മീതെ മററു കുരിശാകൃതി യിൽ പിടിച്ചു കൈയ്യിൽ വാങ്ങി ഉൾക്കൊള്ളുന്നു. കാർമ്മികൻ ദിയാക്കോനെ കാസാ കുടിപ്പിച്ചശേഷം, "ഇതു നിൻെറ അധര ങ്ങൾ സ്പർശിക്കുകയും നിൻെറ അപരാധങ്ങൾ നീക്കിക്കളയുകയും പാപങ്ങൾ കഴുകിക്കളയുകയും ചെയ്യും'' എന്നു പറയുന്നു. തിരു വോസ്തി മുഴുവനായി കാസായിലിടുകയാണെങ്കിൽ കയിൽകൊ ണ്ടും, പീലാസായിൽവച്ചു തിരുരക്തം തളിക്കുകമാത്രമാണു ചെയ്യു ന്നതെങ്കിൽ കൈകൊണ്ടുമാണ് വിശ്വാസികൾക്കു തിരുശ്ശരീര രക്തങ്ങൾ നല്കുക. അർമ്മേനിയൻ അകത്തോലിക്കർക്കു കാ ർമ്മികൻ തിരുവോസ്തി തിരുരക്തത്തിൽ മുക്കിക്കൊടുക്കുന്നു. സിറി യൻറീത്തിലും മലങ്കരറീത്തിലും തിരുരക്തത്തിൽ നനച്ചാണ് തി രുവോസ്തി നല്കുന്നതു്. "നമ്മുടെ കർത്താവായ ഏശുമിശിഹായുടെ തിരുശ്ശരീരവും തിരുരക്തവുമാകുന്ന ഈ തീക്കട്ട രണ്ടുലോകങ്ങളു ടെ കടങ്ങൾക്കും പാപങ്ങളുടെ മോചനത്തിനുമായി നല്കപ്പെ ടുന്നു'' എന്നു ചൊല്ലിക്കൊണ്ടാണ്.

## വി. കുർബ്ബാനയുടെ വാഴ്‌വ്

വി. കുർബാനയിൽ സന്നിഹിതനായ ദൈവമായ ക്രിസ്തു റിനെ ആരാധിക്കുന്നതിനും അനുഗ്രഹം സ്വീകരിക്കുന്നതിനുമുള്ള താണല്ലോ ലത്തീൻസഭയിലെ വി. കുർബ്ബാനയുടെ വാഴ്‌വ്. പൗ രസ്ത്യറീത്തുകളിൻ പലതിലും ഇപ്രകാരം ദിവ്യബലിയിൽ വി. കുർബാനസ്വീകരണത്തിനുമുമ്പ് കാർമ്മികൻ കൂദാശചെയ്യപ്പെട്ട ബലിവസ്തുക്കൾ ജനങ്ങളെ ഉയർത്തിക്കാണിക്കുന്നു. അർമ്മേനി യൻറീത്തിൽ നമുക്കു ദൈവത്തെ ആരാധിക്കാമെന്നു ദിയാക്കോൻ പറയുന്നതിനെ തുടന്നു കാർമ്മികൻ ബലിവസ്തുക്കൾ രണ്ടും വെ വ്വേറെ ഉയർത്തിയശേഷം അവ രണ്ടു കരങ്ങളിലെടുത്തുകൊണ്ടു ജനങ്ങളുടെനേരെ തിരിഞ്ഞു് ആശീർവ്വദിക്കുന്നതു് ഇതിനു മകുടോ ദാഹരണമാണ്. വി. കുർബാനസ്വീകരണത്തിനുശേഷവും ബ

www.malankaralibrary.com

ലിവസ്തുക്കാംകൊണ്ടു ചില റീത്തുകളിൽ ആശീർവ്വദിക്കുന്നുണ്ടു്. സീറോമലങ്കരറീത്തിൽ കാർമ്മികൻ ഈ സമയം ആദ്യം പീലാസാകൊണ്ടും പിന്നീടു കാസാകൊണ്ടും ജനങ്ങളെ ആശീർവ്വദിക്കുന്നതു നാം കണ്ടിട്ടുണ്ടല്ലോ.

പൗരസ്ത്യറീത്തുകാംക്കു സ്വകീയമായ ഈ ആരാധനയും വാഴ്‌വും വി. കുർബാനയ്ക്കിടയ്ക്കാണ്. ദിവ്യബലിയ്ക്കു പുറത്തു ലത്തീൻക്രമത്തിലുള്ള വി. കുർബാനയുടെ വാഴ്‌വു് വിശ്വാസികാംക്കു് ഏററം ഉപകാരപ്രദമായ ഭക്തികൃത്യമാണെന്നു മനസ്സിലാക്കി മിക്കവാറും എല്ലാ പൗരസ്ത്യറീത്തുകാരും ഈ ആരാധനച്ചടങ്ങു സ്വീകരിച്ചു. (2) എന്നാൽ സീറോ—മലബാർറീത്തൊഴിച്ചു മറെറല്ലാവരും അവരുടെ റീത്തിൻെറ പ്രകൃതത്തിനനുസ്രതമായ പ്രാത്ഥനകളും കീത്തനങ്ങളും ചേത്താണു് വി. കുർബാനയുടെ വാഴ്‌വു നടത്തുന്നതു്. സീറോ—മലങ്കരസഭയിൽ ആദ്യകാലത്തു് സീറോ—മലബാർ സഭയിൽ ഇന്നുപയോഗിക്കുന്ന ലത്തീൻ ക്രമതജ്ജമ ഉപയോഗിച്ചെങ്കിലും ഇന്നു സിറിയൻ ആരാധനക്രമത്തിൽനിന്നു ചേത്ത പ്രാത്ഥനകാം കൂട്ടിച്ചേത്തു് സ്വന്തമായ ക്രമമുണ്ടാക്കിയിട്ടുണ്ടു്.

(1) കൽദായറീത്തിൽ ഇതില്ല.

(2) റഷ്യൻറീത്തിൽ ഇപ്രകാരമുള്ള കുർബാനയുടെ വാഴ്‌വു് സ്വീകരിച്ചിട്ടില്ല.

## ദിവ്യവിരുന്നിൻെറ സമാപനം

കാമ്മികനും വിശ്വാസികളും ദൈവികവിരുന്നിൽ ഇപ്രകാരം പങ്കുകൊള്ളുന്നു. എല്ലാറീത്തുകളിലും അടുത്തതായി കൃതജ്ഞതാപ്രകടനമാണ്. ഗായകസംഘവും നന്ദിസൂചകങ്ങളായ ഗാനങ്ങാം ആലപിക്കുന്നു. വൈദികൻ പ്രാത്ഥന ചൊല്ലി ജനങ്ങളെ ആശീർവ്വദിക്കുന്നു. അധികം പുരാതനമല്ലാത്ത ഈ ചടങ്ങോടു കൂടി ഓരോറീത്തിലും ഓരോ പ്രത്യേകത കാണാം. ബൈസൻറയിൻ, അർമ്മേനിയൻ, കോപ്റ്റിക്, എത്യോപ്യൻറീത്തുകളി

www.malankaralibrary.com

ലും ചില അവസരങ്ങളിൽ സിറിയൻറീത്തിലും ദിവ്യബലിയിൽ ഉപയോഗിച്ചതിൻെറ ബാക്കി (അപ്പം കൂദാശചെയ്യാത്തതു്) ആശീർവ്വദിച്ചു ജനങ്ങൾക്കു വീതിച്ചുകൊടുക്കുന്നു. സീറോമലങ്കര റീത്തിൽ ദിവ്യബലിയുടെ അന്ത്യത്തിൽ ജനങ്ങൾ കാർമ്മികൻെറ കരം ചുംബിക്കാറുണ്ടു്.

സിറിയൻ, മാറോനീത്താ, സീറോ_മലബാർ എന്നീ റീത്തുകളിൽ കാർമ്മികൻ അൾത്താരയോടു യാത്രപറയുന്ന പ്രാർത്ഥന ഹൃദയസ്പർശിയാണു്. സീറോ_മലബാർറീത്തിലുള്ള ഈ പ്രാർത്ഥന മാറോനീത്താറീത്തിൽനിന്നു സ്വീകരിച്ചിട്ടുള്ളതാണു്. "വിശുദ്ധീകരണത്തിൻെറ ബലിപീഠമേ സ്വസ്തി, ഞങ്ങളുടെ കർത്താവിൻെറ കബറിടമേ സ്വസ്തി. നിന്നിൽനിന്നു ഞാൻ സ്വീകരിച്ച കർബാന എൻെറ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനുമായിബ്ഭവിക്കട്ടെ. ഇനിയും ഒരു ബലി നിൻെറമേൽ അർപ്പിക്കുവാൻ ഞാൻ വരുമോ ഇല്ലയോ എന്നെനിക്കറിഞ്ഞുകൂടാ."

മാറോനീത്താറീത്തിലെ വിടവാങ്ങൽ പ്രാർത്ഥന അല്പം വ്യത്യാസത്തോടുകൂടിയതാണു്. "വിശുദ്ധബലിപീഠമേ സ്വസ്തി. സമാധാനത്തിൽ ഞാൻ നിന്നിലേക്കു തിരിച്ചുവരും. നിന്നിൽ നിന്നു................ മോചനത്തിനുമായിബ്ഭവിക്കട്ടെ. ക്രിസ്തുവിൻെറ സിംഹാസനത്തിനു മുമ്പിൽ നിഷ്കളങ്കനായും നിർമ്മലനായും നില്ക്കുന്നതിനു് അതെന്നെ സഹായിക്കട്ടെ. ഇനിയുമൊരു ബലി............അറിഞ്ഞുകൂടാ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സിറിയൻറീത്തിൽ ഇതിലും ദൈർഘ്യമുള്ള പ്രാർത്ഥനയാണു്. അതവസാനിക്കുന്നതു്, "പരിശുദ്ധയായ ബലിപീഠമേ, ജീവൻെറ മേശയേ, നീ സമാധാനത്തിലാശ്വസിക്കുക. നിന്നെപ്പററിയുള്ള എൻെറ ഓർമ്മ അവസാനിക്കാതിരിക്കാൻവേണ്ടി നമ്മുടെ നാഥനായ ഈശോമിശിഹായോടു് എനിക്കുവേണ്ടി പ്രാർത്ഥിക്കുക.

www.malankaralibrary.com

അർമ്മേനിയൻകർബാനക്രമത്തിൽ റോമൻകർബാനയിലുള്ളതുപോലെ അവസാനം വി. യോഹന്നാൻെറ സുവിശേഷം ആദ്യാദ്ധ്യായഭാഗം ചൊല്ലുന്നുണ്ടു്. അതിനെത്തുടൎന്നു്, "ദൈവമായ മിശിഹായേ, ഞങ്ങളെ സമാധാനത്തിൽ നിൻെറ കുരിശിൻെറ തണലിൽ സംരക്ഷിക്കണമേ. ദൃശ്യവും അദൃശ്യവുമായ ശത്രുക്കളിൽനിന്നു ഞങ്ങളെ രക്ഷിക്കുകയും പിതാവിനോടും പുത്രനോടും കൂടെ നിന്നെ കൃതജ്ഞതാപൂൎവ്വം സ്തുതിക്കുന്നതിനു ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ" എന്നു പ്രാൎത്ഥിച്ചശേഷം കാൎമ്മികൻ ജനങ്ങളെ ആശീൎവ്വദിക്കുന്നു. പരിശുദ്ധാത്മാവിയുടെ കൃപയാൽ നിങ്ങൾ അനുഗൃഹീതരാകട്ടെ. സമാധാനത്തിൻ പോകുവിൻ. നാഥൻ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ."

കോപ്ററിക്‌റീത്തിൽ അവസാനം കാൎമ്മികൻ ജനങ്ങളുമൊത്തു സ്വൎഗ്ഗസ്ഥനായ പിതാവേ എന്ന പ്രാൎത്ഥന ചൊല്ലുന്നു. സീറോമലബാർ, കൽദായറീത്തുകളിലും ഇപ്രകാരം ചൊല്ലുന്നുണ്ടു്. (1) പല റീത്തുകളിലും ദിയാക്കോൻ "നമുക്കു സമാധാനത്തിൽ പോകാം", "സമാധാനത്തിൽ പോകുവിൻ" എന്നിങ്ങനെ പറഞ്ഞു ജനങ്ങളെ പിരിച്ചുവിടുന്നു. അന്ത്യോക്യൻറീത്തുകളിൽ ഈ സമയം കാർമ്മികൻ ജനങ്ങളോടുച്ചരിക്കുന്ന വാക്കുകൾ ഹൃദയസ്പൎശിയാണു്: "കൎത്താവിൻെറ പാപപ്പരിഹാരം ചെയ്യുന്ന യാഗപീഠത്തിൽനിന്നു നിങ്ങൾ കൈക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളോടും യാത്രാഭക്ഷണത്തോടുംകൂടെ.................സമാധാനത്തോടെ പോകുവിൻ............ കൎത്താവിൻെറ സ്ലീവായാൽ രക്ഷപ്രാപിച്ചവരും വി. മാമ്മോദീസയാൽ മുദ്രിതരും ആയവരേ, ഈ ക്രമം നിങ്ങളുടെ കടങ്ങളെ പരിഹരിക്കുകയും................നിങ്ങളുടെ മരിച്ചവരെ ആശ്വസിപ്പിക്കുകയും ചെയ്യും. നിങ്ങൾ സന്തോഷിച്ചാനന്ദിച്ചു പോകുവിൻ. എന്നേയ്ക്കും എനിയ്ക്കുവേണ്ടി പ്രാൎത്ഥിക്കുകയും ചെയ്യുവിൻ." കോപ്ററിക്‌റീത്തിൽ അപ്പം ആശീൎവ്വദിച്ചുകൊടുക്കുകയും ജനങ്ങളുടെമേൽ വെള്ളം തളിയ്ക്കുകയും ചെയ്യുന്നു.

www.malankaralibrary.com

(1) ഈ റീത്തുകളിൽ മൂന്നു പ്രാവശ്യം 'സ്വർഗ്ഗസ്ഥനായ പിതാവേ' ചൊല്ലുന്നുണ്ടു്.

## ഉപസംഹാരം

അതിപ്രാചീനവും അതോടൊപ്പം പ്രശംസനീയവുമായ പൗ. റീത്തുകൾ ക്രൈസ്തവസഭയുടെ ബൃഹത്തായ സ്വത്താണെന്നു മാർപ്പാപ്പമാർ സാക്ഷിച്ചതു് (മുഖവുര) ശരിയാണെന്നു് ഈ ഗ്രന്ഥത്തിൽ ഉടനീളം നാം ദർശിച്ചു. സൈ്വരമായ അന്തരീക്ഷത്തിൽ പുതുപുതുനാമ്പുകളുയർത്തിയ ആരാധനക്രമങ്ങൾ തമ്മിലുള്ള വ്യത്യാസം ശ്രദ്ധേയവും വിജ്ഞേയവുമാണെന്നു നമുക്കു മനസ്സിലായി. അതോടൊപ്പം അവയ്ക്കുള്ള ഐക്യരൂപ്യവും പൊരുത്തവും അനുവാചകർ വായിച്ചറിഞ്ഞു. ഈ റീത്തുകളെല്ലാം ഇന്നു സമശീഷ്കത്വം സ്വീകരിച്ചു സഭാംബികയുടെ ലാളനമേററു വളർന്നു വരുന്നു.

അന്ത്യത്താഴത്തിൽ അപ്പവും വീഞ്ഞും എടുത്തു വാഴ്ത്തി കൊടുത്തതു് അപ്രകാരം ചെയ്യാൻ ആജ്ഞാപിച്ച ക്രിസ്തുവിനെ അനുസരിച്ചും അനുകരിച്ചും ഈ ദിവ്യബലിക്രമങ്ങളിലെല്ലാം ബലിവസ്തുക്കളൊരുക്കി, കാഴ്ചവയ്ക്കൽ, കൂദാശചെയ്യൽ, വി. കുർബാന കൈക്കൊള്ളൽ എന്നു മൂന്നു പ്രധാനചടങ്ങുകൾ അനുഷ്ഠിക്കപ്പെടുന്നുണ്ടു്. ആദിമക്രൈസ്ത്യാനികൾ ചെയ്തിരുന്നതുപോലെ ഇവയിൽ ഒന്നാമത്തെ ഘടകത്തിനുമുമ്പു് അദ്ധ്യയനക്കുർബാന നടത്തുന്നതു് ഇന്നു കൽദായറീത്തുകളിലേ ഉള്ളു. കാഴ്ചവയ്ക്കുന്നതിനു ബലിവസ്തുക്കൾസംവഹിക്കുന്ന ചടങ്ങു് ഏററം ആഘോഷമായി നടത്തുന്നതു് ബൈസൻറയിൻറീത്തിലാണു്. (വലിയപ്രവേശനം) കാർമ്മികൻ ആദ്യമായി അൾത്താരയെ സമീപിക്കുന്നതു് കാഴ്ചവയ്പിന്റെ സമയത്താണെന്നു് സ്പഷ്ടമായി കാണിക്കുന്ന പ്രാർത്ഥനകളും ക്രമങ്ങളും കൽദായറീത്തുകളിലേ അവശേഷിച്ചിട്ടുള്ളു. വിശ്വാസപ്രമാണത്തിനുശേഷം മൂന്നുപ്രാവശ്യം 'മാത്തോനിയ' ആചാരം

www.malankaralibrary.com

ചെയ്തു. "ജീവദായകവും ദൈവികവും വിശുദ്ധവുമായ ബലിവസ്തുക്കളെ സമീപിക്കാൻ തന്നെ യോഗ്യനാക്കിയ" പിതാവിനു നന്ദിപ്രദർശിപ്പിക്കുന്ന പ്രാർത്ഥനചൊല്ലി കാർമ്മികൻ അംത്താരയെ സമീപിക്കുന്നതാണ് ഇവിടെ വിവക്ഷിക്കുന്നതു്. വിശ്വാസികൾ ദിവ്യബലിയിലുള്ള സജീവമായ ഭാഗഭാഗിത്വം ഈ റീത്തുകളിലെല്ലാം സ്പഷ്ടമായി കാണാം. മുന്നറിയിപ്പുകൾ നല്കിയും പ്രാർത്ഥന ചൊല്ലിക്കൊടുത്തും ഡിയാക്കോൻ ഈ ഭാഗഭാഗിത്വത്തിനു ജനങ്ങളെ സഹായിക്കുന്നു.

പൗരസ്ത്യാരാധനക്രമങ്ങളെ താരതമ്യപ്പെടുത്തി പഠിച്ചതിൽ നിന്നു് സീറോമലബാർ സഭയുടെ കുർബാനക്രമം പുനരുദ്ധരിച്ചതോടെ പൗരസ്ത്യചൈതന്യസമ്പൂർണ്ണമായി എന്ന് അനുമാനത്തിലെത്തിച്ചേരാൻ ഗ്രന്ഥകാരനെപ്പോലെ അനുവാചകർക്കും വൈഷമ്യമുണ്ടാകുകയില്ലെന്നു കരുതുന്നു. അംഗഭംഗപ്പെട്ട ആ ആരാധനക്രമം ഇപ്പോൾ അംഗലാവണ്യം സ്വീകരിച്ചു. പുരാതനറീത്തിലേക്കു തിരിച്ചുചെന്നപ്പോൾ അപ്പസ്തോലികാരംഭവും സഭാപിതാക്കന്മാരുടെ ഉടമസ്ഥതയുമാണ് അതു കണ്ടെത്തിയതു്. കൊള്ളേണ്ടതു കൊണ്ടും തള്ളേണ്ടതു തള്ളിയും പൗരസ്ത്യറീത്തിന്റെ തനിനിറം അതു കണ്ടെത്തി. തിരുവസ്ത്രങ്ങൾ, മുട്ടുകുത്തൽ, വേദപുസ്തകവായനകൾ, വിശ്വാസപ്രമാണം, കൗദാശികവാക്കുകൾ, രണ്ടു സാദൃശ്യങ്ങളിലുമുള്ള ദിവ്യകാരുണ്യസ്വീകരണം എന്നിങ്ങനെ പലഘടകങ്ങളിലും അതിപ്പോൾ മററു പൗരസ്ത്യാരാധനക്രമങ്ങളുടെ സവർണ്ണമായി.

ക്രൈസ്തവരെങ്കിലും ഭിന്നിച്ചും വിഭജിച്ചും വ്യത്യസ്ത സിദ്ധാന്തങ്ങൾമൂലം ചിതറിക്കിടക്കുന്ന വിവിധ സഭകൾക്ക് പൊതുവായുള്ള തറവാട്ടുസ്വത്താണ് ആരാധനക്രമമെന്നു നാം ഗ്രഹിച്ചു. അവയിലെല്ലാം ദൈവസ്തുതിക്കും മനുഷ്യരക്ഷയ്ക്കുമായി ദിവ്യബലി അർപ്പിക്കപ്പെടുന്നു. 'ദൈവമേ നീ പരിശുദ്ധനാകുന്നു, ബലവാനേ നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു'വെന്നു എല്ലാവരും ഏററുപറയുന്നു. ദിവ്യബലിയിൽ

www.malankaralibrary.com

അർപ്പിക്കപ്പെടുന്ന കുഞ്ഞാടിന്റെ ശരീരം 'വിശുദ്ധർക്കുള്ള വിശുദ്ധവസ്തു'വാണെന്നു എല്ലാവരും സമ്മതിക്കുന്നു. കന്യകമറിയത്തെ പ്രകീർത്തിക്കുന്നതിൽ റീത്തുകൾ തമ്മിൽ മത്സരിക്കുന്നുവെന്നു തോന്നും. അവർക്കു ദൈവമാതാവു് എന്ന സ്ഥാനപ്പേരു നല്കാൻ വിരസത പ്രകടിപ്പിക്കുന്ന നെസ്തോറിയൻകാരും കന്യകമറിയത്തിനു വിശുദ്ധ മദ്ബഹായിൽ പൂജ്യസ്മരണയുണ്ടാകട്ടെ" എന്നു ദിവ്യബലിയിൽ പ്രാർത്ഥിക്കുന്നു. അവരുപയോഗിക്കുന്ന കാനോനനമസ്കാരത്തിൽ ഒരാഴ്ചത്തെ ആറു് ഇടദിവസങ്ങളിൽ അവളെ പ്രത്യക്ഷമായോ പരോക്ഷമായോ നൂറെറാന്നു പ്രാവശ്യം സ്മരിക്കുന്നുണ്ടു്. ത്രൈശുദ്ധകീർത്തനത്തോടു കോപ്റ്റിക് അകത്തോലിക്കർക്കു "കന്യകയിൽനിന്നു ജനിച്ചവൻ" എന്നു ചേർത്തു ചൊല്ലുന്നതിലാണു തൃപ്തി. അന്ത്യോക്യൻ ആരാധനക്രമങ്ങളിലെല്ലാം മാതാവിന്റെപേരിൽ പ്രത്യേക സെദറോയുണ്ടു്. കത്തോലിക്കാകത്തോലിക്കാഭേദമെന്യേ മരിച്ചവർക്കുവേണ്ടി മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നതു് കന്യകാമറിയമാണു്. "മാതാവു യാചിക്കും.... നാഥാ പുണ്യം നല്കിടു മരിച്ചോർക്കും." 'സർവ്വശുദ്ധയും അമലയും സൗഭാഗ്യസമ്പുഷ്ടയും മഹത്വമുള്ളവളും നിത്യകന്യകയും ദൈവമാതാവുമായ നാഥയെ ഓർത്തുകൊണ്ടാ"ണു് ബൈസൻറിയൻറീത്തിൽപ്പെട്ട കത്തോലിക്കരും ഓർത്തഡോക്സുകാരും ദിവ്യബലി അർപ്പിക്കുന്നതു്. സഭയിൽ ഐക്യവും സ്ഥിരതയും നല്കാൻ എല്ലാവരും വി. കുർബാനയിൽ പ്രാർത്ഥിക്കുന്നുണ്ടു്. ഏവർക്കും പൊതുവായുള്ള ആരാധനക്രമത്തിലൂടെ എല്ലാവരുടേയും മാതാവായ പരിശുദ്ധകന്യകമറിയം ക്രിസ്തുവിന്റെ സഭയ്ക്കു ഐക്യം പ്രദാനം ചെയ്യട്ടെ.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com